# പന്ത്രണ്ടാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

## നക്ഷത്രചിഹ്നമിട്ടചോദ്യം നം. 61 03.03.2010 ൽ മറുപടിക്ക്

## മുല്ലപ്പെരിയാറിൽ പുതിയ ഡാം നിർമ്മിക്കുന്നതിനുള്ള നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.സി.എം.ദിനേശ് മണി<br>ശ്രീ.എ.എം.യൂസഫ്<br>ശ്രീ.കെ.കെ.ജയചന്ദ്രൻ<br>ശ്രീ.അൽഫോൺസ് കണ്ണന്താനം<br>ശ്രീ.രാജു എബ്രഹാം | ശ്രീ.എൻ.കെ.പ്രേമചന്ദ്രൻ<br>ജലവിഭവ വകുപ്പു മന്ത്രി |

(എ) മുല്ലപ്പെരിയാർ ഡാമിന്റെ ജലനിരപ്പ് ഉയർത്തുന്നതുമായി ബന്ധപ്പെട്ട് സുപ്രീം കോടതിയിൽ നിലവിലുള്ള കേസിന്റെ ഇപ്പോഴത്തെ അവസ്ഥ എന്താണ് ;

(എ) മുല്ലപ്പെരിയാർ ഡാം തർക്കവുമായി ബന്ധപ്പെട്ട കേസ് പരിഗണിക്കുന്ന ഭരണഘടനാ ബെഞ്ച് കേസിന്റെ വാദം 19-1-2010 മുതൽ കേൾക്കുകയും മുല്ലപ്പെരിയാർ ഡാമിനെ സംബന്ധിച്ച പ്രശ്നങ്ങളും പരിശോധിച്ചതിനു ശേഷം തർക്ക വിഷയത്തെ കുറിച്ചുള്ള എല്ലാ വശങ്ങളും പഠിച്ചു നിർദ്ദേശങ്ങളുൾപ്പെടെയുള്ള ഒരു റിപ്പോർട്ട് സമർപ്പിക്കുന്നതിനായി ഒരു എംപവേർഡ് കമ്മിറ്റിയെ ചുമതലപ്പെടുത്തുകയും ചെയ്തു. ഒരു റിട്ടയേർഡ് സുപ്രീം കോടതി ജഡ്ജി ചെയർമാനായ പ്രസ്തുത സമിതിയിൽ സമിതി ചെയർമാനു മായി ആലോചിച്ച് കേരളത്തിനോടും തമിഴ്നാടിനോടും ഓരോ അംഗങ്ങളെ നോമിനേറ്റ് ചെയ്യാനും കൂടാതെ മുല്ലപ്പെരിയാർ ഡാം വിഷയത്തിൽ ഇതുവരെ ബന്ധപ്പെടാത്ത രണ്ട് ഉന്നത

സാങ്കേതിക വിദഗ്ധരെ നാമ നിർദ്ദേശം ചെയ്യാൻ കേന്ദ്ര ഗവൺമെന്റിനോടും നിർദ്ദേശിച്ചു. കൂടാതെ കഴിവതും ആറു മാസത്തിനകം സമിതി റിപ്പോർട്ട് നൽകുവാനും നിർദ്ദേശിച്ചു.

(ബി) കേരളത്തിന്റെ വാദം കോടതിയിൽ ശക്തമായി അവതരിപ്പിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ;

(ബി) സീനിയർ അഭിഭാഷകരായ ശ്രീ. ഹരീഷ് എൻ. സാൽവ, ശ്രീ.രാജീവ് ധവാൻ എന്നിവരും കൂടാതെ മുതിർന്ന അഭിഭാഷകരായ ശ്രീ.വി.ഗിരി, ശ്രീ. മോഹൻ കതാർക്കി എന്നിവരും സ്റ്റാൻഡിങ് കൗൺസൽ ശ്രീ.ജി.പ്രകാശും സുപ്രീം കോടതിയിൽ കേരളത്തിനു വേണ്ടി ഏറ്റവും ഫലപ്രദമായി വാദിക്കുന്നുണ്ട്. ചീഫ് എഞ്ചിനീയർ (I & A and ISW) ന്റെയും മുല്ലപ്പെരിയാർ സ്പെഷ്യൽ സെല്ലിന്റേയും, കാവേരി സ്പെഷ്യൽ സെല്ലിലെയും സാങ്കേതിക വിദഗ്ധർ കേസ് സംബന്ധമായ കാര്യങ്ങളിൽ കേരളത്തിന്റെ അഭിഭാഷകരുമായി വിശദമായ ചർച്ചകൾ നടത്തുന്നുണ്ട്.

സി) മുല്ലപ്പെരിയാറിൽ പുതിയ ഡാം നിർമ്മിക്കു ന്നതി നുള്ള നടപടികളുടെ ഇപ്പോഴത്തെ അവസ്ഥ എന്താണ്;

സി) പുതിയ മുല്ലപ്പെരിയാർ ഡാം നിർമ്മിക്കുന്നതിനുള്ള റിവർ സർവ്വേ പൂർത്തിയായി. പര്യവേഷണത്തിന്റെ ഭാഗമായി 5 ബോർ ഹോളുകൾ എടുക്കേണ്ടതിൽ 4 എണ്ണം ഇതിനകം പൂർത്തിയാക്കി. ബാക്കിയുള്ളതിന്റെ പണി പുരോഗമിച്ചു വരുന്നു. ജിയോളജിക്കൽ സർവ്വേ ഒഫ് ഇന്ത്യയും, സെസ്സും ചേർന്ന് നടത്തുന്ന ജിയോളജിക്കൽ പഠനം പുരോഗമിച്ചു വരുന്നു. ഡിസൈൻ തയ്യാറാക്കു ന്നതിനായി രൂപീകരിച്ച ഡിസൈൻ കമ്മിറ്റി ഡാം സൈറ്റ് സന്ദർശിച്ച് അലൈൻമെന്റ്

നിശ്ചയിച്ചു.
രൂപകല്പനയുമായി ബന്ധപ്പെട്ട ജോലികൾ തുടർന്നു വരുന്നു. ഡീറ്റൈൽഡ് പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള അനുബന്ധ ജോലികൾ നടന്നു വരുന്നു.

ഡി) പുതിയ ഡാം നിർമ്മിച്ചാൽ തമിഴ് നാടിന് നിയന്ത്ര ണാധികാരം വേണമെന്ന വാദത്തോട് സംസ്ഥാനത്തിന്റെ നിലപാട് വ്യക്തമാക്കുമോ ;

ഡി) പുതിയ ഡാം നിർമ്മിച്ചാൽ തമിഴ് നാടിന് നിയന്ത്രണാധികാരം വേണമെന്നുള്ള വാദത്തോട് കേരളത്തിന് യോജിപ്പില്ല.

ഇ) പുതിയ ഡാം നിർമ്മിക്കുന്നതിന് ശിരുവാണി അണക്കെട്ടിന്റെ വ്യവസ്ഥകൾ മാതൃകയാക്കാമെന്ന് കേരളം സുപ്രീം കോടതിയെ അറിയിച്ചിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ തമിഴ്നാടിന്റെ നിലപാട് എന്താണ് ?

ഇ) ബഹു. സുപ്രീം കോടതിയിൽ കേസിന്റെ വാദത്തിനിടെ പുതിയ ഡാമുമായി ബന്ധപ്പെട്ട്, അതിന്റെ നിർമ്മാണവും നിയന്ത്രണവും എങ്ങനെയായിരിക്കണമെന്ന് ഭരണഘടനാ ബെഞ്ച് ആരാഞ്ഞപ്പോൾ കേരളത്തിന്റെ അഭിഭാഷകർ ശിരുവാണി മാതൃകയിൽ നമ്മൾ ഡാം നിർമ്മിക്കുകയും നിയന്ത്രിക്കുകയും കരാറിന്റെ അടിസ്ഥാനത്തിൽ ജലം തമിഴ്നാടിന് നൽകുകയും ചെയ്യാവുന്നതാണെന്ന് ചൂണ്ടികാണിച്ചു. എന്നാൽ ഇതിനോട് തമിഴ്നാട് പ്രതികരിച്ചില്ല.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 62 — 03-03-2010ൽ മറുപടിക്ക്

## വിദ്യാലയാരോഗ്യ പദ്ധതി, കൗമാരാരോഗ്യ പദ്ധതി എന്നിവ നടപ്പിലാക്കാൻ നടപടി

| ചോദ്യം<br>ശ്രീ. പി.കെ. അബ്ദുറബ്ബ് :<br>ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : | ഉത്തരം<br>ശ്രീമതി പി.കെ. ശ്രീമതി ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി) |
|---|---|
| എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വിദ്യാലയാരോഗ്യ പദ്ധതി, കൗമാരാരോഗ്യ പദ്ധതി എന്നിവ നടപ്പിലാക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; | എ) ഉണ്ട് |
| ബി) എങ്കിൽ നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ; | ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 2007 ഡിസംബർ മാസം മുതൽ ഒരു മുഴുവൻ സമയ സ്കൂൾ ഹെൽത്ത് ക്ലിനിക്ക്, തിരുവനന്തപുരം കോട്ടൺഹിൽ ഗേൾസ് ഹയർ സെക്കന്ററി ഹൈസ്കൂളിൽ സ്ഥാപിച്ചു. ഒരു ഡോക്ടറുടേയും ഒരു സ്റ്റാഫ് നഴ്സിന്റെയും സേവനം ഇവിടെ ലഭ്യമാണ്. കൂടാതെ ആഴ്ചയിൽ മൂന്ന് ദിവസം ഒരു കൗൺസിലറുടെ സേവനവും ഈ ക്ലിനിക്കിൽ ലഭ്യമാണ്. 2009 ആഗസ്റ്റ് മുതൽ സംസ്ഥാനത്തുടനീളം വിദ്യാലയാരോഗ്യപദ്ധതി നടപ്പിലാക്കി വരുന്നു. ആരോഗ്യവകുപ്പും വിദ്യാഭ്യാസവകുപ്പും നാഷണൽ റൂറൽ ഹെൽത്ത് മിഷനും സംയുക്തമായാണ് ലളിതവും പ്രായോഗികവുമായ ഈ പുതിയ ആരോഗ്യപദ്ധതിയ്ക്ക് തുടക്കമിട്ടത്.<br><br>2009 ജൂലൈ -ആഗസ്റ്റ് മാസങ്ങളിൽ 14 ജില്ലകളിൽ നിന്നുമുള്ള ജില്ലാതല ഓഫീസർമാർക്ക് മൂന്ന് ദിവസം നീണ്ടു നിന്ന ട്രെയിനിംഗ് ഓഫ് ട്രെയിനേഴ്സ് (TOT) നടത്തി. തുടർന്ന് സ്കൂൾ ഹെൽത്ത് ടീം അംഗങ്ങൾക്ക് ട്രെയിനിംഗ് നടത്തി. സെപ്റ്റംബർ മാസം മുതൽ സ്കൂൾ ജെ.പി.എച്ച്.എൻ. മാർക്ക് 6 ദിവസവും, ആരോഗ്യവകുപ്പിലെ ആരോഗ്യപ്രവർത്തകർക്ക് 2 ദിവസവും, മെഡിക്കൽ ഓഫീസർമാർക്കും അദ്ധ്യാപകർക്കും 1 ദിവസം വീതവും ട്രെയിനിംഗ് സംസ്ഥാനത്തുടനീളം നടന്നു. ട്രെയിനിംഗ് കഴിഞ്ഞതോടെ സ്കൂൾ ജെ.പി.എച്ച്.എൻ. മാരുടെ നിയമനവും നടന്നു. ജെ.പി.എച്ച്.എൻ. മാർക്കു വേണ്ടി ഒരു കൈപ്പുസ്തകവും പ്രസിദ്ധീകരിച്ചു. ഹെൽത്ത് റിക്കോർഡ് തെരഞ്ഞെടുത്ത എല്ലാ സ്കൂളുകളിലും വിതരണം ചെയ്തു. പദ്ധതിക്കാവശ്യമായ മെഡിക്കൽ ഉപകരണങ്ങൾ ലഭ്യമാക്കാൻ നടപടി സ്വീകരിച്ചുവരുന്നു. ഈ പദ്ധതിപ്രകാരം 2,28,843 കുട്ടികൾക്ക് സ്ക്രീനിംഗ് പൂർത്തിയായി. ലഘുവായ രോഗങ്ങൾക്ക് ജെ.പി.എച്ച്.എൻ.-ന്റെ സേവനം 6,452 കുട്ടികൾക്കും പ്രാഥമിക ശുശ്രൂഷ 11,127 കുട്ടികൾക്കും ഇന്നുവരെ ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ മെഡിക്കൽ ഓഫീസറുടെ നേതൃത്വത്തിൽ സംസ്ഥാനത്തുടനീളം മെഡിക്കൽ ക്യാമ്പുകൾ നടന്നു വരികയാണ് |

...2

| | |
|---|---|
| | ഇന്നുവരെ 457 മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിച്ചു കഴിഞ്ഞു. ഈ അധ്യയന വർഷം തന്നെ 48 മെഡിക്കൽ ക്യാമ്പുകൾ കൂടി സംഘടിപ്പിക്കാൻ പരിപാടിയിട്ടിട്ടുണ്ട്.<br><br>കൗമാര ആരോഗ്യപദ്ധതിയുടെ പ്രാരംഭഘട്ടം തിരുവനന്തപുരം ജില്ലയിൽ എൻ.ആർ.എച്ച്.എം വഴി ചൈൽഡ് ഡെവലപ്മെന്റ് സെന്ററിന്റെ (സി.ഡി.സി) നേതൃത്വത്തിലാണ് നടപ്പിലാക്കുന്നത്. സി.ഡി.സി.യുടെ മേൽനോട്ടത്തിൽ ജില്ലയിൽ ഉടനീളം 75 മിനി പി.എച്ച്.സി. കളിലും, 9 ബ്ലോക്ക് പി.എച്ച്.സി. കളിലും നിയുക്ത ഡോക്ടർമാർക്കും നേഴ്സുമാർക്കും കൗമാര ആരോഗ്യപദ്ധതി പ്രകാരം പരിശീലനം നൽകിയിട്ടുണ്ട്. സി.ഡി.സി. നേരിട്ട് 5 താലൂക്ക് ആശുപത്രികളിലും, തിരുവനന്തപുരത്തെ പാങ്ങപ്പാറ ആരോഗ്യകേന്ദ്രത്തിലും ആഴ്ചയിൽ ഒരു ദിവസം വീതം കൗമാര ക്ലിനിക്കുകൾ നടത്തിവരുന്നു.<br><br>കൂടാതെ സാമൂഹ്യക്ഷേമ വകുപ്പ് മുഖേന കിശോരി ശക്തി യോജന പദ്ധതിയിൻ കീഴിൽ 2008-09 വർഷം മുതൽ സംസ്ഥാനത്തെ തെരഞ്ഞെടുത്ത 163 സ്കൂളുകളിലെ കൗമാരപ്രായക്കാരായ പെൺകുട്ടികൾക്ക് അവരുടെ വ്യക്തിത്വ വികസനം സാധ്യമാക്കുന്നതിനും ആത്മവിശ്വാസം വളർത്തുന്നതിനുമായി അഡോളസന്റ് കൗൺസിലിംഗ് പ്രോഗ്രാം നടത്തി വരുന്നു. സംസ്ഥാനത്തെ 251 സ്കൂളുകളിൽ കൂടി ടി പദ്ധതി വ്യാപിപ്പിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (സി) പ്രസ്തുത പദ്ധതികൾക്കായി ചെലവാക്കിയ തുക എത്ര വീതമെന്ന് വ്യക്തമാക്കുമോ ; | (സി) വിദ്യാലയാരോഗ്യ പദ്ധതിക്കുവേണ്ടി നാളിതുവരെ (31.01.2010) 317.95 ലക്ഷം രൂപയും കൗമാര ആരോഗ്യ പദ്ധതിയ്ക്ക് വേണ്ടി 150.42 ലക്ഷം രൂപയും ചെലവഴിച്ചു. |
| ഡി) ഇതിനുവേണ്ടി നേഴ്സുമാർ, മറ്റ് ഉദ്യോഗസ്ഥർ എന്നിവരെ നിയമിച്ചിട്ടുണ്ടോ ; | ഡി) ഉണ്ട്. |
| ഇ) എങ്കിൽ ഇവർ ഇപ്പോൾ പ്രസ്തുത പ്രവൃത്തിയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നുണ്ടോ ; ഇവരുടെ ചെലവ് ആരോഗ്യ വകുപ്പിൽ നിന്നാണോ അതോ എൻ.ആർ.എച്ച്.എം. ഫണ്ടിൽ നിന്നാണോയെന്ന് വിശദമാക്കുമോ ? | ഇ) ഉണ്ട്.<br>വിദ്യാലയാരോഗ്യ പദ്ധതിക്കുവേണ്ടി നിയമിച്ച ജെ.പി.എച്ച്.എൻ മാരുടേയും, കൗമാര ആരോഗ്യ പദ്ധതിയ്ക്കുവേണ്ടി സി.ഡി.സി. നിയമിച്ച ഉദ്യോഗസ്ഥന്മാരുടേയും ചെലവ് എൻ.ആർ.എച്ച്.എം. ഫണ്ടിൽ നിന്നാണ്. |

(signature)

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

| നക്ഷത്രചിഹ്നമിട്ട ചോദ്യം നം.63 | 03/03/2010-ൽ മറുപടിയ്ക്ക് |
|---|---|

## മെഡിക്കൽ കോളേജുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.സി. രാജഗോപാലൻ :<br>ശ്രീ. വി.എൻ. വാസവൻ :<br>ശ്രീ. ആർ. സെൽവരാജ് :<br>ശ്രീ. ജോർജ്. എം. തോമസ് : | ശ്രീമതി.പി.കെ.ശ്രീമതി ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പ് മന്ത്രി) |

(എ) സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(എ) & (സി) സംസ്ഥാനത്തെ സർക്കാർ മെഡിക്കൽ കോളേജുകളുടെയും അനുബന്ധ സ്ഥാപനങ്ങളുടേയും അടിസ്ഥാന സകര്യ വികസനത്തിനും ചികിത്സാ – പഠന നിലവാരം മെച്ചപ്പെടുത്തുന്നതിനും സംസ്ഥാന സർക്കാർ കഴിഞ്ഞ മൂന്നര വർഷത്തിനുള്ളിൽ ബഹുമുഖമായ പ്രവർത്തനങ്ങളാണ് നടത്തിയത്. മൂന്നര വർഷത്തിനകം 135 കോടി രൂപയുടെ അത്യാധുനിക ഉപകരണങ്ങൾ വാങ്ങി. സി.ടി. സ്കാൻ പോലുമില്ലാത്ത നിലയിലായിരുന്ന പഴയ സ്ഥിതി മാറ്റി, അഞ്ച് മെഡിക്കൽ കോളേജുകളിലും എം.ആർ.ഐ. സ്കാൻ, സി.ടി. സ്കാൻ ഉൾപ്പെടെയുള്ള അത്യാധുനിക ഉപകരണങ്ങൾ വാങ്ങി.

222 കോടി രൂപയുടെ വികസന പ്രവർത്തനങ്ങൾ പൂർത്തിയാക്കി. ആലപ്പുഴ മെഡിക്കൽ കോളേജിൽ 46 കോടി രൂപ, കോട്ടയത്ത് 32 കോടി രൂപ, കോഴിക്കോട് 37 കോടി രൂപ, തൃശ്ശൂരിൽ 27 കോടി രൂപ, തിരുവനന്തപുരത്ത് പി.എം.എസ്.എസ്.വൈ. പദ്ധതി കൂടാതെ 30 കോടി രൂപ എന്നിങ്ങനെയാണ് വികസന പ്രവർത്തനങ്ങൾക്ക് തുക വിനിയോഗിച്ചത്.

തിരുവനന്തപുരം മെഡിക്കൽ കോളേജിൽ പി.എം.എസ്.എസ്.വൈ. പദ്ധതിയിൽ സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്ക് നിർമ്മാണം പൂർത്തിയാക്കി. 20 കോടി രൂപ വിനിയോഗിച്ച് ഒ.പി.ഡി ബ്ലോക്ക് നിർമ്മാണം പൂർത്തിയാക്കി. എസ്.എ.ടി. ഗോൾഡൻ ജൂബിലി ബ്ലോക്ക് നിർമ്മാണം പൂർത്തിയാക്കി. ആലപ്പുഴ മെഡിക്കൽ കോളേജ് ആശുപത്രി ടൗണിലെ ഇടുങ്ങിയ കെട്ടിടത്തിൽ നിന്നും വണ്ടാനത്തെ വിശാലമായ ക്യാമ്പസിലേക്ക് മാറ്റി, ഇതിനായി 46 കോടി രൂപ വിനിയോഗിച്ചു.

കോഴിക്കോട് മെഡിക്കൽ കോളേജ് സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്ക് പ്രവർത്തനം തുടങ്ങി. ഒഫ്താൽമോളജി വിഭാഗത്തെ റീജിയണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഒഫ്താൽമോളജിയാക്കി ഉയർത്തി.

അത്യാഹിത വിഭാഗം നവീകരിച്ചു. രക്താർബുദ രോഗികളുടെ ദീർഘകാല ആവശ്യമായ പ്രത്യേക വാർഡ് സ്ഥാപിച്ചു.

കോട്ടയം മെഡിക്കൽ കോളേജിൽ അനാട്ടമി, ഫിസിയോളജി, ബയോകെമിസ്ട്രി, കമ്മ്യൂണിറ്റി മെഡിസിൻ, എന്നിവ ഉൾക്കൊള്ളുന്ന അക്കാദമിക് ബ്ലോക്ക് തുറന്നു. അത്യാഹിത വിഭാഗം നവീകരിച്ചു. ഗുരുതരാവസ്ഥയിലുള്ള രോഗികളുടെ പരിചരണത്തിന് അക്യൂട്ട് കെയർറൂം തുറന്നു. ട്രോമാ ഐ.സി.യു. ആരംഭിച്ചു. 2.50 കോടി രൂപ മുടക്കി കാത്ത്ലാബ് സ്ഥാപിച്ചു. തൃശൂർ മെഡിക്കൽ കോളേജിൽ സെൻട്രൽ റിസർച്ച് യൂണിറ്റ് തുടങ്ങി. 43 പുതിയ പദ്ധതികളുടെ നിർമ്മാണ പ്രവർത്തനം തുടങ്ങിയതിൽ പലതും പൂർത്തിയാക്കി. 400 കിടക്കകളുള്ള വാർഡുകളുടെ നിർമ്മാണം തുടങ്ങി.

കൂടുതൽ അധ്യാപകരുടെ സേവനം ലഭ്യമാക്കുന്നതിന് നിയമന – പ്രമോഷൻ നടപടികൾ ത്വരിതപ്പെടുത്തി. 764 അധ്യാപകർക്ക് പ്രഫസർമാരായും, അസോസിയേറ്റ് പ്രഫസർമാരായും, അസിസ്റ്റന്റ് പ്രഫസർമാരായും പ്രമോഷൻ നല്കി. 502 അധ്യാപകരെ പുതുതായി നിയമിച്ചു. 17 വകുപ്പുകളിലായി സീനിയർ ലക്ചറർമാരുടെ നിയമനം നടന്നു വരുന്നു. 500 പേരുടെ ലിസ്റ്റ് ഇതിനായി പി.എസ്.സി. തയ്യാറാക്കിയിട്ടുണ്ട്. ലക്ചറർ നിയമനത്തിന് പി.എസ്.സി. നടപടി ആരംഭിച്ചിട്ടുണ്ട്. രണ്ടായിരത്തോളം അപേക്ഷകൾ പി.എസ്.സി. ക്ക് ലഭിച്ചിട്ടുണ്ട്.

സീനിയർ റസിഡന്റുമാരുടെ 241 തസ്തികകൾ സൃഷ്ടിച്ച് നിയമനം നടത്തി, 426 ജൂനിയർ റസിഡന്റുമാരുടെ സേവനം ഉറപ്പു വരുത്തി. പുതുതായി 15 പി.ജി. കോഴ്സുകൾ തുടങ്ങി. 193 പി.ജി. സീറ്റുകൾക്ക് അംഗീകാരം നേടി. 2006 ൽ 286 സീറ്റ് ആയിരുന്നത് 479 ആയി ഉയർത്തി. ഏതാനും സീറ്റുകൾ കൂടി വർദ്ധിപ്പിക്കുന്നതിനും ആലപ്പുഴയിൽ 13 പുതിയ കോഴ്സ് തുടങ്ങുന്നതിനും അനുമതിയ്ക്കായി ഇന്ത്യൻ മെഡിക്കൽ കൗൺസിലിന് അപേക്ഷ നൽകിയിട്ടുണ്ട്.

ഗുരുതരാവസ്ഥയിലെത്തുന്ന രോഗികൾക്ക് തീവ്രപരിചരണം ഉറപ്പുവരുത്തുന്നതിന് റഫറൽ സംവിധാനം കർശനമാക്കി.

| | |
|---|---|
| (ബി) മെഡിക്കൽ കോളേജ് ആശുപത്രികളിലെ ഡോക്ടർമാരുടെ സ്വകാര്യ പ്രാക്ടീസ് നിരോധിക്കുകയും മെഡിക്കൽ കോളേജുകൾ റഫറൽ ആക്കുകയും ചെയ്യതിന്റെ ഫലമായി ചികിത്സാരംഗത്ത് ഉണ്ടായിട്ടുള്ള നേട്ടങ്ങൾ വ്യക്തമാക്കുമോ ; | (ബി) സർക്കാർ മെഡിക്കൽ കോളേജുകളെ മികവിന്റെ കേന്ദ്രങ്ങളാക്കുക എന്ന ലക്ഷ്യത്തോടെയാണ് മെഡിക്കൽ കോളേജ് ആശുപത്രികളെ റഫറൽ ആശുപത്രികളാക്കിയതും മെഡിക്കൽ കോളേജ് അധ്യാപകരുടെ സ്വകാര്യ പ്രക്ടീസ് നിരോധിച്ചതും. റഫറൽ സമ്പ്രദായം നടപ്പിലാക്കിയതു വഴി മെഡിക്കൽ കോളേജ് ആശുപത്രികളിലെ അനാവശ്യമായ തിരക്ക് ഒഴിവാക്കുന്നതിനും രോഗികൾക്ക് മെച്ചപ്പെട്ട സൂപ്പർ സ്പെഷ്യാലിറ്റി ചികിത്സ ലഭ്യമാക്കുന്നതിനും സാധിച്ചിട്ടുണ്ട്. സ്വകാര്യ പ്രാക്ടീസ് നിരോധിച്ചതുവഴി അക്കാദമിക് നിലവാരം ഉയർത്തുന്നതിനും അധ്യാപകരുടെ സേവനം കൂടുതലായി വിദ്യാർത്ഥികൾക്ക് ലഭ്യമാക്കുന്നതിനും രോഗികൾക്ക് ഡോക്ടർമാരുടെ സേവനം കൂടുതൽ ലഭ്യമാക്കുന്നതിനും സാധിച്ചിട്ടുണ്ട്. |
| (സി) മെഡിക്കൽ കോളേജുകളിലും മറ്റ് ആശുപത്രികളിലും അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ; | (സി) ഉത്തരം 'എ ' യിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (ഡി) സ്വകാര്യ പ്രാക്ടീസ് നിരോധിക്കുന്നതുമായി ബന്ധപ്പെട്ട് മെഡിക്കൽ കോളേജ് ഡോക്ടർമാർക്ക് പുതുതായി എന്തെല്ലാം ആനുകൂല്യങ്ങളാണ് നൽകിയതെന്ന് വ്യക്തമാക്കുമോ ? | (ഡി) സർക്കാർ മെഡിക്കൽ കോളേജുകളിലെ ഡോക്ടർമാർക്ക് യു.ജി.സി. നിരക്കിലുള്ള ശമ്പള പരിഷ്കരണം നടപ്പാക്കിയതിന്റെ ഭാഗമായാണ് സ്വകാര്യ പ്രാക്ടീസ് നിരോധിക്കുവാൻ തീരുമാനിച്ചത്. യു.ജി.സി. നിരക്കിലുള്ള ശമ്പള വർദ്ധനവിന് പുറമെ അടിസ്ഥാന ശമ്പളത്തിന്റെ 15 ശതമാനം പേഷ്യന്റ് കെയർ അലവൻസ്, 25 ശതമാനം നോൺ പ്രാക്ടീസിംഗ് അലവൻസ്, എന്നിവ കൂടി അനുവദിച്ചിട്ടുണ്ട്. പുതുക്കിയ ശമ്പള നിരക്ക് അനുസരിച്ച് പ്രതിമാസം 15,000 രൂപ മുതൽ 60,000 രൂപ വരെ പ്രതിമാസ ശമ്പള വർദ്ധന ലഭിക്കും.<br>എട്ടു വർഷം സർവ്വീസുള്ളവർക്ക് അസോസിയേറ്റ് പ്രഫസറായും 11 വർഷം സർവ്വീസുള്ളവർക്ക് പ്രഫസറായും ജോലിക്കയറ്റം ലഭിക്കും. കൂടാതെ അഡീഷണൽ പ്രഫസർ തസ്തിക സൃഷ്ടിച്ച് സമയബന്ധിത പ്രമോഷൻ നൽകുന്നതിനും തീരുമാനിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ

### പതിനാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. * 64;** **03/03/2010-ൽ മറുപടിക്ക്**

**ചെറുകിട -ഇടത്തരം വ്യവസായ സംരംഭകർക്കുള്ള സർക്കാർ സഹായം**

**ചോദ്യം** **ഉത്തരം**

ശ്രീ. വി. ശശികുമാർ
ശ്രീ. എം. ഹംസ
ശ്രീ. ബാബു. എം. പാലിശ്ശേരി
ശ്രീ. മഞ്ഞളാംകുഴി അലി

ശ്രീ. എളമരം കരീം
(വ്യവസായ വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | ചെറുകിട- ഇടത്തരം വ്യവസായ സംരംഭകർക്ക് സർക്കാർ എന്തെല്ലാം സഹായങ്ങളാണ് നൽകുന്നതെന്ന് വ്യക്തമാക്കുമോ; | (എ) | വ്യവസായ വാണിജ്യ ഡയറക്ടറേറ്റിന് കീഴിൽ സൂക്ഷ്മ ചെറുകിട ഇടത്തരം യൂണിറ്റുകളുടെ എന്റർപ്രണർഷിപ്പ് മെമ്മോറാണ്ടം ഫയൽ ചെയ്യുന്നതോടൊപ്പം സൂക്ഷ്മ, ചെറുകിട, സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിന് ചുവടെ ചേർക്കുന്ന പദ്ധതികളും സേവനങ്ങളും നൽകിവരുന്നു:<br>1. സംസ്ഥാന മൂലധന നിക്ഷേപ സബ്സിഡി<br>2. മാർജിൻ മണി വായ്പ<br>3. സാങ്കേതിക വിദ്യ വികസന നിധി<br>4. കമ്പോള വിലയേക്കാൾ വളരെ താഴ്ന്ന വിലയ്ക്ക് വ്യവസായ നടത്തിപ്പിന് കെട്ടിടവും സ്ഥലവും<br>5. പീഢിത വ്യവസായങ്ങളുടെ പുനരുദ്ധാരണം<br>6. അസംസ്കൃത വസ്തുക്കളുടെ എസൻഷ്യാലിറ്റി സർട്ടിഫിക്കറ്റ് |

| | | | |
|---|---|---|---|
| | | | 7. ഗവേഷണ കേന്ദ്രങ്ങൾ, ഗവേഷണ ലബോറട്ടറികൾ എന്നിവയിൽ നിന്നുള്ള സാങ്കേതിക ജ്ഞാനം വാണിജ്യാടിസ്ഥാനത്തിൽ ലഭ്യമാക്കുന്നു<br>8. വ്യവസായ സഹകരണ മേഖലയ്ക്കും, കരകൗശല മേഖലയ്ക്കും പ്രത്യേക ആനുകൂല്യങ്ങൾ<br>9. പരിശീലനം ലഭിച്ച ഉദ്യോഗസ്ഥരുടെ സേവനം ക്ലസ്റ്റർ വികസനം സാധ്യമാക്കാൻ പ്രയോജനപ്പെടുന്നു.<br>10. വ്യവസായം തുടങ്ങുന്നതിനാവശ്യമായ വായ്പ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും ലഭ്യമാക്കുന്നതിനുള്ള സഹായം<br>11. ഉൽപ്പന്നങ്ങൾക്ക് വിപണന സൗകര്യം ഒരുക്കുന്നു.<br>12. ലഘു. ചെറുകിട, സംരംഭകരുടെ കാല താമസം നേരിട്ട പേമെന്റ് സംബന്ധിച്ച തർക്കങ്ങൾ പരിഹരിക്കുന്നതിന് മൈക്രോ സ്മാൾ എന്റർപ്രൈസസ് ഫെസിലിറ്റേഷൻ കൗൺസിലിന്റെ രൂപീകരണം.<br>13. വ്യവസായത്തിന് ആവശ്യമായ വിവരങ്ങൾ വെബ്സൈറ്റിലൂടെ നൽകുന്നതിനായി ഇൻഡസ്ട്രീസ് |

| | | | |
|---|---|---|---|
| | | | റിസോഴ്സ് ലൊക്കേറ്റർ സംവിധാനം<br>14. കാർഷിക അധിഷ്ഠിത ഭക്ഷ്യ സംസ്കരണ വ്യവസായങ്ങൾക്കുള്ള സാമ്പത്തിക സഹായങ്ങൾ |
| (ബി) | സംരംഭകർക്ക് ആവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുന്നതിന് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | (ബി) | ഉണ്ട്.<br>വ്യവസായം തുടങ്ങുന്നതിനാവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങളും സാങ്കേതിക വിവരങ്ങളും എന്റർപ്രണർ ഗൈഡൻസ് സെല്ലിലൂടെ എല്ലാ ജില്ലാ വ്യവസായ കേന്ദ്രങ്ങൾ വഴി നൽകി വരുന്നു. ലൈസൻസുകളും ക്ലിയറൻസുകളും ഗ്രീൻ ചാനൽ കൗണ്ടറും, ഏകജാലക ക്ലിയറൻസ് ബോർഡും വഴി വേഗത്തിൽ ലഭ്യമാകുന്നു. |
| (സി) | വ്യവസായങ്ങൾ ആരംഭിക്കുന്നതിന് എത്ര രൂപ മൂലധന സബ്സിഡിയായി അനുവദിക്കുമെന്ന് വെളിപ്പെടുത്തുമോ; | (സി) | നിലവിലുള്ള മൂലധന നിക്ഷേപ സബ്സിഡി മാനുവൽ പ്രകാരം താഴെപ്പറയുന്ന നിരക്കിലാണ്. മൂലധന നിക്ഷേപ സബ്സിഡി അനുവദിക്കുന്നത്. ജനറൽ വിഭാഗത്തിൽ വരുന്ന സംരംഭങ്ങൾക്ക്<br>1. സ്ഥിര നിക്ഷേപത്തിന്റെ 10 % പരമാവധി 5 ലക്ഷം രൂപ<br>2. ഊന്നൽ വിഭാഗത്തിൽ വരുന്ന സംരംഭങ്ങൾക്ക് സ്ഥിര നിക്ഷേപത്തിന്റെ 15 % ശതമാനം പരമാവധി 15 ലക്ഷം രൂപ<br>3. ഇടുക്കി, വയനാട് എന്നീ വ്യാവസായികമായി പിന്നാക്കം നിൽക്കുന്ന ജില്ലകളിൽ സ്ഥിര |

| | | | |
|---|---|---|---|
| | | | നിക്ഷേപത്തിന്റെ 25 ശതമാനം പരമാവധി 25 ലക്ഷം രൂപ.<br>4. വിവര സാങ്കേതിക വിഭാഗത്തിൽപ്പെടുന്ന സംരംഭങ്ങൾക്ക് സ്ഥിര നിക്ഷേപത്തിന്റെ 20 ശതമാനം പരമാവധി 25 ലക്ഷം രൂപ.<br>മേൽപ്പറഞ്ഞവയ്ക്ക് പുറമേ താഴെപ്പറയുന്ന പ്രത്യേക സബ്സിഡി നിബന്ധനകൾക്ക് വിധേയമായി നൽകുന്നതാണ്:<br>എ) പട്ടികജാതി/പട്ടിക വർഗ്ഗം. വനിത, വികലാംഗർ, വിമുക്തഭടൻ എന്നിവർ തുടങ്ങുന്ന സംരംഭങ്ങൾക്ക് 5 ശതമാനം പരമാവധി 1 ലക്ഷം രൂപ<br>ബി ) ഡീസൽ ജനറേറ്ററിലെ മലിനീകരണ നിയന്ത്രണ സംവിധാനം ഏർപ്പെടുത്തുന്നതിനായി ചെലവിന്റെ 10 ശതമാനം പരമാവധി 25,000/- രൂപ<br>(സി) പരിശോധനാ ഉപകരണങ്ങൾക്ക് താഴെപ്പറയുന്ന സബ്സിഡി<br>10 ശതമാനം -5 ലക്ഷം രൂപ<br>15 ശതമാനം - 10 ലക്ഷം രൂപ<br>20/25 ശതമാനം -25 ലക്ഷം രൂപ<br>ഡി) മലിനീകരണ നിയന്ത്രണ സംവിധാനത്തിന് 15% പരമാവധി 5 ലക്ഷം രൂപ |

| | | | |
|---|---|---|---|
| (ഡി) | വ്യവസായം ആരംഭിക്കുന്നതിന് കുറഞ്ഞ നിരക്കിൽ വായ്പ ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ; | (ഡി) | വ്യവസായം ആരംഭിക്കുന്നതിന് വ്യവസായ വാണിജ്യ വകുപ്പ് കുറഞ്ഞ നിരക്കിൽ മാർജിൻ മണി വായ്പ നൽകുന്നുണ്ട്. 6 % പലിശ നിരക്കിലാണ് മാർജിൻ മണി വായ്പ നൽകുന്നത്. ധനകാര്യ സ്ഥാപനങ്ങൾ നിശ്ചയിക്കുന്ന മാർജിന്റെ 50% മോ പദ്ധതി ചെലവിന്റെ 20% മോ, ഇതിലേതാണോ കുറവ് ആ തുകയുടെ മാർജിൻ മണി ലോൺ ആയാണ്, ഗവൺമെന്റ് നൽകുന്നത്. ഇത് പരമാവധി 2,50,000/- രൂപയാണ് ഗവൺമെന്റ് നൽകുന്നത്. ധനകാര്യ സ്ഥാപനങ്ങൾ നൽകുന്ന വായ്പകളുടെ പലിശ നിരക്ക് കുറക്കുവാനുള്ള അധികാരം ഗവൺമെന്റിനില്ല. കേരളാ ഫിനാൻഷ്യൽ കോർപ്പറേഷൻ, കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡെവലപ്പ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് എന്നീ സ്ഥാപനങ്ങളും ന്യായമായ പലിശയ്ക്ക് വായ്പ നൽകുന്നുണ്ട്. |
| (ഇ) | ഈ സർക്കാർ വന്ന ശേഷം ഇതിനകം എത്ര ചെറുകിട ഇടത്തരം വ്യവസായങ്ങൾ ആരംഭിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ? | (ഇ) | ഈ സർക്കാർ വന്ന ശേഷം ഇതിനകം 23.709-ചെറുകിട ഇടത്തരം വ്യവസായങ്ങൾ ആരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം:65 — 03/03/2010-ൽ മറുപടിക്ക്

## ഹാൻഡ്‌ലൂം മാസ്റ്റർ വീവേഴ്സിനുവേണ്ടിയുള്ള കേന്ദ്ര സാമ്പത്തിക സഹായ പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.സി. ജോസഫ്<br>ശ്രീ. ടി.എൻ. പ്രതാപൻ<br>ശ്രീ. എ.പി. അനിൽകുമാർ | ശ്രീ. എളമരം കരീം<br>(വ്യവസായ വകുപ്പു മന്ത്രി) |
| (എ) ഹാൻഡ്‌ലൂം മാസ്റ്റർ വീവേഴ്സിനുവേണ്ടിയുള്ള കേന്ദ്രത്തിന്റെ പ്രത്യേക സാമ്പത്തിക സഹായ പദ്ധതി പ്രകാരം സംസ്ഥാനത്തിന് ഈ വർഷത്തേക്ക് എത്ര രൂപയാണ് അനുവദിച്ചത്; | (എ) ഹാൻഡ്‌ലൂം മാസ്റ്റർ വീവേഴ്സിനു വേണ്ടി പ്രത്യേക കേന്ദ്ര സാമ്പത്തിക പദ്ധതികളൊന്നും നിലവിലില്ല. |
| (ബി) ഈ തുക കിട്ടുന്നതിനുള്ള നടപടിക്രമമെന്താണ്; | (ബി) |
| (സി) ഈ ധനസഹായം 2010 മാർച്ച് 31-നു മുമ്പ് ചെലവഴിക്കാത്ത പക്ഷം തുക ലാപ്സാകുമോ; | (സി) ബാധകമല്ല |
| (ഡി) ഈ ധനസഹായത്തിനുള്ള ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനുള്ള തടസ്സം എന്താണെന്ന് വ്യക്തമാക്കുമോ; | (ഡി) |
| (ഇ) ഈ സഹായം സഹകരണ സംഘങ്ങൾക്ക് ലഭിക്കാൻ അർഹതയുണ്ടോ എന്ന് വെളിപ്പെടുത്തുമോ? | (ഇ) |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.66 03.03.2010 ൽ മറുപടിയ്ക്ക്

## മലിനീകരണ നിയന്ത്രണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എം.എം.മോനായി.<br>ശ്രീ.സി.എം.ദിനേശ് മണി<br>ശ്രീ.എ.എം.യുസഫ്<br>ശ്രീ.സൈമൺ ബ്രിട്ടോ റോഡ്രിഗ്സ്<br>ശ്രീ.എം.കെ.പുരുഷോത്തമൻ | ശ്രീമതി. പി.കെ.ശ്രീമതി ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യ ക്ഷേമവും വകുപ്പ് മന്ത്രി) |

(എ) രൂക്ഷമായ മലിനീകരണത്തിന്റെ പേരിൽ കൊച്ചി മേഖലയിൽ കേന്ദ്ര സർക്കാർ വ്യവസായ നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ടോ;

(എ) ഉണ്ട്. രാജ്യത്തെ വ്യവസായ ക്ലസ്റ്ററുകളിൽ നിന്നുള്ള മലിനീകരണത്തെക്കുറിച്ച് കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡ് ഒരു പഠന റിപ്പോർട്ട് തയ്യാറാക്കിയിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ കേന്ദ്ര ഗവൺമെന്റിന്റെ എൻവയോൺമെന്റ് ഇംപാക്ട് അസസ്മെന്റ് നോട്ടിഫിക്കേഷൻ പ്രകാരം, എൻവയൺമെന്റൽ ക്ലിയറൻസ് ആവശ്യമുള്ള വികസന പദ്ധതികൾ 8 മാസത്തേയ്ക്ക്, അതായത് 2010 ആഗസ്റ്റ് വരെ, രാജ്യത്തെ 43 പ്രദേശത്തെ വ്യവസായ ക്ലസ്റ്റർ മേഖലകളിൽ നടപ്പിലാക്കുന്നതിന് കേന്ദ്ര സർക്കാർ നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്. അതിൽ 24-ാമതായി വിശാല കൊച്ചി പ്രദേശത്തെ വ്യവസായ ക്ലസ്റ്റർ മേഖലകളും ഉൾപ്പെടുന്നു.

(ബി) മലിനീകരണത്തിന്റെ പേരിൽ വ്യവസായ നിയന്ത്രണം ഏർപ്പെടുത്തുന്നതിന് കേന്ദ്ര സർക്കാർ പരിഗണിച്ചിട്ടുള്ള ഘടകങ്ങൾ എന്തെല്ലാമാണ്;

(ബി) ജലം, വായു, മണ്ണ് ഇവയുടെ മലിനീകരണം അടിസ്ഥാനമാക്കി ഒരു സമഗ്ര പരിസ്ഥിതി മലിനീകരണ സൂചിക കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡ് ഡൽഹി ഐ ഐ ടി യുടെ സഹായത്തോടെ തയ്യാറാക്കി. സമഗ്ര പരിസ്ഥിതി മലിനീകരണ സൂചികയിൽ എഴുപതോ അതിലധികമോ ഇൻഡക്സ് വരുന്ന പ്രദേശങ്ങളെ 'ക്രിട്ടിക്കലി പൊല്യൂറ്റഡ് ഇൻഡസ്ട്രിയൽ ക്ലസ്റ്റർ' വിഭാഗത്തിൽ പെടുത്തി നിയന്ത്രണങ്ങൾ ഏർപ്പെടുത്തി. ഇതിൽ വിശാല കൊച്ചിയുടെ സൂചിക 75.08 ആണ്.

| | | | |
|---|---|---|---|
| (സി) | കൊച്ചി മേഖലയിലെ മലിനീകരണ നിയന്ത്രണത്തിനായി സംസ്ഥാന സർക്കാർ പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ; | (സി) | വിശാല കൊച്ചി മേഖലയിലെ മലിനീകരണം നിയന്ത്രിക്കാൻ ഒരു കർമ്മ പദ്ധതി തയ്യാറാക്കി സമർപ്പിക്കാൻ കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡ് നിർദ്ദേശിച്ചതനുസരിച്ച്, സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് ഒരു കർമ്മ പദ്ധതി തയ്യാറാക്കി വരുന്നു. ഏലൂർ, ഇടയാർ, കൊച്ചി സ്പെഷ്യൽ എക്കണോമിക് സോൺ, അമ്പലമുകൾ എന്നിവിടങ്ങളിലെ വ്യവസായ ക്ലസ്റ്ററുകളാണ് ഈ നിയന്ത്രണ മേഖലയിൽ വരുന്നത്. ഈ മേഖലകളിലെ വ്യവസായ സ്ഥാപനങ്ങളുടെ പ്രതിനിധികളുടെ യോഗം മലിനീകരണ നിയന്ത്രണ ബോർഡ് 2010 ഫെബ്രുവരി 15 ന് എറണാകുളത്ത് നടത്തുകയും ഓരോ വ്യവസായ ശാലയിലും വരുത്താവുന്ന മെച്ചപ്പെടുത്തലുകളും സംയുക്തമായി ചെയ്യാവുന്നവയും ആയ കാര്യങ്ങൾ ചർച്ച ചെയ്യുകയും ചെയ്തു. അതിന്റെ അടിസ്ഥാനത്തിൽ ഒരു കർമ്മപദ്ധതി തയ്യാറാക്കി കേന്ദ്ര സർക്കാരിന്റെ ധനസഹായത്തിനായി സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് സമർപ്പിക്കുന്നതാണ്. പ്രസ്തുത കർമ്മ പദ്ധതിയ്ക്ക് പ്രത്യേക കേന്ദ്ര സഹായം ലഭിക്കുമെന്നാണ് കരുതുന്നത്. |
| (ഡി) | സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിനും കാര്യക്ഷമമാക്കുന്നതിനും നടപടി സ്വീകരിക്കുമോ? | (ഡി) | സ്വീകരിച്ചു വരുന്നു. |

[signature]

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 67

3.3.2010 -ൽ മറുപടിക്ക്

## പകർച്ചവ്യാധികളും നിയന്ത്രണ പദ്ധതികളും

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എൻ.ശക്തൻ<br>* ഡൊമിനിക് പ്രസന്റേഷൻ:<br>* കെ.ബാബു: | ശ്രീമതി. പി.കെ. ശ്രീമതി ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്തുണ്ടാകുന്ന ഡെങ്കിപ്പനി, എലിപ്പനി, ചിക്കുൻ ഗുനിയ എന്നിവ പകർച്ച വ്യാധികളാണോ യെന്ന് വ്യക്തമാക്കുമോ; | എ) ഡെങ്കിപ്പനി, എലിപ്പനി, ചിക്കുൻ ഗുനിയ എന്നിവ പകർച്ച വ്യാധികളായാണ് കണക്കാക്കപ്പെടുന്നത്. ഈഡിസ് വർഗ്ഗത്തിൽപ്പെട്ട കൊതുകുകളാണ് ഡെങ്കിപ്പനിയും ചിക്കുൻ ഗുനിയയും പരത്തുന്നത്. എലിയുടേയും മറ്റു ചില ജന്തുക്കളുടേയും മൂത്രത്താൽ മലിനമാകപ്പെട്ട വെള്ളത്തിലൂടെയോ മുറിവുകളിലൂടെയോ ആണ് എലിപ്പനി പകരുന്നത്. |
| ബി) ഇവയെ സ്ഥിരീകരിക്കാത്ത പനി എന്ന ഗണത്തിലാണോ പെടുത്താറുള്ളതെന്ന് വ്യക്തമാക്കുമോ; | ബി) ഇവയെ സ്ഥിരീകരിക്കാത്ത പനി എന്ന ഗണത്തിലല്ല പെടുത്തിയിട്ടുള്ളത്. |
| സി) സംസ്ഥാനത്തുണ്ടാകുന്ന പകർച്ചവ്യാധികളെയും അവ ബാധിക്കുന്ന ആളുകളുടെ എണ്ണത്തേയുംപറ്റി കേന്ദ്രത്തിന് യഥാസമയം റിപ്പോർട്ട് നൽകാറുണ്ടോ; | സി) സംസ്ഥാനത്തുണ്ടാകുന്ന പകർച്ചവ്യാധികളെക്കുറിച്ചും അവ ബാധിക്കുന്ന ആളുകളുടെ എണ്ണത്തെക്കുറിച്ചും കേന്ദ്രത്തിന് റിപ്പോർട്ട് നൽകാറുണ്ട്. കൂടാതെ ഐ.ഡി.എസ്.പി. വഴി ദിവസേന പകർച്ച വ്യാധികളെക്കുറിച്ചുള്ള റിപ്പോർട്ട് കേന്ദ്രത്തിന് നൽകുന്നുമുണ്ട്. |
| ഡി) സംസ്ഥാനത്തെ പകർച്ച വ്യാധി നിയന്ത്രണ സെൽ അടച്ചുപൂട്ടിയോ; | ഡി) സംസ്ഥാനത്തുണ്ടാകുന്ന പകർച്ചവ്യാധികളെക്കുറിച്ചും അവ ബാധിക്കുന്ന ആളുകളെക്കുറിച്ചുമുള്ള വിശദ വിവരങ്ങൾ കേന്ദ്രത്തിലേക്ക് അയക്കുവാനായി ഐ.ഡി.എസ്.പി. എന്ന വിപുലമായ ഒരു റിപ്പോർട്ടിംഗ് സംവിധാനം സംസ്ഥാനത്ത് ഉണ്ട്. ഇതിലൂടെ കൃത്യമായി വിവരങ്ങൾ കേന്ദ്രത്തിന് നൽകുന്നു. കൂടാതെ സംസ്ഥാനതലത്തിൽ ഒരു രോഗ നിയന്ത്രണ നിരീക്ഷണ സെല്ലും (എസ്.ഡി.സി.എം.സി.) പകർച്ചവ്യാധികളെക്കുറിച്ചുള്ള കണക്കുകൾ നിത്യേന ശേഖരിക്കുകയും അവലോകനം നടത്തുകയും ചെയ്യുന്നു. ഈ സാഹചര്യത്തിൽ മറ്റൊരു സെല്ലിന്റെ ആവശ്യമില്ലായെന്ന് കണ്ടതിനാൽ പകർച്ചവ്യാധി നിന്ത്രണ സെല്ലിൽ പ്രവർത്തിച്ചുവന്ന ജീവനക്കാരെ അവരുടെ മാതൃ സ്ഥാപനത്തിലേക്ക് തിരിച്ചയയ്ക്കുകയും തൽഫലമായി പ്രസ്തുത സെൽ നിലവിലില്ലാതാകുകയും ചെയ്തു. |

| | |
|---|---|
| ഇ) കേന്ദ്ര സർക്കാരിന്റെ പകർച്ചവ്യാധി നിയന്ത്രണ പദ്ധതിയിൽനിന്നും സംസ്ഥാനം ഒഴിവാക്കപ്പെട്ടിട്ടുണ്ടോ; എങ്കിൽ എന്തുകൊണ്ടെന്ന് വിശദമാക്കാമോ? | ഇ) കേന്ദ്ര സർക്കാരിന്റെ പകർച്ചവ്യാധി നിയന്ത്രണ പദ്ധതിയിൽനിന്നും സംസ്ഥാനം ഒഴിവാക്കപ്പെട്ടതായുള്ള യാതൊരു അറിയിപ്പും ഇതുവരെയും ലഭിച്ചിട്ടില്ല. പ്രസ്തുത പദ്ധതിപ്രകാരമുള്ള പ്രവർത്തനങ്ങൾ കേരളത്തിൽ ഇപ്പോഴും നടന്നുവരുന്നു. കേന്ദ്ര പകർച്ചവ്യാധി നിയന്ത്രണ പദ്ധതി തുടങ്ങിയ സമയം കേരളം മുൻഗണനാ ക്രമത്തിൽ പരിഗണിക്കപ്പെട്ട ആദ്യത്തെ 10 സംസ്ഥാനങ്ങളിൽ ഉൾപ്പെട്ടിരുന്നു. ലോകാരോഗ്യ സംഘടനയും കേന്ദ്ര സർക്കാറും കാലാകാലങ്ങളിൽ മുൻഗണനാ പ്രാതിനിധ്യം ഇതര സംസ്ഥാനങ്ങൾക്കും നൽകാറുണ്ട്. ആയതിനാൽ മുൻഗണനാ പ്രാധാന്യം അർഹിക്കുന്ന ഒരു സംസ്ഥാനമായി ഇപ്പോൾ കേരളത്തെ പരിഗണിക്കുന്നില്ല. |

K.S. Sudha

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.68      03/03/2010-ൽ മറുപടിയ്ക്ക്

# അവയവ കച്ചവട റാക്കറ്റുകൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. എൻ. അനിരുദ്ധൻ :<br>ശ്രീ. മാങ്കോട് രാധാകൃഷ്ണൻ :<br>ശ്രീ. ബാബു പോൾ :<br>ശ്രീ. കെ. അജിത് :<br>ശ്രീ. പള്ളിപ്രം ബാലൻ | ശ്രീമതി.പി.കെ.ശ്രീമതി ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പ് മന്ത്രി) |

| | |
| --- | --- |
| (എ) മനുഷ്യാവയവങ്ങൾ മാറ്റി വയ്ക്കുന്നതും വിൽക്കുന്നതുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് എന്തെല്ലാം നിയമങ്ങൾ നിലവിലുണ്ടെന്ന് വ്യക്തമാക്കുമോ ; | (എ) 1994 ൽ കേന്ദ്ര സർക്കാർ പാസാക്കിയ ഹ്യൂമൻ ഓർഗൻ ട്രാൻസ്പ്ലാന്റേഷൻ ആക്ട് (Transplantation of Human Organs Act 1994 – Central Act 42 of 1994) അനുസരിച്ചും അതിന്റെ ഭേദഗതികൾ അനുസരിച്ചുമാണ് സംസ്ഥാനത്ത് മനുഷ്യാവയവ മാറ്റിവയ്ക്കൽ ശസ്ത്രക്രിയകൾ നടത്തുന്നത് |
| (ബി) അവയവ കച്ചവട റാക്കറ്റുകളെ തടയുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കുമോ ; | (ബി) മനുഷ്യാവയവ മാറ്റിവയ്ക്കൽ ശസ്ത്രക്രിയകൾ നടത്തുന്ന ആശുപത്രികൾക്ക് രജിസ്ട്രേഷൻ നിർബന്ധമാണ്. കൂടാതെ 5 ആതറൈസേഷൻ കമ്മിറ്റികളും സർക്കാർ രൂപീകരിച്ചിട്ടുണ്ട്. ഈ കമ്മിറ്റികളുടെ അനുമതിയോടെ മാത്രമേ മനുഷ്യാവയവങ്ങൾ മാറ്റിവയ്ക്കുന്നതിനുള്ള ശസ്ത്രക്രിയകൾ നടത്താൻ സാധിക്കുകയുള്ളു. |
| (സി) അവയവങ്ങൾ മാറ്റിവയ്ക്കുന്ന പൊതുമേഖലയിലെയും സ്വകാര്യ മേഖലയിലെയും ആശുപത്രികൾ കേന്ദ്രീകരിച്ച് ആതറൈസേഷൻ കമ്മിറ്റികൾ രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ഈ കമ്മിറ്റികളുടെ ചുമതലകൾ എന്തെല്ലാമായിരിക്കുമെന്ന് വിശദമാക്കുമോ ? | (സി) ഇക്കാര്യം ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ

I

# പന്ത്രണ്ടാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

### നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 69 03.03.2010 ൽ മറുപടിക്ക്

### അണക്കെട്ടുകൾ നവീകരിക്കുന്നതിന് പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. എം. ഹംസ<br>ശ്രീ. വി.ജെ. തങ്കപ്പൻ<br>ശ്രീ. കെ.കെ.ജയചന്ദ്രൻ<br>ശ്രീ. എസ്.രാജേന്ദ്രൻ<br>ശ്രീ. ബി.ഡി.ദേവസ്സി | | ശ്രീ. എൻ.കെ. പ്രേമചന്ദ്രൻ<br>(ജലവിഭവ വകുപ്പുമന്ത്രി) |
| (എ) | ജലസേചന വകുപ്പിന്റെ കീഴിലുള്ള അണക്കെട്ടുകൾ നവീകരിക്കുന്നതിന് പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | (എ) | ഉണ്ട്. കേരളത്തിലെ അണക്കെട്ടുകളെ പുനരുദ്ധരിക്കുന്നതിനും അഭിവൃദ്ധിപ്പെടുത്തുന്നതിനും വേണ്ടി ലോകബാങ്കിന്റെ ധന സഹായത്തോടെ നടപ്പാക്കുവാൻ ഉദ്ദേശിക്കുന്ന പദ്ധതിയാണ് ഡാം റിഹാബിലിറ്റേഷൻ & ഇംപ്രൂവ്മെന്റ് പ്രോജക്ട് (DRIP). ജലസേചന വകുപ്പിന്റെ നിയന്ത്രണത്തിലുള്ള 19 അണക്കെട്ടുകളും കേരള സംസ്ഥാന വൈദ്യുതി ബോർഡിന്റെ നിയന്ത്രണത്തിലുള്ള 12 പദ്ധതികളും നവീകരിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. ജലസേചന വകുപ്പിനായി 111.7 കോടി രൂപയുടെയും വൈദ്യുതി ബോർഡിനു വേണ്ടി 99.47 കോടി രൂപയുടെയും ഉൾപ്പെടെ 211.17 കോടി |

രൂപയ്ക്കുള്ള സംക്ഷിപ്ത രൂപത്തിലുള്ള പ്രോജക്ട് റിപ്പോർട്ട് കേന്ദ്ര ഗവൺമെന്റിന്റെ കീഴിലുള്ള കേന്ദ്ര ജല കമ്മീഷനിൽ (CWC) സമർപ്പിച്ചിട്ടുണ്ട്. ഈ പദ്ധതിയിൽ പങ്കെടുക്കുന്നതിനുള്ള തീരുമാനം സംസ്ഥാന സർക്കാർ തത്വത്തിൽ അംഗീകരിച്ച് കേന്ദ്ര ഗവൺമെന്റിനെ അറിയിച്ചിട്ടുണ്ട്. ലോൺ സ്വീകരിക്കുന്നതിന് മുൻപായി വ്യവസ്ഥകൾ വിശദമായി പരിശോധിച്ച് തീരുമാനിക്കുന്നതാണ്.

| | | | |
|---|---|---|---|
| (ബി) | ആദ്യഘട്ടത്തിൽ ഏതെല്ലാം ഡാമുകളാണ് നവീകരിക്കുന്നത്; ഇതിന് എത്ര കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്നുവെന്ന് വെളിപ്പെടുത്താമോ; | (ബി) | ജലസേചന വകുപ്പിന്റെ നിയന്ത്രണത്തിലുള്ള പീച്ചി, വാളയാർ ,നെയ്യാർ, മലമ്പുഴ എന്നീ അണക്കെട്ടുകളും വൈദ്യുതി ബോർഡിന്റെ നിയന്ത്രണത്തിലുള്ള ഷോളയാർ പെരിങ്ങൽ കൂത്ത് ചെങ്കളം ഇടുക്കി എന്നീ പദ്ധതികളും ആദ്യഘട്ടത്തിലേക്ക് ഉൾപ്പെടുത്തിയിട്ടുണ്ട്. ഒന്നാം ഘട്ടത്തിൽ ജലസേചന വകുപ്പിന് 43.41 കോടി രൂപയും വൈദ്യുതി ബോർഡിന് 79.34 കോടി രൂപയും ആവശ്യമായിട്ടുണ്ട് . |
| (സി) | അണക്കെട്ടുകളുടെ നവീകരണത്തിനുള്ള ഫണ്ട് എങ്ങനെ ലഭ്യമാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ; | (സി) | ആകെ പദ്ധതി തുകയുടെ 80% ലോക ബാങ്ക് ലോണായും ബാക്കി 20% സംസ്ഥാന സർക്കാരിന്റെ പദ്ധതി വിഹിതത്തിൽ നിന്നും ലഭ്യമാക്കാനാണ് ഉദ്ദേശിക്കുന്നത്. |
| (ഡി) | ഏതെല്ലാം അണക്കെട്ടുകളാണ് ഇപ്പോൾ സുരക്ഷാ ഭീഷണി നേരിടുന്നത്; | (ഡി) | ജലസേചന വകുപ്പിന്റെ കീഴിൽ വരുന്ന |

അണക്കെട്ടുകൾ 25 മുതൽ 50 വർഷം വരെ പഴക്കമുള്ള താണ്. കാലപ്പഴക്കംകൊണ്ട് ഉണ്ടായ ബലക്ഷയം കൊണ്ടുള്ള ഭീഷണി പരിശോധിച്ച് ആവശ്യം വേണ്ട അറ്റകുറ്റ പണികൾ നടത്തി അണക്കെട്ടുകളുടെ സുരക്ഷ ഉറപ്പുവരുത്തു ന്നുണ്ട്. കൂടുതൽ സുരക്ഷാ ഉദ്യോഗസ്ഥരെ നിയമിച്ച് സുരക്ഷ ഉറപ്പാക്കുന്നതി നുള്ള നടപടിയും സ്വീകരിച്ചു വരുന്നു.

| | | | |
|---|---|---|---|
| (ഇ) | ഡാമുകളുടെ സംഭരണശേഷി വർദ്ധിപ്പിക്കുന്നതിന് പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ; | (ഇ) & (എഫ്) | ഉണ്ട്. ഡാമുകളുടെ സംഭരണശേഷി വർദ്ധിപ്പിക്കു ന്നതിന്റെ ഭാഗമായി ഡാമുകളിൽ നിന്നും ചെളിയും മണലും നീക്കം ചെയ്യുന്നത് സംബന്ധിച്ചുള്ള പഠനം നടത്തുന്നതിന് KERI പീച്ചിയെയാണ് ഏൽപ്പി ച്ചരിക്കുന്നത്. KERI പീച്ചി ,മലമ്പുഴ, മംഗലം, പീച്ചി, കാഞ്ഞിരപ്പുഴ ,വാഴാനി എന്നീ ഡാമുകളിൽ ഇന്റഗ്രേറ്റഡ് ബാത്തി മെട്രിക് സിസ്റ്റം ( IBS) ഉപയോഗിച്ച് സർവ്വേ നടത്തി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. മംഗലം, പെരുവണ്ണാമുഴി ജല സംഭരണികളിൽ CWRDM ഉം കല്ലട ജലസംഭരണിയിൽ റീജിയണൽ റിമോട്ട് സെൻസിംഗ് സർവ്വീസ് സെന്റർ, ISRO ,ജോധ്പൂരും പഠനം നടത്തിയിട്ടുണ്ട്. പോത്തുണ്ടി ,മീൻകര ചുള്ളിയാർ ,വാളയാർ കുറ്റ്യാടി ,പഴശ്ശി, പൂമല ,പമ്പ എന്നീ ഡാമുളിൽ KERI പീച്ചി സർവ്വേ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (എഫ്) | ഡാമുകളിൽ നിന്നും മണൽ വാരുന്ന പദ്ധതി വിലയിരുത്തി യിട്ടുണ്ടോ; എങ്കിൽ വ്യക്തമാ ക്കുമോ ? | | |

മണൽ ക്ഷാമം പരിഹരി
ക്കുന്നതിലേയ്ക്കായി മലമ്പുഴ
റിസർവോയറിലെ മണൽ
ജില്ലാ പഞ്ചായത്ത്
തൊഴിലുറപ്പ് പദ്ധതി മുഖേന
പരിസ്ഥിതിയ്ക്ക് കോട്ടം
തട്ടാത്ത വിധത്തിൽ നീക്കം
ചെയ്തു വരുന്നു.
തിരുവനന്തപുരം ജില്ലയിലെ
വാട്ടർ അതോറിറ്റിയുടെ
നിയന്ത്രണത്തിൽ വരുന്ന
അരുവിക്കര ഡാമിൽ നിന്നും
കുടി വെള്ള പദ്ധതികളെ
ബാധിക്കാത്ത തരത്തിൽ
നിയന്ത്രിത അളവിൽ
ഡാമിന്റെ ഒരു കൈവഴിയിൽ
നിന്നും മണൽ നീക്കം
ചെയ്യുന്നതിന് ആരംഭിച്ചിട്ടുണ്ട്.
മലമ്പുഴ, ചുള്ളിയാർ എന്നീ
ജലസംഭരണികളിൽ നിന്നുള്ള
മണൽ നീക്കം
പുരോഗമിക്കുന്നു.

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : T* 70

03.03.2010-ൽ മറുപടിക്ക്.

## പലിശരഹിത ഇസ്ലാമിക ബാങ്ക്

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.വി.കെ.ഇബ്രാഹിം കുഞ്ഞ് :<br>ശ്രീ.പി.കെ. അബ്ദുറബ്ബ് : | ശ്രീ. എളമരം കരീം<br>(വ്യവസായ വകുപ്പ് മന്ത്രി) |
| (എ) ശരിഅത്ത് പ്രകാരമുള്ള പലിശരഹിത ഇസ്ലാമിക ബാങ്ക് സംസ്ഥാനത്ത് ആരംഭിക്കുന്ന നടപടി ഏതുവരെയായി ; | (എ) പലിശ രഹിത ഇസ്ലാമിക ബാങ്ക് അല്ല; മറിച്ച് പലിശ രഹിത ധനകാര്യ സ്ഥാപനം സംസ്ഥാനത്ത് ആരംഭിക്കുന്നതിനുള്ള നടപടിക--ളാണ് തുടങ്ങിയത്. |
| (ബി) പ്രസ്തുത ബാങ്ക് ആരംഭിക്കുന്നത് സംബന്ധിച്ച് രാജ്യത്തെ ഏതെങ്കിലും കോടതിയോ മറ്റ് അധികാര സ്ഥാപനങ്ങളോ എന്തെങ്കിലും പരാമർശം നടത്തിയിട്ടുണ്ടോ ; എങ്കിൽ എന്താണ് പരാമർശമെന്ന് വെളിപ്പെടുത്തുമോ ; | (ബി) പ്രസ്തുത ധനകാര്യ സ്ഥാപനത്തിൽ പൊതു--മേഖലാ സ്ഥാപനമായ കെ.എസ്.ഐ.ഡി.സി 11 ശതമാനം മൂലധന നിക്ഷേപം നടത്തുന്നത് നിരോധിയ്ക്കണമെന്ന് ആവശ്യപ്പെട്ട് ഡോ. സുബ്രമണ്യൻ സ്വാമി കേരള ഹൈക്കോടതിയിൽ റിട്ട് പെറ്റീഷൻ സമർപ്പിക്കുകയുണ്ടായി. ഹർജി ഫയലിൽ സ്വീകരിച്ച കോടതി സംസ്ഥാന സർക്കാർ, കെ.എസ്.ഐ.ഡി.സി, ഗവൺമെന്റ് ഓഫ് ഇൻഡ്യ ഫൈനാൻസ് സെക്രട്ടറി, റിസർവ് ബാങ്ക് ഗവർണർ എന്നിവർക്ക് നോട്ടീസ് അയച്ചി--രിക്കുകയാണ്. കൂടാതെ അൽബറാക്ക് ഫിനാൻഷ്യൽ സർവ്വീസസ് ലിമിറ്റഡ് എന്ന സ്ഥാപനത്തിന്റെ പ്രവർത്തനത്തെ ഇനിയൊരു ഉത്തരവ് ഉണ്ടാകുന്നതുവരെ തടഞ്ഞിരിക്കുകയാണ്. |
| (സി) പ്രസ്തുത ബാങ്ക് ആരംഭിക്കുന്ന വിഷയത്തിൽ ഗവൺമെന്റ് നടപടി നിലവിൽ ഏതുവരെയായി ; ഈ വിഷയം സംബന്ധിച്ച് സർക്കാർ നയം വ്യക്തമാക്കുമോ ? | (സി) പ്രസ്തുത ധനകാര്യ സ്ഥാപനം ആരംഭിക്കുന്നതി--ലേയ്ക്ക് മേൽ നടപടികൾ കൈക്കൊള്ളുന്നതിന് സംസ്ഥാന സർക്കാർ 14.10.2009-ൽ പുറപ്പെടു--വിച്ച സർക്കാർ ഉത്തരവ് റദ്ദാക്കണമെന്ന് ഹർജിക്കാരൻ കോടതിയിൽ വാദിച്ചിരിക്കയാണ്. സർക്കാരിന്റെ മേൽ നടപടികൾ കോടതി വിധി--യുടെ അടിസ്ഥാനത്തിൽ എടുക്കുന്നതായിരി--ക്കും. സംസ്ഥാന സർക്കാരിന് പ്രസ്തുത സ്ഥാപനം വഴി സംസ്ഥാനത്തേയ്ക്ക് നിക്ഷേപം ആകർഷിക്കുവാനും സംസ്ഥാനത്തെ പല വികസന പദ്ധതികളിലും ഇത് ഉപയോഗപ്പെടു--ത്താനും താൽപര്യമുണ്ട്. കെ.എസ്.ഐ.ഡി.സി-യുടെ ഓഹരി പങ്കാളിത്തം ഈ കമ്പനിയിൽ ഉണ്ടാകണം എന്നതാണ് സംസ്ഥാന സർക്കാരിന്റെ തീരുമാനം. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ -71 03.03.2010 ൽ മറുപടിക്ക്

## വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ നിർമ്മാണം

**ചോദ്യം**

ശ്രീ. ആർ. സെൽവരാജ്

ശ്രീ. ആനത്തലവട്ടം ആനന്ദൻ

ശ്രീമതി. ജെ. അരുന്ധതി

ശ്രീ. വി.ജെ. തങ്കപ്പൻ

ശ്രീ. വി. ശിവൻകുട്ടി

**മറുപടി**

ശ്രീ. എം. വിജയകുമാർ

(നിയമവും പാർലമെന്ററികാര്യവും

സ്പോർട്സും യുവജനക്ഷേമവും

തുറമുഖവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| എ | വിഴിഞ്ഞം ഇന്റർ നാഷണൽ കണ്ടെയിനർ ടെർമിനൽ സ്ഥാപിക്കുന്നതിനുള്ള നടപടികളുടെ ഇപ്പോഴത്തെ അവസ്ഥ വ്യക്തമാക്കുമോ. | എ | വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന്റെ നിർമ്മാണം രണ്ട് ഘട്ടങ്ങളിലായാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്. ഒന്നാം ഘട്ടം സർക്കാരിന്റെ കമ്പനിയായ വി.ഐ.എസ്.എൽ നേരിട്ടാണ് നടപ്പാക്കുന്നത്. ഇതിൽ റെയിൽ, റോഡ്, ബാക്ക് അപ്പ് ഏരിയ, ട്രക്ക് ടെർമിനൽ, വെയർഹൗസ്, കണ്ടെയിനർ യാർഡ് എന്നിവയ്ക്കു വേണ്ടി 120 ഹെക്ടർ സ്ഥലം ഏറ്റെടുക്കുന്നതാണ്. ഇതിനുള്ള ഭൂമി ഏറ്റെടുക്കൽ നടപടികൾ 2010 മാർച്ച് മാസത്തോടെ പൂർത്തിയാകും. അടിസ്ഥാന സൗകര്യങ്ങളുടെ വികസനത്തിനായി 450 കോടി രൂപയുടെ വികസന പ്രവർത്തനങ്ങളാണ് ഒന്നാം ഘട്ടത്തിൽ ചെയ്തു തീർക്കാൻ ഉദ്ദേശിക്കുന്നത്. ഇതിൽ ശുദ്ധജല വിതരണം, വൈദ്യുതി എന്നിവ ഉൾപ്പെടുന്നതാണ്. രണ്ടാം ഘട്ട നിർമ്മാണ പ്രവർത്തനത്തിനു വേണ്ടി സ്വകാര്യ പങ്കാളിയെ കണ്ടെത്തുന്നതിനു വേണ്ടിയുള്ള കൺസൾട്ടന്റായി ഇന്റർഗ്രേറ്റഡ് ഫിനാൻസ് കോർപ്പറേഷനെ (ഐ.എഫ്.സി) നിയമിച്ചിട്ടുണ്ട്. ഐ.എഫ്.സി മാർക്കറ്റ് സ്റ്റഡി നടത്തി റിപ്പോർട്ട് സമർപ്പിച്ചു കഴിഞ്ഞു. പാരിസ്ഥിതിക പഠനം, ടെൻഡർ നടപടിക്ക് ആവശ്യമായ വിവരങ്ങളുടെ |

| | | | |
|---|---|---|---|
| | | | ശേഖരണം എന്നിവ നടന്നുകൊണ്ടിരിക്കുന്നു. 2010 ഡിസംബറോടുകൂടി സ്വകാര്യ പങ്കാളിയെ കണ്ടെത്താൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |
| ബി | പ്രസ്തുത ടെർമിനലിന് വേണ്ട അടിസ്ഥാന സൗകര്യ വികസനത്തിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ. | ബി | പ്രസ്തുത ടെർമിനലിന്റെ അടിസ്ഥാന വികസനത്തിനായി റോഡ്, റെയിൽ, കണക്റ്റിവിറ്റി, ട്രക്ക് ടെർമിനൽ, ബാക്കപ്പ് ഏരിയ, വെയർഹൗസിംഗ് എന്നിവയ്ക്ക് ആവശ്യമായ സ്ഥലവും ഈ സ്ഥലത്ത് നിന്ന് കുടിഒഴിപ്പിക്കപ്പെടേണ്ടി വരുന്നവർക്കുള്ള പുനരധിവാസത്തിനായ സ്ഥലവും ലഭിക്കുന്നതിനായി ജില്ലാ കളക്ടറോട് അഭ്യർത്ഥന നടത്തിയിട്ടുണ്ട്. റെയിൽ സംബന്ധിച്ച പഠനം നടത്തുന്ന റൈറ്റ്സിന്റെ റിപ്പോർട്ട് ലഭിക്കുകയും റെയിൽവേ അംഗീകാരം നൽകുകയും ചെയ്യുന്ന മുറയ്ക്ക് റെയിൽ കണക്റ്റിവിറ്റിയ്ക്കും കണ്ടെയിനർ യാർഡിനുമുള്ള സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതായിരിക്കും. പദ്ധതിക്ക് ആവശ്യമായ ശുദ്ധജലം ലഭ്യമാക്കുന്നതിന് 50 സെന്റ് സ്ഥലം ഹാർബർഎഞ്ചിനീയറിംഗ് വകുപ്പ് ലഭ്യമാക്കിയിട്ടുണ്ട്. ശുദ്ധജല പദ്ധതിക്കായി കേരള വാട്ടർ അതോറിറ്റിയുമായി 3/7/2007 ൽ കരാറിൽ ഏർപ്പെടുകയും വാട്ടർ അതോറിറ്റി പ്രവർത്തി നടത്തുന്നതിന് ടെണ്ടർ ക്ഷണിക്കുകയും ചെയ്തിട്ടുണ്ട്. അതുപോലെതന്നെ കെ.എസ്.ഇ.ബിയിൽ നിന്നും പദ്ധതിക്ക് ആവശ്യമായ വൈദ്യുതി ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. |
| സി | ഇതിനായി എത്ര ഹെക്ടർ സ്ഥലമാണ് ഏറ്റെടുത്തതെന്ന് അറിയിക്കുമോ. | സി | ഇതിനായി 120 ഹെക്ടർ സ്ഥലമാണ് ഏറ്റെടുക്കേണ്ടതായി കണക്കാക്കിയിട്ടുള്ളത്. |
| ഡി | സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ പൂർത്തിയായിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ. | ഡി | പൂർത്തിയായിട്ടില്ല. സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ നടന്നു വരുന്നു. |
| ഇ | പ്രസ്തുത പദ്ധതി പ്രദേശത്തേക്കുള്ള റോഡും റെയിൽ പാതയും അനുവദിക്കുന്നതിന് ദേശീയ പാത അതോറിറ്റിയും റെയിൽവേ ബോർഡും സമ്മതിച്ചിട്ടുണ്ടോ. | ഇ | പദ്ധതി പ്രദേശത്തേക്ക് എൻ.എച്ച് 47 ബൈപ്പാസിൽ തലക്കോടു നിന്നും പോർട്ട് പ്രദേശത്ത് മുല്ലൂർ വരെയുള്ള റോഡിനും, ബാലരാമപുരം റെയിൽവേ സ്റ്റേഷന് സമീപത്ത് നിന്നും പോർട്ട് പ്രദേശം വരെയുള്ള റെയിൽപാതയും സംബന്ധിച്ച പഠനം നടത്തിയിട്ടുള്ളത് റൈറ്റ്സ് എന്ന പൊതുമേഖല സ്ഥാപനമാണ്. റോഡിനുള്ള അലൈയ്മെന്റ് അംഗീകരിക്കുകയും അതിനാവശ്യമായ ഭൂമി ഏറ്റെടുത്ത് |

| | | | |
|---|---|---|---|
| | | | കൈമാറി കിട്ടുന്നതിനായി നടപടി സ്വീകരിച്ച് വരുന്നു. റെയിൽപാത സംബന്ധിച്ച പഠനം പൂർത്തിയാക്കി റൈറ്റ്സ് ശുപാർശ ചെയ്യുകയും ശുപാർശ റെയിൽവേ അധികാരികൾ അംഗീകരിക്കുകയും ചെയ്തതിനുശേഷമേ അത് സംബന്ധിച്ച ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയുള്ളൂ. റോഡ് നിർമ്മാണത്തിനായി ദേശീയ പാത അതോറിറ്റിയുമായി ചർച്ച നടന്നു വരുന്നതോടൊപ്പം വിഴിഞ്ഞം ഇന്റർനാഷണൽ സീപോർട്ട് തന്നെ റോഡ് നിർമ്മാണം ഏറ്റെടുത്തു നടത്തുന്ന കാര്യവും പരിഗണനയിലാണ്. റെയിൽപാത നിർമ്മാണം സംബന്ധിച്ച് റെയിൽവേ ബോർഡുമായി ചർച്ച നടന്നു വരുന്നു. |
| എഫ്. | പ്രസ്തുത പദ്ധതിയുടെ നിർമ്മാണം എന്നത്തേക്ക് പൂർത്തിയാക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ? | എഫ്. | പദ്ധതിയുടെ നിർമ്മാണം 2011 -ൽ ആരംഭിച്ച് 2014 ൽ പൂർത്തിയാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. |

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

| | |
|---|---|
| നക്ഷത്ര ചിഹ്നമിട്ട<br>ചോദ്യം നമ്പർ : * 72 | 03.03.2010-ൽ<br>മറുപടിക്ക്. |

## അതിവേഗ റെയിൽപ്പാതകളുടെ നിർമ്മാണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : | ശ്രീ. എളമരം കരീം<br>(വ്യവസായ വകുപ്പ് മന്ത്രി) |
| (എ) കാസർഗോഡ്-തിരുവനന്തപുരം, കൊച്ചി-പാലക്കാട് അതിവേഗ റെയിൽപ്പാത നിർമ്മിക്കുന്നതിനുള്ള പഠനം നടത്താൻ തീരുമാനിച്ചിട്ടുണ്ടോ ; | (എ) പ്രാഥമിക പഠനം നടത്താൻ തീരുമാനിച്ചിട്ടുണ്ട്. |
| (ബി) എങ്കിൽ ഇതിനായി എത്ര തുക ആവശ്യമാണെന്നറിയിക്കുമോ ; | (ബി) ഡൽഹി മെട്രോ റെയിൽ കോർപ്പറേഷ-നെ (DMRC) ആണ് സർക്കാർ ഉത്തരവ് പ്രകാരം പ്രാഥമിക പഠനം നടത്തേണ്ടത്. പ്രസ്തുത സ്ഥാപനവുമായി പഠനത്തി-ന്റെ വിശദാംശങ്ങളെക്കുറിച്ചുള്ള ചർച്ചകൾ നടത്തിയ ശേഷം മാത്രമേ എത്ര തുക ആവശ്യമായി വരുമെന്ന-കാര്യത്തിൽ ധാരണയാകാൻ സാധിക്കുകയുള്ളൂ. |
| (സി) പ്രസ്തുത പാതയുടെ പഠനം നടത്തുന്ന നോഡൽ ഏജൻസി ഏതാണെന്ന് അറിയിക്കുമോ ; | (സി) പദ്ധതി നടപ്പാക്കുന്നതിനുള്ള നോഡൽ ഏജൻസിയായി സംസ്ഥാന വ്യവസായ വികസന കോർപ്പറേഷനെ (KSIDC) നിയോഗിച്ചിട്ടുണ്ട്. എന്നാൽ പ്രാഥമിക പഠനം നടത്തുന്നത് ഡൽഹി മെട്രോ റെയിൽ കോർപ്പറേഷനായിരിക്കും. |
| (ഡി) കേരള റെയിൽ വികസന കോർപ്പറേഷൻ രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ അതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ ? | (ഡി) 2009-2010 ബഡ്ജറ്റ് പ്രസംഗത്തിൽ റെയിൽ വികസന കോർപ്പറേഷൻ രൂപീകരിക്കുന്നതിനെപ്പറ്റി പ്രതിപാദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ: 73 03.03.2010-ൽ മറുപടിക്ക്

**മണൽ ഇറക്കുമതി**

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. എൻ.രാജൻ എം.എൽ.എ<br>ശ്രീ. മാങ്കോട് രാധാകൃഷ്ണൻ എം.എൽ.എ<br>ശ്രീ. പി. തിലോത്തമൻ എം.എൽ.എ<br>ശ്രീ. കെ. രാജു എം.എൽ.എ<br>ശ്രീ. എ.കെ. ചന്ദ്രൻ എം.എൽ.എ | ശ്രീ.എളമരം കരീം<br>ബഹു.വ്യവസായ വകുപ്പ് മന്ത്രി |
| (എ) സംസ്ഥാനത്ത് മണൽ ഇറക്കുമതി ചെയ്യുന്നതിന് വ്യവസായ വകുപ്പ് നടപടികൾ ആരംഭിച്ചിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) മണൽ ഇറക്കുമതിയുമായി ബന്ധപ്പെട്ട് മുന്നോട്ട് വച്ചിട്ടുള്ള നിർദ്ദേശങ്ങൾ എന്തെല്ലാം; | (ബി) 14.12.2009 തീയതിയിലെ ജി.ഒ (എം.എസ്) 161/09/ഐഡി നമ്പർ സർക്കാർ ഉത്തരവ് പ്രകാരം അന്യസംസ്ഥാനങ്ങളിൽ നിന്നും മറ്റ് രാജ്യങ്ങളിൽ നിന്നും നിർമ്മാണ ആവശ്യത്തിലേക്കുള്ള മണൽ ഇറക്കുമതി ചെയ്യുന്നത് പ്രോൽസാഹിപ്പിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. മണൽ ഇറക്കുമതി ചെയ്യുന്നതിന് സംസ്ഥാന സർക്കാർ പൊതുമേഖലാ സ്ഥാപനമായ മെസ്സേർസ് കേരളാ സ്റ്റേറ്റ് മിനറൽ ഡവലപ്പ്മെന്റ് കോർപ്പറേഷനെ ചുമതലപ്പെടുത്തുകയും അതുപോലെ പൊതുമാർക്കറ്റിൽ മണൽ ഇറക്കുമതി ചെയ്യുന്നതിനായി സ്വകാര്യ വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും അനുമതി നൽകുകയും ചെയ്തിട്ടുണ്ട്. മണൽ ഇറക്കുമതി ചെയ്യുന്നതിന് ആവശ്യമായ പ്രവർത്തനങ്ങൾ |

ലഘൂകരിക്കുന്നതും അതുപോലെ നിയമാനുസൃതമായ മണൽ ഗതാഗതം തടസ്സമില്ലാതെ നടത്തുന്നതിനുള്ള സൗകര്യങ്ങൾ ഒരുക്കുന്നതുമാണ്. സംസ്ഥാനത്ത് മണൽ ഖനനം നടക്കുന്ന പ്രദേശത്ത് കൂടുതൽ ജാഗ്രത പാലിക്കുന്നതും മണൽ ഗതാഗതം നടത്തുമ്പോൾ അനാവശ്യമായ ഇടപെടലുകൾ ഒഴിവാക്കുന്നതുമായിരിക്കും.

14.01.2010 തീയതിയിലെ ജി.ഒ (ആർ.റ്റി) 57/2010/വ്യവ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം മണൽ ഇറക്കുമതി ചെയ്യുന്നതിന് താല്പര്യമുള്ളവരെ ക്ഷണിച്ചുകൊണ്ട് ദേശീയ തലത്തിലും പ്രദേശികവുമായുള്ള പ്രമുഖ പത്രങ്ങളിൽ പരസ്യം പുറപ്പെടുവിച്ചിരുന്നു. ഇതേ തുടർന്ന് പല അന്വേഷണങ്ങളും മൈനിംഗ് & ജിയോളജി വകുപ്പിന് നേരിട്ടും ഇ-മെയിൽ വഴിയും ലഭിച്ചുകൊണ്ടിരിക്കുന്നു. മണൽ ഇറക്കുമതി ചെയ്ത് ശേഖരിച്ച് വിപണനം നടത്തുന്നതിനാവശ്യമായ ഡീലേഴ്സ് ലൈസൻസ് മൈനിംഗ് & ജിയോളജി വകുപ്പിന്റെ ജില്ലാ ഓഫീസുകളിൽ നിന്നും നൽകിവരുന്നു.

| | |
|---|---|
| (സി) നിർമ്മാണ മേഖലയിലെ ഇപ്പോഴുള്ള പ്രതിസന്ധി തരണം ചെയ്യുന്നതിന് വ്യവസായ വകുപ്പ് മറ്റെന്തെല്ലാം നടപടികളെടുത്തുവരുന്നുണ്ടെന്ന് വ്യക്തമാക്കുമോ? | (സി) നിർമ്മാണമേഖലയിലെ മണൽക്ഷാമം പരിഹരിക്കുന്നതിന്റെ ഭാഗമായി 07.10.2009-ാം തീയതിയിലെ ജി.ഒ (എം.എസ്) 124/09/വ്യവ നമ്പർ ഉത്തരവ് പ്രകാരം സംസ്ഥാനത്തെ നിർമ്മാണാവശ്യത്തിലേക്കുള്ള മണൽ ദൗർലഭ്യത്തെക്കുറിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി മൂന്നംഗ ഉദ്യോഗസ്ഥ സമിതിയെ നിയോഗിക്കുകയുണ്ടായി.. പ്രസ്തുത സമിതി അതിന്റെ ഇടക്കാല റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചതിനെ തുടർന്ന് കാബിനറ്റ് സബ്കമ്മിറ്റി റിപ്പോർട്ട് പരിശോധിക്കുകയും റിപ്പോർട്ടിൽ മുന്നോട്ടു വച്ചിരിക്കുന്ന നിർദ്ദേശങ്ങളെ അടിസ്ഥാനമാക്കി 14.12.2009-ാം |

തീയതിയിലെ ജി.ഒ (എം.എസ്) 161/09/വ്യവ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം നിർമ്മാണ മേഖലയിലെ മണൽക്ഷാമം പരിഹരിക്കുന്നതിനായി താഴെപറയുന്ന മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുകയുണ്ടായി.

1) അന്യ സംസ്ഥാനങ്ങളിൽ നിന്നും മറ്റ് രാജ്യങ്ങളിൽ നിന്നും മണൽ ഇറക്കുമതി ചെയ്യൽ.
2) മെസ്സേർസ്.മലബാർ സിമന്റ്സ് ലിമിറ്റഡ് നിർമ്മിച്ച ചെക്ക് ഡാമിൽ നിന്നും മണൽ നീക്കം ചെയ്ത് കലവറ വഴി വിപണനം ചെയ്യുക.
3) പാറ പൊടിച്ച് ഉണ്ടാക്കുന്ന മാനുഫാക്ചേർഡ് മണലിനെ വ്യവസായ വകുപ്പിന്റെ നെഗറ്റീവ് ലിസ്റ്റിൽ നിന്നും മാറ്റുക. മാനുഫാക്ചേർഡ് സാൻഡ് നിർമ്മാണത്തിന് വേണ്ടതായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകൽ, അപേക്ഷകൾ സ്വീകരിക്കൽ അതുപോലെ തന്നെ ഈ മേഖലയിൽ പ്രവർത്തിക്കുവാനാവശ്യമായ സംരംഭകരെ തിരഞ്ഞെടുക്കൽ എന്നീ ആവശ്യത്തിലേക്കായി ഒരു ഉദ്യോഗസ്ഥ സംഘത്തെ നിയോഗിക്കുക. 23.01.2010 തീയതിയിലെ ജി.ഒ (എം.എസ്) 23/2010/വ്യവ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം മേൽ ആവശ്യത്തിലേക്കായ് വ്യവസായ വാണിജ്യ വകുപ്പിന്റെ അഡിഷണൽ ചീഫ് സെക്രട്ടറി ചെയർമാനും, മൈനിംഗ് & ജിയോളജി വകുപ്പ് ഡയറക്ടർ കൺവീനറുമായി ഒരു ആറംഗ ഉദ്യോഗസ്ഥ സമിതി രൂപീകരിക്കുകയുണ്ടായി.
4) ജലശേഖരണികളിൽ (ഡാമുകളിൽ) നിന്നും മണൽ നീക്കം ചെയ്യൽ.

കേരളാ വാട്ടർ അതോറിറ്റിയുടെ മേൽനോട്ടത്തിൽ ദേശീയ തൊഴിലുറപ്പ് പദ്ധതിയിലൂടെ ജില്ലാ പഞ്ചായത്ത് ആവശ്യമായ മാനുഷിക പ്രയത്നം ഉറപ്പാക്കിക്കൊണ്ട് അരുവിക്കര ജലസംഭരണിയുടെ തെരെഞ്ഞെടുത്ത ഭാഗത്ത് നിന്നും മണൽ നീക്കം ചെയ്യുന്ന പ്രവർത്തനം നടന്നുവരുന്നു. മൈനിംഗ് & ജിയോളജി വകുപ്പ് അരുവിക്കര, ചുള്ളിയാർ, മലമ്പുഴ എന്നീ ജലശേഖരണി കളിലെ (ഡാമുകളിലെ) അവസാദങ്ങൾ (സെഡിമെന്റ്സ്) ശേഖരിച്ച് അതിലെ മണലിന്റെ അളവ് തിട്ടപ്പെടുത്തുന്ന പഠനം നടത്തി വരുന്നു.

5) യുക്തമായ ഏജൻസിയെക്കൊണ്ട് ഇൻലാന്റ് വാട്ടർവേയ്സിൽ നിന്നും ഡ്രെഡ്ജ് ചെയ്ത മണൽ നീക്കം ചെയ്യുന്നതിന് ആവശ്യമായ അനുവാദം ഇൻലാൻഡ് വാട്ടർ അതോറിറ്റി ഓഫ് ഇൻഡ്യയിൽ നിന്നും തേടുക.
6) ചെറിയ തുറമുഖങ്ങളിൽ നിന്നും അതുപോലെ മൽസ്യബന്ധനത്തിന് ഉപയോഗിക്കുന്ന തുറമുഖങ്ങളിൽ നിന്നും സാധ്യമായ സാഹചര്യങ്ങളിൽ ഡ്രഡ്ജ് ചെയ്ത് നീക്കം ചെയ്ത മണൽ നിർമ്മാണ മേഖലയിൽ ഉപയോഗിക്കുക. ഇതിലേക്കായി ഹാർബർ എഞ്ചിനീയറിംഗ് ഡിപ്പാർട്ട്മെന്റ് പദ്ധതി രൂപരേഖ സമർപ്പിക്കുക.
7) വനപ്രദേശത്ത് നിന്നും മണൽ ശേഖരിക്കുക
8) റിവർ മാനേജ്മെന്റ് പ്രോഗ്രാം അതേപടി തുടരുവാൻ ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകുക
9) ഹൈഡൽ പവർ പദ്ധതി പ്രദേശത്തെ മണൽ നീക്കം ചെയ്യുന്നത് വിലയിരുത്തുക.
10) ചീഫ് സെക്രട്ടറിയുടെ കീഴിലുള്ള ഒരു സ്പെഷ്യൽ ഓഫീസർ മേൽപ്പറഞ്ഞ നിർദ്ദേശങ്ങൾ നടപ്പാക്കുന്നതിനു വിവിധ

വകുപ്പുകളുടെ മാർഗ്ഗ നിർദ്ദേശങ്ങൾ ക്രോഡീകരിച്ച് അതാത് സമയത്ത് പ്രവർത്തനങ്ങളുടെ റിപ്പോർട്ട് ചീഫ് സെക്രട്ടറിക്ക് സമർപ്പിക്കുന്നതാണ്. ചീഫ് സെക്രട്ടറി സമയാസമയം പ്രവർത്തനം വിലയിരുത്തുന്നതായിരിക്കും. ബഹു. ധനകാര്യ വകുപ്പുമന്ത്രി, ജലവിഭവ വകുപ്പുമന്ത്രി, വനം, ഭവന വകുപ്പുമന്ത്രി, റവന്യൂ വകുപ്പുമന്ത്രി, വൈദ്യുതി, ഷെഡ്യൂൾഡ് കമ്മ്യൂണിറ്റി വെൽഫെയർ, വ്യവസായ വകുപ്പുമന്ത്രി എന്നീ മന്ത്രിമാർ അടങ്ങുന്ന ഒരു സ്ഥിരം കാബിനറ്റ് സബ്കമ്മിറ്റി മേൽപ്പറഞ്ഞ മുഴുവൻ പ്രവർത്തനങ്ങളുടെയും സഹകരണത്തി-നായി രൂപീകരിക്കുകയുണ്ടായി.

നിർമ്മാണ മേഖലയിലെ മറ്റ് പൊതുവായ പ്രശ്നങ്ങൾ ചർച്ച ചെയ്ത് പരിഹരിക്കുന്നതിനായി ബഹു. മുഖ്യമന്ത്രി, വ്യവസായ വകുപ്പ് മന്ത്രി, തൊഴിൽ വകുപ്പുമന്ത്രി, തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി എന്നിവരുടെ നേതൃത്വത്തിൽ നിർമ്മാണ മേഖലയിൽ വിവിധ തൊഴിൽ സംഘടനാ പ്രതിനിധികളുടെയും ക്വാറി/ക്രഷർ മേഖലയിൽ പ്രവർത്തിക്കുന്ന തൊഴിലാളി സംഘടനാ പ്രതിനിധികളുടെയും യോഗം വിളിച്ചു ചേർക്കുകയുണ്ടായി. യോഗത്തിൽ ഇന്ന് നിർമ്മാണ മേഖലയിൽ നിലനിൽക്കുന്ന പ്രതിസന്ധികൾ ചർച്ച ചെയ്യുകയും പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിക്കുകയും ചെയ്തിരുന്നു.

സെക്ഷൻ ഓഫീസർ.

പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. * 74: 03/03/2010-ൽ മറുപടിക്ക്

## പീഡിത വ്യവസായങ്ങളുടെ പുനരുദ്ധാരണം

ചോദ്യം

ശ്രീ. എ. സി. മൊയ്തീൻ
ശ്രീ. ബി. ഡി. ദേവസ്സി
ശ്രീ. ജോർജ്. എം. തോമസ്
ശ്രീ. ബി രാഘവൻ
ശ്രീ. പി. ടി. എ. റഹീം

ഉത്തരം

ശ്രീ. എളമരം കരീം
(വ്യവസായ വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | പീഡിത വ്യവസായ പുനരുദ്ധാരണത്തിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികളുടെ വിശദാംശം വെളിപ്പെടുത്തുമോ; | (എ) | പീഡിത വ്യവസായങ്ങളുടെ പുനരുദ്ധാരണത്തിനായി താഴെപ്പറയുന്ന പദ്ധതികൾ സംസ്ഥാന സർക്കാർ ആവിഷ്ക്കരിച്ചിട്ടുണ്ട്.<br>1) പുനഃരധിവാസ പ്രോജക്ട് റിപ്പോർട്ട് പ്രകാരം ധനകാര്യ സ്ഥാപനങ്ങൾ മാർജിൻമണിയായി ആവശ്യപ്പെടുന്ന തുകയുടെ 50 % (പരമാവധി രണ്ട് ലക്ഷം രൂപ) മാർജിൻ മണിയായി നൽകുക.<br>2) ധനകാര്യ സ്ഥാപനങ്ങളുടെ അംഗീകാരത്തിന് വിധേയമായി റിവൈവൽ റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള ചെലവിന്റെ 50 % (പരമാവധി 10,000/-രൂപ) നൽകുക.<br>3) സാങ്കേതിക അറിവ് (കൺസൽട്ടൻസി)-ചെലവായ |

| | | | |
|---|---|---|---|
| | | | തുകയുടെ 50% (പരമാവധി 50,000/- രൂപ) നൽകുക.<br>4) റവന്യൂ റിക്കവറി നടപടികൾ ഒരു വർഷത്തേക്ക് അല്ലെങ്കിൽ പുനഃരധിവാസ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതുവരെ ഏതാണോ ആദ്യം സംഭവിക്കുന്നത് അതുവരെ സ്റ്റേ ചെയ്യുന്നതാണ്.<br>5) സ്റ്റാർട്ട് അപ്പ് എക്സ്പെൻസസ് താഴെപ്പറയുന്ന കാര്യങ്ങൾക്ക് ചെലവാകുന്ന തുകയുടെ 75% ലോണായി നൽകുന്നതാണ്.<br>എ) ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജരുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രവർത്തനം ആരംഭിക്കുന്നതിന് അത്യാവശ്യമായ യന്ത്രോപകരണങ്ങളുടെ അറ്റകുറ്റപ്പണികൾ<br>ബി) പുനഃരധിവാസത്തിന് അത്യാവശ്യമുള്ള ഉപകരണങ്ങൾ വാങ്ങിക്കുന്നതിന്<br>സി) വൈദ്യുതി കുടിശ്ശിക, സെയിൽസ് ടാക്സ് കുടിശ്ശിക തുടങ്ങിയവ തീർക്കുന്നതിന്<br>ഡി) വൈദ്യുതോപകരണങ്ങളുടെ അറ്റകുറ്റപ്പണികൾ തീർക്കുന്നതിന്.<br>ഇ) പുനഃരുദ്ധാരണത്തിന്റെ ഭാഗമായി അത്യാവശ്യമുള്ള ഗുണമേന്മ പരിശോധനാ ഉപകരണങ്ങൾ |

| | | | |
|---|---|---|---|
| | | | വാങ്ങുന്നതിന്<br>എഫ്) നിലവിലുള്ള ലോണുകൾ ഒറ്റത്തവണയായി തീർക്കുന്നതിന്.<br>6) സെയിൽസ് ടാക്സ് കുടിശ്ശിക ഒഴികെയുള്ള മറ്റു കുടിശ്ശികകൾ പുനഃക്രമീകരിക്കുകയും 5 വർഷത്തേക്ക് അധിക കാലാവധി നൽകുകയും ചെയ്തു വരുന്നു.<br>7) മാർജിൻ മണി ലോണിന്റെ പലിശയിലും പിഴപ്പലിശയിലും ഇളവുകൾ നൽകി വരുന്നുണ്ട്. |
| (ബി) | ഈ സർക്കാർ എത്ര പീഡിത വ്യവസായങ്ങളെ പുനരുദ്ധരിക്കുന്നതിന് സഹായം നൽകിയിട്ടുണ്ട് ; | (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മൊത്തം 37 വ്യവസായ സ്ഥാപനങ്ങൾ പുനഃരുദ്ധരിക്കാൻ സഹായം നൽകിയിട്ടുണ്ട്. |
| (സി) | പീഡിത വ്യവസായങ്ങളെ പുനരുദ്ധരിക്കുന്നതിന് കേന്ദ്ര സർക്കാർ എന്തെല്ലാം സഹായങ്ങളാണ് നൽകുന്നത്; | (സി) | ചെറുകിട ഇടത്തരം പീഡിത വ്യവസായങ്ങൾ പുനഃരുദ്ധരിക്കുന്നതിനായി കേന്ദ്ര സർക്കാർ പ്രത്യേക ധനസഹായങ്ങൾ നല്കുന്നില്ല. |
| (ഡി) | സംസ്ഥാനത്ത് ഇപ്പോൾ എത്ര പീഡിത വ്യവസായ സ്ഥാപനങ്ങൾ ഉണ്ടെന്ന് വെളിപ്പെടുത്തുമോ; | | 490 പീഡിത വ്യവസായ സ്ഥാപനങ്ങൾ ഉണ്ട്. |

| | | | |
|---|---|---|---|
| (ഇ) | പുനരുദ്ധാരണ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിന് ഈ സ്ഥാപനങ്ങൾക്ക് വ്യവസായ വകുപ്പ് സഹായം നൽകുമോ? | (ഇ) | പീഡിത വ്യവസായങ്ങളെ പുനരുദ്ധരിക്കുന്ന കാര്യത്തിൽ വളരെയധികം ഊന്നൽ നൽകിക്കൊണ്ടുള്ള നയമാണ് വകുപ്പ് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ: 75

3.3.2010-ൽ മറുപടിക്ക്

<u>പൊതുമേഖലാ സ്ഥാപനങ്ങളുടെ ~~പ്രവർത്തനം~~ വിപുലീകരണം</u>

ചോദ്യം

ശ്രീ.പി.ജയരാജൻ
ശ്രീ.എം.ചന്ദ്രൻ
ശ്രീ.രാജു എബ്രഹാം
ശ്രീ.വി.എൻ.വാസവൻ
ശ്രീ.പി.വിശ്വൻ

ഉത്തരം

ശ്രീ.എളമരം കരീം
(വ്യവസായ വകുപ്പ് മന്ത്രി)

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഏതെല്ലാം പൊതുമേഖലാ സ്ഥാപനങ്ങളിൽ വിപുലീകരണ -നവീകരണ പദ്ധതികൾ നടപ്പാക്കാൻ ആരംഭിച്ചു എന്ന് വെളിപ്പെടുത്തുമോ;

(എ) വ്യവസായവകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിൽ നവീകരണവും വിപുലീകരണവുമുൾപ്പെടെയുള്ള പുനരുദ്ധാരണ നടപടികൾ നടപ്പിലാക്കിവരുന്ന സ്ഥാപനങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

-Forest Industries (Travancore) Ltd
-Keltron Electro Ceramics Ltd
Kerala Artisans' Development Corporation Ltd
-Kerala Clays & Ceramic Products Ltd.
-Kerala Electrical & Allied Engineering Company Ltd
-Kerala State Bamboo Corporation Ltd
-Kerala State Drugs & Pharmaceuticals Ltd
-Kerala State Electronic Development Corporation Ltd
-Kerala State Mineral Development Corporation Ltd
-Kerala State Textiles Corporation Ltd
-Steel and Industrial Forgings
-Steel Complex Ltd
-The Kerala Ceramics Ltd
-The Kerala Minerals and Metals Ltd
-The Travancore Cements Ltd

-Traco Cable Company Ltd
-Travancore Cochin Chemicals Ltd
-Travancore Titanium Products Ltd
-United Electrical Industries Ltd.
-Metal Industries Ltd
-Kelpalm
Tricure Co-operative Spinning Mills
Malappuram Co-operative Spinning Mills
Sitaram Textiles Ltd
Quilon Co-operative Spinning Mills
Cannanore Co-operative Spinning Mill
Open-end spinning Mills – at TSM

(ബി) ഇതിനായി ഇതിനകം എത്ര കോടി രൂപ ചെലവഴിച്ചിട്ടുണ്ട്;

(ബി) 2006-07 മുതൽ 2009-10 ജനുവരി വരെയുള്ള കാലയളവിൽ നവീകരണം വിപുലീകരണം എന്നീ പുനരുദ്ധാരണ പ്രവർത്തനങ്ങൾക്കായി മാത്രം സർക്കാർ ചെലവഴിച്ച തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| | | | | | (Rs.in crores) | |
|---|---|---|---|---|---|---|
| Sl.No | Particulars | 2006-07 | 2007-08 | 2008-09 | 2009-10 (Till 31.1.10 | Total |
| 1 | Modernisation/ Revival/restructuring | 12.73 | 5.93 | 24.53 | 17.43 | 60.62 |

മേൽപ്പറഞ്ഞതുകൂടാതെ നവീകരണം വിപുലീകരണം മുതലായ പുനരുദ്ധാരണ പ്രവർത്തനങ്ങൾക്കായി കമ്പനികളുടെ സ്വന്തം ഫണ്ടിൽ നിന്ന് ചെലവഴിച്ച തുകയുടെ വിവരം ചുവടെ ചേർക്കുന്നു

| Sl.No | Company | Project | Rs.in crores Own funds |
|---|---|---|---|
| 1 | Kerala Soaps, a unit of KSIE | Manufacture of toilet soap | 7.03 |
| 2 | Trivandrum Spinning Mills | Open end Spinning Mill | 1.60 |
| 3 | Kerala Clays & Ceramic Products Ltd. | Expansion programme | 0.99 |
| 4 | The Travancore Cements Ltd | Pet Coke Fuel Conversion | 0.81 |
| 5 | United Electrical Industries Ltd. | Single Phase Multifunction and Three Phase Multifunction Static Meter | 0.40 |
| 6 | Steel and Industrial Forgings | 10 Ton Hammer & modernisation. | 6.00 |
| | | Titanium Fastener unit | 0.91 |
| 7 | Kerala Minerals & Metals Ltd | Titanium Sponge Unit | 145.00 |

| | | | |
|---|---|---|---|
| | | Projects for Valuable Mineral Separation, Synthetic Rutile Capacity Augmentation, Coal Fired Boiler | 95.00 |
| 8 | Travancore - Cochin Chemicals Ltd | 50 TPD Membrane Cell | 26.00 |
| | **TOTAL** | | **283.74** |

(സി) ഏതെല്ലാം കമ്പനികളിൽ ഉൽപ്പാദനശേഷി വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ഉൽപ്പാദന ശേഷി വർദ്ധിപ്പിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ച സ്ഥാപനങ്ങൾ ചുവടെ ചേർക്കുന്നു.

-Forest Industries (Travancore) Ltd
-Kerala Clays & Ceramic Products Ltd.
-Kerala Electrical & Allied Engineering Company Ltd
-Kerala State Bamboo Corporation Ltd
-Kerala State Drugs & Pharmaceuticals Ltd
-Kerala State Electronic Development Corporation Ltd
-Kerala State Textiles Corporation Ltd
-Steel and Industrial Forgings
-Steel Complex Ltd
-The Kerala Ceramics Ltd
-The Kerala Minerals and Metals Ltd
-The Travancore Cements Ltd
-Traco Cable Company Ltd
-Travancore Cochin Chemicals Ltd
-Travancore Titanium Products Ltd
-United Electrical Industries Ltd.
Tricure Co-operative Spinning Mills
Malappuram Co-operative Spinning Mills
Sitaram Textiles Ltd
Quilon Co-operative Spinning Mills
Cannanore Co-operative Spinning Mill
Open-end spinning Mills – at TSM

(ഡി) കമ്പനികളിൽ തൊഴിലാളികളുടെ ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കുന്നതിനു നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കുമോ;

(ഡി) വ്യവസായവകുപ്പിൻെറ അധീനതയിലുള്ള സ്ഥാപനങ്ങളിൽ ജീവനക്കാരുടെ ആനുകൂല്യങ്ങളിൽ വരുത്തിയ വർദ്ധനയുടെ കമ്പനികളിൽ നിന്നും ശേഖരിച്ച വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.

(ഇ) പൂട്ടിക്കിടന്ന ഏതെല്ലാം പൊതുമേഖലാ സ്ഥാപനങ്ങൾ തുറന്നുപ്രവർത്തിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ; അവയുടെ ഇപ്പോഴത്തെ സ്ഥിതി എന്താണ്?

(ഇ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്തെ വ്യവസായവകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളെ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി പൂട്ടിക്കിടക്കുന്നവയിൽ തുറന്ന് പ്രവർത്തിപ്പിക്കുവാൻ സാധിച്ച സ്ഥാപനങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

- KSTCയുടെ അധീനതയിലുള്ള Malabar Spinning & Weaving Mills തുറന്നു പ്രവർത്തിച്ചു.
- Trivandrum Spinning Mills Ltd ലെ സൗകര്യങ്ങൾ ഉപയോഗിച്ച് open end spinning Mill ആരംഭിക്കുവാൻ KSTC-യെ ചുമതലപ്പെടുത്തി.. ഇവിടെ സെപ്റ്റംബർ 2009 മുതൽ ഉൽപ്പാദനപ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.
- Kerala Soaps & Oils Ltd യിലെ സൗകര്യങ്ങൾ ഉപയോഗിച്ച് Kerala Soaps എന്ന പേരിൽ ഒരു സോപ്പ് നിർമ്മാണ യൂണിറ്റ് KSIE-യുടെ ഒരു യൂണിറ്റായി ആരംഭിച്ചു.

  പ്രവർത്തനം നിലച്ചുകിടന്നിരുന്ന മറ്റുള്ള സ്ഥാപനങ്ങളിലെ സൗകര്യങ്ങൾ സംസ്ഥാനത്തിന്റെ വ്യാവസായികവികസനത്തിനായി ഉപയോഗിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ ചുവടെ ചേർക്കുന്നു.
- Kerala State Detergents & Chemicals Ltd ന്റെ ഉൽപ്പാദന സൗകര്യങ്ങൾ വ്യാവസായിക വികസനത്തിനായി ഉപയോഗിക്കുന്നതിനായി KINFRA-യെ ചുമതലപ്പെടുത്തി.

- കേരള സംസ്ഥാന സാലിസിലേറ്റ്സ് ആൻറ് കെമിക്കത്സിൻെറ 25 ഏക്കർ ഭൂമിയിൽ Kerala SIDCO കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ ITI Ltd മായി ചേർന്ന് ടെലികോം സിറ്റി സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

- കൂടാതെ പ്രവർത്തനം നിലച്ചിരുന്ന Keltron Power Devices Ltd ഉം Keltron Rectifiers Ltd ഉം അവയുടെ എല്ലാ ആസ്തികളും ബാദ്ധ്യതകളും ഉൾപ്പെടെ വികസനപ്രവർത്തനങ്ങൾക്കായി ഹോൾഡിംഗ് കമ്പനിയായ KSEDC ഏറ്റെടുക്കുന്നതിന് G.O.(Ms) No.165/08/ID dated 22/10/2008 പ്രകാരം സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്.

- Metropolitan Engineering Company Ltd-ൻെറ 1.26 ഏക്കർ ഭൂമി Kerala State Industrial Enterprises Ltd ന് കൈമാറാനും അവിടെ ഒരു Hyper Super Market cum Office Complex സ്ഥാപിക്കാനുമുള്ള ഒരു പദ്ധതി നടപ്പിലാക്കിവരുന്നു.
- Keltron Counters Ltd-ൻെറ ആസ്തികളും ബാധ്യതകളും ഏറ്റെടുത്ത് പ്രവർത്തിപ്പിക്കുന്നതിനായി ഹോൾഡിംഗ് കമ്പനിയായ Kerala State Electronics Dev.Corporation Ltd (KSEDC) നെ ചുമതലപ്പെടുത്തി. ബാക്കിയുള്ള 34 ജീവനക്കാരെ കെൽട്രോണിൻെറ യൂണിറ്റുകളിൽ നിയമിച്ചിട്ടുണ്ട്. Keltron

Counters Ltdൻെറ സ്ഥലവും സൗകര്യങ്ങളും Gulati Institute of Finance & Taxation (GIFT) എന്ന സർക്കാർ സ്ഥാപനത്തിന് കൈമാറി.

- Travancore Plywood Industries Ltd-ൻെറ ആസ്തികളും, മറ്റ് ഉൽപ്പാദന സൗകര്യങ്ങളും സംസ്ഥാനത്തിൻെറ വ്യാവസായിക വികസനത്തിനായി ഉപയോഗിക്കുന്നതിനായി KINFRA-യെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇതിനുവേണ്ടി KINFRA യിലെ തന്നെ ഒരുദ്യോഗസ്ഥനെ ഇതിൻെറ മാനേജിംഗ് ഡയറക്ടറായി നിയമിക്കുകയും ചെയ്തിട്ടുണ്ട്. ഇവിടെയുള്ള സൗകര്യങ്ങൾ ഉപയോഗിച്ചുകൊണ്ട് ആ മേഖലയുടെ വ്യാവസായിക വികസനത്തിനുതകുന്ന പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു..

- കാസർഗോട് ജില്ലയിലെ വ്യവസായവകുപ്പിൻെറ അധീനതയിലുള്ള Astral Watches Ltd-ലെ എല്ലാ ജീവനക്കാരും SSNP പ്രകാരം പിരിഞ്ഞുപോയിട്ടുണ്ട്. ഇപ്പോൾ കമ്പനിയുടെ ചുമതല 100% ഷെയർ ഹോൾഡറായ KSIDCയെ ഏൽപ്പിച്ചിരിക്കുക യാണ്. ഈ സ്ഥാപനത്തിലെ സൗകര്യങ്ങൾ സംസ്ഥാനത്തിൻെറ വ്യാവസായിക വികസനത്തിനായി ഉപയോഗിക്കുന്നതിനുള്ള സാധ്യതകൾ സർക്കാർ പരിശോധിച്ചുവരിക യാണ്.

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്.

## പന്ത്രണ്ടാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : T* 76

03.03.2010-ൽ മറുപടിക്ക്.

## ഇസ്ലാമിക ബാങ്ക്

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. സി.ടി. അഹമ്മദ് അലി : | ശ്രീ. എളമരം കരീം (വ്യവസായ വകുപ്പ് മന്ത്രി) |
| (എ) ഇസ്ലാമിക ബാങ്ക് ആരംഭിക്കുന്നതിന് കെ.എസ്.ഐ.ഡി.സി തീരുമാനമെടുത്തിട്ടുണ്ടോ ; | (എ) ഇല്ല. എന്നാൽ പലിശ രഹിത തത്വത്തിൽ പ്രവർത്തിക്കുന്ന ഒരു സാമ്പത്തിക സ്ഥാപനം ആരംഭിയ്ക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. |
| (ബി) എങ്കിൽ എന്നാണ് തീരുമാനിച്ചത് ; തീരുമാനയോഗം ആരുടെ അദ്ധ്യക്ഷതയിൽ, ആരുടെയൊക്കെ സാന്നിദ്ധ്യത്തിലാണ് നടന്നതെന്ന് വെളിപ്പെടുത്തുമോ ; | (ബി) ഉത്തരം അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| (സി) ഇതിനായി സുപ്രധാനമായ ധനശേഖരണം ആരംഭിച്ചിട്ടുണ്ടോ ; എങ്കിൽ അതിന്റെ ഇപ്പോഴത്തെ അവസ്ഥ വ്യക്തമാക്കുമോ ; | (സി) പ്രസ്തുത ധനകാര്യ സ്ഥാപനത്തിനായി 14 പ്രൊമോട്ടർമാരുടെ കോൺട്രിബ്യൂഷൻ ലഭിച്ചിട്ടുണ്ട്. 14 പ്രൊമോട്ടർമാരിൽ നിന്നായി 4.20 കോടി രൂപ മൂലധന മുടക്ക് ലഭിച്ചിട്ടുണ്ട്. ഇതിനു പുറമെ വേറെ ധന സമാഹരണം നടത്തിയിട്ടില്ല. |
| (ഡി) ഇതിനായി ആരിൽ നിന്നൊക്കെയാണ് മൂലധനശേഖരം ഉദ്ദേശിക്കുന്നത് ; മൂലധനം നൽകുന്ന വ്യക്തിയെയും സ്ഥാപനത്തെയും സംബന്ധിച്ച മാനദണ്ഡങ്ങൾ എന്തൊക്കെയെന്ന് വിശദമാക്കുമോ ; | (ഡി) ഇതിനായി വ്യക്തികൾ, NRIs, സ്ഥാപനങ്ങൾ, വിദേശ നിക്ഷേപകർ, വിദേശ സ്ഥാപനങ്ങൾ എന്നിവരിൽ നിന്നാണ് മൂലധന ശേഖരണം ഉദ്ദേശിക്കുന്നത്. വ്യക്തികൾ, സ്ഥാപനങ്ങൾ എന്നിവ ഏറ്റവും കൂടിയത് 9 ശതമാനവും, ഫോറിൻ ഇൻവെസ്റ്റ്മെന്റ് ഏറ്റവും കൂടിയത് 24 ശതമാനവുമായാണ് നിക്ഷേപം തീരുമാനിച്ചിരിക്കുന്നത്. |
| (ഇ) പ്രസ്തുത സംരംഭം എന്ന് മുതൽ ആരംഭിക്കാനാണ് ഉദ്ദേശിച്ചിട്ടുള്ളത് എന്ന് അറിയിക്കുമോ ? | (ഇ) പ്രസ്തുത സ്ഥാപനം തുടങ്ങുന്നതിലേയ്ക്കായി പബ്ളിക് ലിമിറ്റഡ് കമ്പനി 30.11.2009-ൽ രജിസ്റ്റർ ചെയ്തു. ഈ കമ്പനിയുടെ മേൽ നടപടികൾ കേരള ഹൈക്കോടതി 2010 ജനുവരി 5-ാം തീയതിയിലെ ഉത്തരവിൻ പ്രകാരം തടഞ്ഞിരിക്കുകയാണ്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

15.07.2009-ൽ തിരുവനന്തപുരത്ത് വ്യവസായ മന്ത്രിയുടെ സാന്നിദ്ധ്യത്തിൽ വിളിച്ചു ചേർത്ത യോഗത്തിൽ പലിശ രഹിത തത്വത്തിൽ പ്രവർത്തിക്കുന്ന ഒരു ധനകാര്യ സ്ഥാപനം തുടങ്ങുന്നതിന് ഒരു പബ്ലിക് ലിമിറ്റഡ് കമ്പനി രൂപീകരിയ്ക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഈ യോഗത്തിൽ അദ്ധ്യക്ഷത വഹിച്ചത് ഡോ. പി. മുഹമ്മദാലിയാണ്. താഴെ പറയുന്നവരുടെ സാന്നിദ്ധ്യത്തിലാണ് പ്രസ്തുത യോഗം നടന്നത്.

1) ഡോ. പി. മുഹമ്മദാലി - ചെർമാൻ.
2) ശ്രീ. സി.കെ. മേനോൻ - വൈസ് ചെയർമാൻ.
3) ശ്രീ. അമിതാഭ് കാന്ത് - സെക്രട്ടറി & സ്പെഷ്യൽ കമ്മീഷണർ.
4) ശ്രീ. ടി. ബാലകൃഷ്ണൻ - അഡീഷണൽ ചീഫ് സെക്രട്ടറി.
5) ശ്രീ. പി.വി. അബ്ദുൾ വഹാബ്.
6) ശ്രീ. ജവാദ് ഹസ്സൻ.
7) ശ്രീ. തോമസ് ജോൺ മുത്തൂറ്റ്.
8) ശ്രീ. എൻ.കെ. മുഹമ്മദ് അലി.
9) ശ്രീ. എം.പി. അഹമ്മദ്.
10) ശ്രീ. വി.കെ.സി. മമ്മദ് കോയ.
11) ശ്രീ. പി.കെ. അഹമ്മദ്.
12) ശ്രീ. ഇ.എം. നജീബ്.
13) ശ്രീ. ആസാദ് മൂപ്പൻ.
14) ശ്രീ. പി.എ. ഇബ്രാഹിം ഹാജി.
15) ശ്രീ. എ.പി. ആസാദ്.
16) ശ്രീ. ഹുമയൂൺ കള്ളിയത്ത്.
17) ശ്രീ. മനോജ് ജോഷി, മാനേജിംഗ് ഡയറക്ടർ, കെ.എസ്.ഐ.ഡി.സി - കൺവീനർ.

* * * * *

പന്ത്രണ്ടാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നം.77 — 03- 03 -2010 - ൽ മറുപടിയ്ക്ക്

## ആരോഗ്യ കേന്ദ്രങ്ങളിലെ സൗകര്യങ്ങൾ മെച്ചപ്പെടുത്താൻ നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. സി.കെ. സദാശിവൻ :<br>ശ്രീ. വി. ശിവൻകുട്ടി :<br>ശ്രീ എ. പ്രദീപ്കുമാർ :<br>ശ്രീ. ആനത്തലവട്ടം ആനന്ദൻ : | ശ്രീമതി.പി.കെ.ശ്രീമതി ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | മെഡിക്കൽ കോളേജ് ആശുപത്രികൾ റഫറലാക്കിയതിനെതുടർന്ന് ജില്ലാ ആശുപത്രികളിലെയും താലൂക്ക് ആശുപത്രികളിലെയും പ്രാഥമികാരോഗ്യകേന്ദ്രങ്ങളിലെയും സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ; | (എ) | സംസ്ഥാനത്തെ സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രികൾ റഫറൽ ആശുപത്രികളാക്കിയത് മൂലം പൊതുജനങ്ങൾക്ക് ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ മുൻകൂട്ടി കണ്ടുകൊണ്ട് സർക്കാർ നിരവധി പ്രവർത്തനങ്ങൾ ജില്ലാ ആശുപത്രികൾ, താലൂക്ക് ആശുപത്രികൾ, സി.എച്ച്.സി., പി.എച്ച്.സി. എന്നിവിടങ്ങളിലെ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് വേണ്ടി സ്വീകരിച്ചിട്ടുണ്ട്. സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു.<br>(1) ചില ജില്ലകളിൽ ഒഴിച്ച് എല്ലാ പി.എച്ച്.സികൾ/സി.എച്ച്.സി.കൾ/താലൂക്ക് ആശുപത്രികൾ/ജില്ലാ ആശുപത്രി/ജനറൽ ആശുപത്രി എന്നിവിടങ്ങളിൽ ബേസിക് സ്പെഷ്യാലിറ്റിയിലും സബ്സ്പെഷ്യാലിറ്റിയിലും ആവശ്യമായ ഡോക്ടർമാരെ ലഭ്യമാക്കിയിട്ടുണ്ട്. ഈ നയം നടപ്പിലാക്കിയത് കാരണം എല്ലാ രോഗികളും മെഡിക്കൽ കോളേജ് ആശുപത്രികളെ ആശ്രയിക്കേണ്ട സ്ഥിതി മാറിയിട്ടുണ്ട്.<br>(2) സ്പെഷ്യാലിറ്റി കേഡർ സംവിധാനം ഏർപ്പെടുത്തുന്ന നടപടികൾ അന്തിമ ഘട്ടത്തിലാണ്. ടി സംവിധാനം നടപ്പിൽ വന്നാലുടൻ പ്രധാനപ്പെട്ട ആശുപത്രികളിൽ സ്പെഷ്യാലിറ്റി ചികിത്സ ലഭ്യമാകുന്നതാണ്. സ്പെഷ്യാലിറ്റി ശസ്ത്രക്രിയപോലും ഇങ്ങനെയുള്ള ആശുപത്രികളിൽ നടത്താവുന്നതാണ്. |

| | | | |
|---|---|---|---|
| | | | (3) പെരിഫറൽ ആശുപത്രികൾ ശക്തിപ്പെടുത്തുന്നതിന് വേണ്ടി സർക്കാർ ഇതിനകം തന്നെ 40 കോടി രൂപ ചെലവാക്കുന്നതിന് തീരുമാനമെടുത്തു.<br>(4) എല്ലാ സബ് അർബൻ ഹെൽത്ത് യൂണിറ്റുകളും (മെഡിക്കൽ കോളേജുകളും: മെഡിക്കൽ കോളേജുകളുടെ അടുത്ത് സ്ഥിതി ചെയ്യുന്ന ആശുപത്രികളും പ്രാഥമികാരോഗ്യകേന്ദ്രങ്ങളും ശക്തിപ്പെടുത്തുവാനുള്ള തീരുമാനമെടുത്തു.<br>(5) മെഡിക്കൽ കോളേജുകളിലെ കാഷ്വാലിറ്റിയിൽ ചികിത്സ തേടുന്നതിന് വേണ്ടി റഫറൽ വേണ്ട എന്ന് തീരുമാനമെടുത്തു.<br>(6) പെരിഫറൽ ആരോഗ്യ സ്ഥാപനങ്ങളിലെ അധികം വരുന്ന ഒ.പി./ഐ.പി. കൈകാര്യം ചെയ്യുന്നതിന് മെഡിക്കൽ കോളേജുകളിൽ നിന്നും ജൂനിയർ റസിഡൻറിനെ ടേൺ അടിസ്ഥാനത്തിൽ നിയമിക്കുവാൻ തീരുമാനമെടുത്തു.<br>(7) പെരിഫറൽ ആരോഗ്യസ്ഥാപനങ്ങളിൽ ലാബിൻെറ പ്രവർത്തനസമയം 24 മണിക്കൂറാക്കുവാൻ വേണ്ട നടപടികൾ സ്വീകരിച്ചു. എൻ.ആർ.എച്ച്.എം. വഴി ലാബ്ടെക്നീഷ്യന്മാരെ നിയമിക്കുവാൻ നടപടി സ്വീകരിച്ചു.<br>(8) എൻ.ആർ.എച്ച്.എം. ഫണ്ട് ഉപയോഗിച്ച് പെരിഫറൽ ആശുപത്രികൾ ശക്തിപ്പെടുത്തുവാൻ തീരുമാനിച്ചു.<br>(9) എൻ.ആർ.എച്ച്.എം. മുഖേന അധികമായി ഡോക്ടർമാരെയും പി.ജി. റെസിഡൻറിനേയും നിയമിച്ചുകൊണ്ട് പെരിഫറൽ ആരോഗ്യ സ്ഥാപനങ്ങളിൽ ആഫ്ടർ നൂൺ ഒ.പി. നടപ്പിലാക്കി.<br>(10)എല്ലാ മെഡിക്കൽ കോളേജ് പ്രിൻസിപ്പൽമാരും അതാത് സൂപ്രണ്ടുമാരും അതാത് ഡി.എം.ഒ. മാരും ചേർന്ന് മീറ്റിംഗ് വിളിച്ചുകൂട്ടി റഫറൽ ആക്കുന്നതുമായി ബന്ധപ്പെട്ട എല്ലാ വിഷയങ്ങളും പരിഹരിക്കുവാൻ നിർദ്ദേശിച്ചു.<br>(11)പെരിഫറൽ ആശുപത്രികളിലെ ഡോക്ടർമാർ 24 മണിക്കൂർ "കാൾ ഡ്യൂട്ടി " യിലായിരിക്കണം എന്ന നിർദ്ദേശം നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | (12)താലൂക്ക്ആശുപത്രികൾ മുതൽ മുകളിൽ ഉള്ള എല്ലാ ആശുപത്രികളിലെയും വികസനപ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനുവേണ്ടി വിശദമായ "വീഡിയോ കോൺഫറൻസിങ്ങ് " നടത്തുകയുണ്ടായി. ഇതുവഴി നിരവധിപ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെടുകയും അവയ്ക്ക് പരിഹാരം കാണുവാനും സാധിച്ചു.<br>(13) എല്ലാ ആശുപത്രികളിലും എൻ.ആർ.എച്ച്.എം/റ്റി.ആർ.പി.ഫണ്ട്, സുനാമി റിഹാബിലിറ്റേഷൻ പ്രോഗ്രാം വഴിയും വികസനപ്രവർത്തനങ്ങൾ നടത്തി.<br>(14) എല്ലാ സാമൂഹികാരോഗ്യകേന്ദ്രങ്ങളേയും 'ഇൻഡ്യൻ പബ്ളിക് ഹെൽത്ത് സ്റ്റാൻഡേർഡ് ' പദവിയിലേക്ക് ഉയർത്തുന്ന നടപടികൾ എൻ.ആർ.എച്ച്.എം. വഴി നടന്നുവരുന്നു.<br>(15) ആരോഗ്യ വകുപ്പിൽ നൂറോളം ആശുപത്രികളിൽ RSBY/CHIS വഴി ആശുപത്രി വികസനപ്രവർത്തനത്തിനു വേണ്ടികൂടുതൽ ഫണ്ട് ലഭ്യമാക്കുകയും അതുപയോഗിച്ച് ആശുപത്രിയിലെ വികസന പ്രവർത്തനങ്ങൾ നടത്തിവരികയും ചെയ്യുന്നു.<br>(16)കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ വഴി മരുന്നുകൾ തടസ്സമില്ലാതെ ലഭിക്കുന്നുവെന്ന് ഉറപ്പുവരുത്തിയിട്ടുണ്ട്.<br>(17) ജീവനക്കാരുടെ കുറവ് പരിഹരിക്കുന്നതിന് വേണ്ടി HMC/NRHM വഴി ജീവനക്കാരെ നിയമിച്ചിട്ടുണ്ട്.<br>(18)ഒ.പി.കളിലെ തിരക്ക് നിയന്ത്രിക്കുന്നതിനും രോഗികൾക്ക് ബുദ്ധിമുട്ടില്ലാതെ ചികിത്സ ലഭ്യമാക്കുന്നതിനുംവേണ്ടി ചില ആശുപത്രികളിൽ ഒ.പി. സമയം ദീർഘിപ്പിച്ച് Afternoon, Evening O.P. തുടങ്ങിയിട്ടുണ്ട്.<br>(19)ടേൺ ഡ്യൂട്ടി അനുസരിച്ച് കാഷ്വാലിറ്റി പ്രവർത്തിച്ചുവരുന്ന സ്ഥാപനങ്ങളിൽ ഡ്യൂട്ടി ഡോക്ടർമാരെ നിയമിച്ച് കാഷ്വാലിറ്റി യൂണിറ്റ് പ്രവർത്തിപ്പിക്കുന്നതിന് വേണ്ടിയുള്ള നടപടികൾ നടന്നുവരുന്നു.<br>(20)ഇപ്പോൾ നിലവിലുള്ള ജീവനക്കാരുടെ കുറവ് പരിഹരിക്കുന്നതിനുവേണ്ടി എൻ.ആർ.എച്ച്.എം. വഴി താൽക്കാലിക |

| | | | |
|---|---|---|---|
| | | | ജീവനക്കാരെ നിയമിച്ചിട്ടുണ്ട്.<br>(21) ജീവനക്കാരുടെ കുറവ് പരിഹരിക്കുന്നതിനായി പ്രധാനപ്പെട്ട ആശുപത്രികളിലും പി.എച്ച്.സി. സി.എച്ച്.സി.എന്നിവിടങ്ങളിലും തസ്തിക സൃഷ്ടിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. |
| (ബി) | പ്രസ്തുത ആശുപത്രികളിൽ ഡോക്ടർമാരുടെയും നേഴ്സുമാരുടെയുംമറ്റ് ജീവനക്കാരുടെയും എത്ര തസ്തികകൾ പുതുതായി സൃഷ്ടിച്ചുവെന്ന് വെളിപ്പെടുത്തുമോ; | (ബി) | മെഡിക്കൽ കോളേജുകൾ റഫറലാക്കുന്നതുമായി ബന്ധപ്പെട്ട് പുതിയ തസ്തികകൾ സൃഷ്ടിക്കപ്പെട്ടിട്ടില്ല. |
| (സി) | ആശുപത്രികളുടെ പ്രവർത്തനം നിരീക്ഷിക്കുന്നതിന് അടുത്ത കാലത്ത് രൂപീകരിച്ച വിജിലൻസ് സ്ക്വാഡ് ഇതിനകം എത്ര ആശുപത്രികളിൽ മിന്നൽ പരിശോധന നടത്തിയെന്നും പരിശോധനയിൽ എന്തെല്ലാം അപാകതകൾ കണ്ടെത്തിയെന്നും വ്യക്തമാക്കുമോ? | | സർക്കാർ ഉത്തരവ് ജി.ഒ.(എം.എസ്)നം.431/2009/ ആ.കു. വകുപ്പ് തീയതി : 19.12.2009 പ്രകാരം സ്റ്റേറ്റ് അടിസ്ഥാനത്തിലും മൂന്നു നാലു ജില്ലകൾക്ക് സോണൽ അടിസ്ഥാനത്തിലും വിജിലൻസ് സ്ക്വാഡുകൾ നിലവിൽ വന്നിരുന്നു. ഇവയുടെ പ്രവർത്തനങ്ങൾക്ക് കൂടുതൽ സാങ്കേതിക വ്യക്തത കൈവരിക്കുന്നതിനും ജീവനക്കാരെ പുനർവിന്യസിക്കുന്നതിനുമുള്ള നടപടിക്രമങ്ങൾ സംബന്ധിച്ച് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. വിജിലൻസ് സ്ക്വാഡിന്റെ പ്രവർത്തനം ഉടനെ കാര്യക്ഷമമാകുന്നതാണ്. |

സെക്ഷൻ ഓഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ
പതിനാലാം സമ്മേളനം

| | |
|---|---|
| നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നം.78 | 03- 03 -2010 - ൽ മറുപടിയ്ക്ക് |

നോൺ കമ്മ്യൂണിക്കബിൾ ഡിസീസസ് പ്രോഗ്രാം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എം.എ. വാഹിദ് :<br>ശ്രീ. എ.പി.അനിൽകുമാർ :<br>ശ്രീ വർക്കല കഹാർ : | ശ്രീമതി.പി.കെ.ശ്രീമതി ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | ഈ ഗവൺമെന്റിന്റെ കാലത്ത് നോൺ കമ്മ്യൂണിക്കബിൾ ഡിസീസസ് പ്രോഗ്രാം എന്ന പദ്ധതി ആരംഭിച്ചുവോ ; എങ്കിൽ എന്നാണെന്ന് വ്യക്തമാക്കുമോ ; | (എ) | നോൺ കമ്മ്യൂണിക്കബിൾ ഡിസീസസ് പ്രോഗ്രാം (എൻ.സി.ഡി പദ്ധതി) 2009 ൽ തിരുവനന്തപുരം ജില്ലയിലെ നെയ്യാറ്റിൻകര താലൂക്കിലും വയനാട് ജില്ലയിലും പൈലറ്റ് പ്രോജക്റ്റ് ആയി എൻ.ആർ.എച്ച്.എം. മുഖേന ആരംഭിക്കുകയുണ്ടായി. |
| (ബി) | ഈ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തായിരുന്നു; | (ബി) | സാധാരണ ജനങ്ങളിൽ ഇപ്പോൾ അധികമായി കണ്ടുവരുന്ന ജീവിതശൈലി രോഗങ്ങളായ പ്രമേഹം, രക്താദിസമ്മർദ്ദം, കൊളസ്ട്രോൾ എന്നിവ കുറയ്ക്കുന്നതിന് ലക്ഷ്യമിട്ടാണ് പദ്ധതി തുടങ്ങിയിട്ടുള്ളത്. ഈ പദ്ധതിയുടെ ലക്ഷ്യങ്ങൾ താഴെപ്പറയുന്നവയാണ്.<br>• ജനങ്ങളിൽ മെച്ചപ്പെട്ട ആരോഗ്യം നിലനിർത്തുന്നതിന് ഭക്ഷണനിയന്ത്രണം, വ്യായാമം എന്നീഘടകങ്ങൾ അത്യാവശ്യമാണെന്നും, മുൻകൂട്ടി ചികിത്സിക്കുകയും സ്വയം നിയന്ത്രിക്കുകയും ചെയ്താൽ മാറ്റി നിർത്താൻ കഴിയുന്ന രോഗങ്ങളാണ് പ്രമേഹം, രക്തസമ്മർദ്ദം, കൊളസ്ട്രോൾ എന്നിവയെന്നുമുള്ള ബോധ്യം ഉണ്ടാക്കിക്കൊടുക്കുക.<br>• വളർന്നുവരുന്ന തലമുറയെ വളരെ ചെറുപ്രായത്തിൽതന്നെ ജീവിതശൈലിരോഗങ്ങൾ ബാധിക്കാതിരിക്കുവാൻ ശീലിപ്പിക്കുക. |

| | | | |
|---|---|---|---|
| | | | • ജീവിതശൈലിരോഗ നിയന്ത്രണ പദ്ധതി ആശ പ്രവർത്തകരിൽ കൂടി നടപ്പിലാക്കുക. |
| (സി) | പ്രസ്തുത പദ്ധതിപ്രകാരം എത്രപേർക്ക് പരിശീലനം നൽകി; | (സി) | ഈ പദ്ധതി നടപ്പാക്കുന്ന സ്ഥലങ്ങളിൽ ഡോക്ടർമാർക്കും ഫീൽഡ് പ്രവർത്തകർക്കും, ആശാപ്രവർത്തകർക്കും പരിശീലനങ്ങൾ നൽകിയിട്ടുണ്ട്. പ്രമേഹ പരിശോധനയ്ക്കു മുൻപായി ആശാപ്രവർത്തകരുടെ സഹായത്തോടെ ഓരോ വീടുകളിലും സർവ്വേയും നടത്തിയിരുന്നു. കൂടാതെ പ്രമേഹ രോഗ പരിശോധനയ്ക്കായി സബ് സെൻറർ തലത്തിൽ ക്യാമ്പുകൾ നടത്തിവരുന്നു. |
| (ഡി) | ആശുപത്രികൾക്ക് ലബോറട്ടറി കെമിക്കൽ വാങ്ങാൻ ഈ പദ്ധതിപ്രകാരം എത്ര രൂപ വീതം അനുവദിച്ചുവെന്ന് വ്യക്തമാക്കുമോ; | (ഡി) (ഇ) & (എഫ്) | 2009 - 2010 കാലഘട്ടത്തിൽ പ്ലാൻ ഫണ്ടിൻെറ ഭാഗമായി കെമിക്കൽ വാങ്ങുവാൻ പ്രത്യേക തുക മാറ്റിവച്ചിട്ടില്ല. എന്നാൽ ക്യാമ്പുകൾക്കാവശ്യമായ കെമിക്കലുകൾ വാങ്ങിക്കുവാൻ ആവശ്യമായ തുക ജില്ലകൾക്ക് അനുവദിച്ചതിൽനിന്നും ചെലവാക്കാവുന്നതാണ്. |
| (ഇ) | ലബോറട്ടറികൾക്കുവേണ്ടി കെമിക്കൽ വാങ്ങിയോ ; ഇല്ലെങ്കിൽ എന്ത്കൊണ്ടെന്ന് വ്യക്തമാക്കുമോ | | |
| (എഫ്) | ഇതിന് അനുവദിച്ച തുക എന്തു ചെയ്തുവെന്ന് വിശദമാക്കുമോ ? | | |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ.79 — 3.3.2010ൽ മറുപടിയ്ക്ക്

## ദത്തെടുക്കൽ പ്രോത്സാഹിപ്പിക്കാൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി.പി.അയിഷാ പോറ്റി:<br>ശ്രീമതി.കെ.കെ.ലതിക:<br>ശ്രീ.എം.എം.മോനായി:<br>ശ്രീ.പി.ടി.എ.റഹീം:<br>ശ്രീ.സാജു പോൾ: | ശ്രീമതി.പി.കെ.ശ്രീമതി ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | ദത്തെടുക്കൽ പ്രോത്സാഹിപ്പിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ; | (എ) | ദത്തെടുക്കൽ പ്രോൽസാഹിപ്പിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ.<br>i. നിയമപരമായ ദത്തെടുക്കൽ പ്രോൽസാഹിപ്പിക്കുന്ന അംഗീകൃത ദത്തെടുക്കൽ കേന്ദ്രങ്ങളെക്കുറിച്ച് ദൂരദർശൻ മുഖേന പ്രചാരണം നൽകുന്നുണ്ട്.<br>ii. നിയമപരമായി ദത്തെടുക്കൽ പ്രോത്സാഹിപ്പിക്കുന്നതിനായി 5 പ്രമുഖ പത്രങ്ങൾ മുഖേന പ്രചാരണം നൽകുന്നുണ്ട്.<br>iii. ദത്തെടുക്കലിനെക്കുറിച്ച് ലഘു ലേഖ പ്രസിദ്ധീകരിക്കുന്നതിനായി നടപടി സ്വീകരിച്ചു വരുന്നു.<br>iv. സംസ്ഥാനത്ത് അഡോപ്ഷൻ കോ ഓർഡിനേറ്റിംഗ് ഏജൻസി ഉൾപ്പെടെ 15 അംഗീകൃത ദത്തെടുക്കൽ കേന്ദ്രങ്ങളിൽ 5 വയസ്സുവരെയുള്ള കുട്ടികളെ സംരക്ഷിക്കുന്നു. ഇതിൽ 5 സ്ഥാപനങ്ങൾക്ക് വിദേശത്ത് ദത്ത് നൽകുവാനുള്ള നടപടികൾ എടുക്കുവാൻ അംഗീകാരം നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | v. ദത്തെടുക്കലിനെക്കുറിച്ച് ആവശ്യമായ ബോധവൽക്കരണ സെമിനാർ എല്ലാ ജില്ലകളിലും ജില്ലാ സാമൂഹ്യക്ഷേമ ഓഫീസറുടെ നേതൃത്വത്തിൽ നടത്തുന്നു. ദത്തെടുക്കലിനെക്കുറിച്ച് ബോധവൽക്കരണം എല്ലാ ചൈൽഡ് വെൽഫെയർ കമ്മറ്റിയ്ക്കും നൽകിയിട്ടുണ്ട്.<br>vi. ദത്തെടുത്തിട്ടുള്ള കുടുംബാംഗങ്ങളുടെ സംഗമം സംഘടിപ്പിക്കുന്നുണ്ട്.<br>vii. ദത്തെടുത്തിട്ടുള്ള അമ്മ സർക്കാർ ഉദ്യോഗസ്ഥയാണെങ്കിൽ 180 ദിവസം അവധി അനുവദിക്കുന്നുണ്ട്.<br>viii. ദത്തെടുത്തിട്ടുള്ള കുട്ടികളുടെ ജനനം രജിസ്റ്റർ ചെയ്യുന്നതിനുള്ള നടപടി ക്രമങ്ങൾ ലഘൂകരിച്ചുകൊണ്ട് തദ്ദേശ സ്വയം ഭരണ വകുപ്പ് ഉത്തരവിറക്കിയിട്ടുണ്ട്.<br>ix. ഉപേക്ഷിക്കപ്പെട്ട കുട്ടികളെക്കുറിച്ച് ആവശ്യമായ അന്വേഷണം നടത്തി കുട്ടികളെ ലീഗലി ഫ്രീ ഫോർ അഡോപ്ഷൻ ആയി പ്രഖ്യാപിക്കുന്നതിന് അധികാരപ്പെട്ട ചൈൽഡ് വെൽഫെയർ കമ്മിറ്റികൾ എല്ലാ ജില്ലയിലും സ്ഥാപിച്ചിട്ടുണ്ട്.<br>x. സംസ്ഥാനത്ത് അഡോപ്ഷൻ കാര്യങ്ങൾക്ക് വേണ്ട ബോധവൽക്കരണം പ്രോത്സാഹനം എന്നിവ നടത്തുന്നതിന് അഡോപ്ഷൻ കോ ഓർഡിനേറ്റിംഗ് ഏജൻസി രൂപീകരിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | സംസ്ഥാനത്തെ അംഗീകൃത ദത്തെടുക്കൽ കേന്ദ്രങ്ങളിൽ എത്ര കുട്ടികളെ പാർപ്പിച്ചിട്ടുണ്ട്; ഇവരുടെ സംരക്ഷണത്തിനായി എന്തെല്ലാം സഹായങ്ങളാണ് നൽകുന്നതെന്ന് വ്യക്തമാക്കുമോ; | (ബി) | 256 കുട്ടികൾ. അംഗീകൃത ദത്തെടുക്കൽ കേന്ദ്രങ്ങളിൽ ശിശു ഗൃഹാ സ്കീം പ്രകാരം സെൻട്രൽ അഡോപ്ഷൻ റിസോഴ്സ് അതോറിറ്റി ധനസഹായം നൽകി വരുന്നു. |
| (സി) | ദത്തെടുത്ത കുട്ടികളുടെ ക്ഷേമാന്വേഷണം നടത്തുന്നതിന് സാമൂഹ്യക്ഷേമ വകുപ്പ് നടപടി സ്വീകരിക്കുമോ; | (സി) | ദത്തെടുത്തിട്ടുള്ള കുട്ടികളെ ദത്തെടുക്കൽ ഉത്തരവിടുന്ന ജില്ലാ കോടതിയ്ക്ക് യുക്തമെന്ന് തോന്നുന്ന പക്ഷം ജില്ലാ പ്രൊബേഷൻ ഓഫീസറുടെ മേൽനോട്ടത്തിൽ വിടുന്നതാണ്. |
| (ഡി) | ദത്തെടുക്കൽ കേന്ദ്രങ്ങളുടെ പ്രവർത്തനം നിരീക്ഷിക്കുന്നതിന് നിലവിലുള്ള സംവിധാനം എന്താണെന്ന് വെളിപ്പെടുത്തുമോ? | (ഡി) | സാമൂഹ്യക്ഷേമ ഡയറക്ടറേറ്റിലെ പി.ഡി.എം. സെൽ ഉം സംസ്ഥാന തലത്തിൽ രൂപീകരിച്ചിട്ടുള്ള അഡോപ്ഷൻ കോ ഓർഡിനേറ്റിംഗ് ഏജൻസിയും ദത്ത് നൽകുന്ന കേന്ദ്രങ്ങളെ നിരീക്ഷിക്കുന്നുണ്ട്. ദത്ത് നൽകുന്ന കേന്ദ്രങ്ങൾ വഴി ദത്ത് നൽകുന്ന കുട്ടികളുടെ എണ്ണം തുടങ്ങിയ വിവരങ്ങൾ ഉൾപ്പെടുത്തി സ്ഥിതി വിവര കണക്ക് അതാത് സ്ഥാപനങ്ങൾ സർക്കാരിനും Central Adoption Resource Authority യ്ക്കും നൽകിവരുന്നു. |

R. Ujayesh

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ.80 | 03-03-2010-ൽ മറുപടിയ്ക്ക്

35-ാമത് ദേശീയ ഗെയിംസ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.വി.അബ്ദുൾ ഖാദർ:<br>ശ്രീ.ബി.രാഘവൻ:<br>പ്രൊഫ.സി.രവീന്ദ്രനാഥ്:<br>ശ്രീ.വി.ശശികുമാർ: | ശ്രീ.എം.വിജയകുമാർ<br>(നിയമവും പാർലമെന്ററി കാര്യവും സ്പോർട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പു മന്ത്രി) |
| എ) കേരളത്തിൽ വച്ച് നടത്തുന്ന 35-ാമത് ദേശീയ ഗെയിംസുമായി ബന്ധപ്പെട്ട് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ ; | എ) 35-ാമത് ദേശീയ ഗെയിംസ് കേരളത്തിൽ വെച്ചു നടത്തുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി "നാഷണൽ ഗെയിംസ് സെക്രട്ടറിയേറ്റ്" രൂപീകരിച്ചു പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. അടിസ്ഥാന വികസനത്തിന്റെ ഭാഗമായി നിലവിലുള്ള സ്റ്റേഡിയങ്ങളുടെ നവീകരണം, പുതിയ സ്റ്റേഡിയങ്ങളുടെ നിർമ്മാണം എന്നിവയ്ക്കായി സംസ്ഥാനത്തെ 7 ജില്ലകളിലെ 18 സ്ഥലങ്ങളിലായി 32 പ്രവൃത്തികൾക്ക് വിശദമായ രൂപരേഖയുടെ അടിസ്ഥാനത്തിൽ സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിൽ 3 പ്രവൃത്തികളുടെ ദർഘാസ് നടപടി ക്രമങ്ങൾ പൂർത്തീകരിക്കുകയും പണി ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. അവശേഷിക്കുന്ന പ്രവൃത്തികളുടെ ദർഘാസ് വിവിധ ഘട്ടങ്ങളിലാണ്.<br>കൂടാതെ, പുതിയ ഗ്രീൻഫീൽഡ് സ്റ്റേഡിയങ്ങളുടെയും ഗെയിംസ് വില്ലേജിന്റെയും നിർമ്മാണവുമായി ബന്ധപ്പെട്ട് പദ്ധതി രൂപരേഖ തയ്യാറായി വരുന്നു. ഗ്രീൻഫീൽഡ് സ്റ്റേഡിയങ്ങളുടെ നിർമ്മാണം ആന്വിറ്റി അടിസ്ഥാനത്തിലാണ് നടത്തുവാൻ ഉദ്ദേശിക്കുന്നത്. ഗ്രീൻഫീൽഡ് സ്റ്റേഡിയങ്ങളുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് ടെൻഡർ |

മുഖേന 8 കമ്പനികളുടെ ചുരുക്കപ്പട്ടിക തയ്യാറാക്കിയിട്ടുണ്ട്. ഇവരിൽ നിന്നും മികച്ച പദ്ധതി രൂപരേഖ സമർപ്പിക്കുന്ന കമ്പനിയെ നിർമ്മാണ ചുമതല ഏൽപ്പിക്കുന്നതിനുള്ള നടപടി സ്വീകരിയ്ക്കുന്നതാണ്.

ബി) പ്രസ്തുത ഗെയിംസ് നടത്തുന്നതിന് എത്ര കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്നു; ഇതിനായി കേന്ദ്ര-സംസ്ഥാന സർക്കാരുകൾ എത്ര കോടി രൂപ വകയിരുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

ബി) 35-ാമത് ദേശീയ ഗെയിംസിന്റെ നടത്തിപ്പിനായി 400 കോടി രൂപയോളം ചെലവ് പ്രതീക്ഷിയ്ക്കുന്നു. ഇതിൽ കേന്ദ്ര വിഹിതമായി 220 കോടി രൂപ ആവശ്യപ്പെട്ടിട്ടുണ്ട്. ഇതിൽ 110 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഇതിനു പുറമെ, സംസ്ഥാന വിഹിതമായി 3 കോടി രൂപ നടപ്പു സാമ്പത്തിക വർഷത്തെ സംസ്ഥാന ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. സംസ്ഥാന സർക്കാർ വിഹിതമായി സ്റ്റേഡിയങ്ങളുടെ നവീകരണത്തിനും പുനരുദ്ധാരണത്തിനും വേണ്ടി 20 കോടി രൂപ പ്ലാൻ ഇനത്തിലും ഗെയിംസിന്റെ നടത്തിപ്പിനായി 20 കോടി രൂപ നോൺ പ്ലാൻ ഇനത്തിലും വകയിരുത്തിയിട്ടുണ്ട്. പുറമെ 25 ലക്ഷം രൂപ ഭരണ നിർവ്വഹണത്തിനും വകയിരുത്തിയിട്ടുണ്ട്.

(സി) ദേശീയ ഗെയിംസിന്റെ ഉദ്ഘാടന-സമാപന വേദികൾ നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ അവയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ഏതു ഘട്ടത്തിലാണ് എന്നറിയിക്കുമോ; ഗെയിംസ് നടത്തുന്നതിനായി ഏതെല്ലാം സ്റ്റേഡിയങ്ങളാണ് വികസിപ്പിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(സി) തിരുവനന്തപുരത്തെ യൂണിവേഴ്സിറ്റി സ്റ്റേഡിയമാണ് ഉദ്ഘാടന - സമാപന വേദികൾക്കായി നിശ്ചയിച്ചിരിക്കുന്നത്. ഇതുമായി ബന്ധപ്പെട്ട് സ്റ്റേഡിയത്തിന്റെ അറ്റകുറ്റപണികളും പുനരുദ്ധാരണവും നടത്തുന്നതിനായി ദർഘാസ് നടപടികൾ പൂർത്തീകരിച്ച് നിർമ്മാണ കരാർ നിലവിൽ വന്നിട്ടുണ്ട്.

ഗെയിംസ് നടത്തിപ്പിനായി താഴെ പറയുന്ന സ്റ്റേഡിയങ്ങളാണ് സംസ്ഥാന സർക്കാർ വികസിപ്പിക്കുന്നത്.

1) യൂണിവേഴ്സിറ്റി സ്റ്റേഡിയം, തിരുവനന്തപുരം.
2) ചന്ദ്രശേഖരൻ നായർ സ്റ്റേഡിയം, തിരുവനന്തപുരം.
3) ജിമ്മി ജോർജ്ജ് ഇൻഡോർ സ്റ്റേഡിയം, തിരുവനന്തപുരം.
4) വാട്ടർ അതോറിറ്റി നീന്തൽക്കുളം, തിരുവനന്തപുരം.
5) ട്രിവാൻഡ്രം ടെന്നീസ് ക്ലബ്ബ്, തിരുവനന്തപുരം.
6) ശംഖുമുഖം ഇൻഡോർ ഹാൾ, തിരുവനന്തപുരം.
7) വെള്ളായണി കാർഷിക കോളേജ് ഇൻഡോർ ഹാൾ, തിരുവനന്തപുരം.
8) കൊല്ലം കോർപ്പറേഷൻ സ്റ്റേഡിയം.
9) രാജീവ് ഗാന്ധി ഇൻഡോർ സ്റ്റേഡിയം, എറണാകുളം.
10) കോർപ്പറേഷൻ സ്റ്റേഡിയം, തൃശൂർ.
11) ഇൻഡോർ സ്റ്റേഡിയം, തൃശൂർ.
12) വി.കെ.കെ. മേനോൻ ഇൻഡോർ സ്റ്റേഡിയം, കോഴിക്കോട്.
13) പുതിയ ഹോക്കി സ്റ്റേഡിയം, കൊല്ലം.
14) പുതിയ ഇൻഡോർ സ്റ്റേഡിയം, കണ്ണൂർ.
15) ജവഹർലാൽ നെഹ്റു അന്താരാഷ്ട്ര സ്റ്റേഡിയം, കലൂർ, എറണാകുളം.
16) പുതിയ ഷൂട്ടിംഗ് റേഞ്ച്, തൃശൂർ.
17) കോഴിക്കോട് മെഡിക്കൽ കോളേജ് സ്റ്റേഡിയം.
18) കോഴിക്കോട് കോർപ്പറേഷൻ സ്റ്റേഡിയം.

ഇവ കൂടാതെ ശ്രീപാദം സ്റ്റേഡിയം (ആറ്റിങ്ങൽ), പിരപ്പൻകോട് നീന്തൽക്കുളം എന്നിവയുടെ ബാക്കിയുള്ള നിർമ്മാണ പ്രവർത്തനങ്ങളും നാഷണൽ ഗെയിംസ് സെക്രട്ടറിയേറ്റിന്റെ മേൽനോട്ടത്തിൽ പൂർത്തീകരിക്കാൻ തീരുമാനിച്ചിട്ടുണ്ട്.

(ഡി) ഗെയിംസ് വില്ലേജ് സ്ഥാപിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദീകരിക്കുമോ ?

(ഡി) തിരുവനന്തപുരം ആക്കുളത്ത് കേരള സ്റ്റേറ്റ് ഹൗസിംഗ് ബോർഡിന്റെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് സ്വകാര്യ പങ്കാളിത്തത്തോടെ ഗെയിംസ് വില്ലേജ് നിർമ്മാണം ആരംഭിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ.81 — 3.3.2010ൽ മറുപടിയ്ക്ക്

**മാരക രോഗബാധിതരായ 18 വയസ്സു വരെയുള്ളവർക്ക് സൗജന്യ ചികിത്സാ പദ്ധതി**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ടി.പി.കുഞ്ഞുണ്ണി:<br>ശ്രീ.ബാബു.എം.പാലിശ്ശേരി:<br>ശ്രീ.എ.സി.മൊയ്തീൻ:<br>ശ്രീ.കെ.കുഞ്ഞമ്മത് മാസ്റ്റർ:<br>ശ്രീ.കെ.സി.കുഞ്ഞിരാമൻ: | ശ്രീമതി.പി.കെ.ശ്രീമതി ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | മാരക രോഗബാധിതരായ 18 വയസ്സു വരെയുള്ളവർക്ക് പൂർണ്ണമായും സൗജന്യ ചികിത്സ നൽകാനുള്ള പദ്ധതിയുടെ വിശദാംശം നൽകുമോ; | (എ) | മാരക രോഗം ബാധിച്ച കുട്ടികളുടെ ചികിത്സാ ചിലവ് താങ്ങാനാവാതെ ദുരിതം അനുഭവിക്കുന്ന കുടുംബങ്ങളെ സഹായിക്കുക എന്ന ലക്ഷ്യത്തോടെ 2010 ജനുവരി ഒന്ന് മുതലാണ് കുട്ടികൾക്ക് സൗജന്യ ചികിത്സാ പദ്ധതി നടപ്പിലാക്കിയത് . 18 വയസ്വരെയുള്ള ക്യാൻസർ ബാധിതരായ കുട്ടികൾക്ക് കഴിഞ്ഞ വർഷം മുതൽ സൗജന്യ ചികിത്സ നൽകിവരികയാണ്. ഇതിനകം 850 കുട്ടികൾക്കായി 2.25 കോടി രൂപയുടെ ധനസഹായം നൽകിയിട്ടുണ്ട്. ശ്രീചിത്രാ മെഡിക്കൽ സെൻറർ, ആർ.സി.സി., തിരുവനന്തപുരം, മലബാർ ക്യാൻസർ സെന്റർ, തലശ്ശേരി, ഗവ. മെഡിക്കൽ കോളേജുകൾ, എസ്.എ.റ്റി. ആശുപത്രി, തിരുവനന്തപുരം എന്നിവിടങ്ങളിൽ |

| | | | |
|---|---|---|---|
| | | | ഡയാലിസിസിനും ശസ്ത്രക്രീയയ്ക്കും വിധേയരാകുന്നവരും ജനറൽ വാർഡുകളിൽ പ്രവേശിപ്പിക്കപ്പെടുന്നവരുമായ 18 വയസ്സിന് താഴെയുള്ള രോഗികൾക്ക് പൂർണ്ണമായും സൗജന്യ ചികിത്സ നൽകും. വാർഷിക കുടുംബ വരുമാനം രണ്ടു ലക്ഷത്തിൽ അധികമല്ലാത്ത കുടുംബങ്ങളിലെ 18 വയസ്സുവരെയുള്ള കുട്ടികൾക്കാണ് ഈ സ്കീം പ്രകാരം സൗജന്യമായി ചികിത്സാ സഹായം ലഭിക്കുക. രണ്ട് ലക്ഷം രൂപയിൽ കൂടുതൽ വരുമാനമുള്ള കുടുംബത്തിലെ കുട്ടികളുടെ കേസുകൾ ബന്ധപ്പെട്ട ആശുപത്രി സൂപ്രണ്ടിന്റെയും ചികിത്സിയ്ക്കുന്ന ഡോക്ടറുടെയും റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ കേരള സാമൂഹ്യ സുരക്ഷാ മിഷന്റെ ഗവേണിംഗ് ബോഡി പരിശോധിച്ച് തീരുമാനിക്കുന്നതാണ്. |
| (ബി) | പദ്ധതി നടപ്പാക്കുന്നതിനായി മെഡിക്കൽ കോളേജുകൾക്കും മറ്റ് അംഗീകൃത മെഡിക്കൽ കേന്ദ്രങ്ങൾക്കും കൂടുതലായി എന്തെല്ലാം സഹായങ്ങളാണ് അനുവദിക്കുന്നത്; | (ബി) | തിരഞ്ഞെടുക്കുന്ന ആശുപത്രികൾക്ക് 10 ലക്ഷം രൂപ വീതം ഈ പദ്ധതി നടപ്പിലാക്കുന്നതിനായി കേരള സാമൂഹ്യ സുരക്ഷാ മിഷൻ അഡ്വാൻസ് നൽകുന്നതാണ്. തുക ഉപയോഗിക്കുന്നതനുസരിച്ച് കൂടുതൽ അനുവദിക്കുന്നതാണ്. |

| | | | |
|---|---|---|---|
| (സി) | ശാരീരികവും മാനസികവുമായ വൈകല്യങ്ങളാൽ ശയ്യാവലംബരായ രോഗികളുടെ ചികിത്സക്കായി പ്രത്യേക പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (സി) | ഇതിനായി " ആശ്വാസകിരണം " എന്ന പദ്ധതി ആവിഷ്ക്കരിച്ചു വരുന്നു. സംസ്ഥാനത്ത് ഈ അവസ്ഥയിലുള്ള എത്ര രോഗികൾ ഉണ്ടെന്ന് കണക്കാക്കി വരുന്നു. |
| (ഡി) | സംസ്ഥാനത്ത് ഈ അവസ്ഥയിലുള്ള എത്ര രോഗികൾ ഉണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ; | (ഡി) | |
| (ഇ) | ഇത്തരം രോഗികളെ പരിചരിക്കുന്നവർക്ക് സഹായധനം നൽകാൻ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ? | (ഇ) | കാസർഗോഡ് ജില്ലയിൽ എൻഡോസൾഫാൻ ഉപയോഗം മൂലം ശയ്യാവലംബരായ രോഗികളെ പരിചരിക്കുന്ന ഒരു ബന്ധുവിന് പ്രതിമാസം 250/- രൂപ സഹായധനം നൽകുന്നതിന് തീരുമാനമായിട്ടുണ്ട്. ഈ ഗുണഭോക്താക്കളുടെ ലിസ്റ്റ് കാസർഗോഡ് ജില്ലാ കളക്ടറിൽ നിന്നും ശേഖരിച്ചു വരുന്നു. |

R. Vijayakumar

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ

## പതിനാലാംസമ്മേളനം

| നക്ഷത്രചിഹ്നമിട്ട ചോദ്യം നം.62 | 03/03/2010-ൽ മറുപടിയ്ക്ക് |
|---|---|

### റഫറൽ മെഡിക്കൽ കോളേജുകളിലെ ചികിത്സാ സംവിധാനങ്ങൾ മെച്ചപ്പെടുത്താൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.എം. മാണി | ശ്രീമതി.പി.കെ.ശ്രീമതി ടീച്ചർ (ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പ് മന്ത്രി) |

| | ചോദ്യം | ഉത്തരം |
|---|---|---|
| (എ) | സംസ്ഥാനത്തെ ഏതെല്ലാം മെഡിക്കൽ കോളേജുകളെയാണ് റഫറൽ ആശുപത്രികളായി ഉയർത്തിയതെന്ന് വ്യക്തമാക്കുമോ ; | (എ) സംസ്ഥാനത്തെ എല്ലാ സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രികളെയും റഫറൽ ആശുപത്രികളാക്കി ഉയർത്തിയിട്ടുണ്ട്. |
| (ബി) | ഈ ആശുപത്രികളിൽ ഏതെല്ലാം ചികിത്സാസൗകര്യങ്ങളാണ് ഇപ്പോൾ നിലവിലുള്ളത് ; | (ബി) ഈ ആശുപത്രികളിൽ നൂതന രോഗ നിർണ്ണയ രീതികൾ, അത്യാധുനിക ചികിത്സാ സൗകര്യങ്ങൾ, സങ്കീർണ്ണമായ ശസ്ത്രക്രിയാ സൗകര്യങ്ങൾ തുടങ്ങിയവ ലഭ്യമാണ്. |
| (സി) | ഈ ചികിത്സാസൗകര്യത്തിനുള്ള ഡോക്ടർമാരും പാരാ മെഡിക്കൽ സ്റ്റാഫും ഇപ്പോൾ ഉണ്ടോയെന്ന് വ്യക്തമാക്കുമോ ; | (സി) & (ഡി) ഈ ആശുപത്രികളിൽ ആവശ്യത്തിനുള്ള ഡോക്ടർമാരും പാരാമെഡിക്കൽ സ്റ്റാഫും നിലവിലുണ്ട്. ഒഴിവുകൾ ഉണ്ടാകുന്ന മുറയ്ക്ക് അത് നികത്താനുള്ള നടപടികളും സ്വീകരിച്ചു വരുന്നു. |
| (ഡി) | ഇല്ലെങ്കിൽ അവരുടെ എത്ര ഒഴിവുകൾ ഉണ്ട് ; ഈ ഒഴിവുകൾ നികത്താൻ നാളിതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ | |
| (ഇ) | റഫറൽ ആശുപത്രികളിലെ ഡോക്ടർമാർ ആരെങ്കിലും സ്വയം വിരമിക്കുന്നതിന് അപേക്ഷ നൽകിയിട്ടുണ്ടോ ; | (ഇ) & (എഫ്) ഉണ്ട്. ചില ഡോക്ടർമാർ അപേക്ഷ നൽകിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വിശദ വിവരം ശേഖരിച്ചു വരുന്നു. |
| (എഫ്) | എങ്കിൽ അവരുടെ വിശദാംശം ലഭ്യമാക്കുമോ ; | |

| | |
|---|---|
| (ജി) റഫറൽ മെഡിക്കൽ കോളേജുകളിലെ ചികിത്സാ സംവിധാനങ്ങൾ മെച്ചപ്പെടുത്തുവാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ? | (ജി) മെഡിക്കൽ കോളേജ് ആശുപത്രികളിലെ ചികിത്സാ സംവിധാനങ്ങൾമെച്ചപ്പെടുത്താനുള്ള നടപടികൾ ഇതിനകം തന്നെ സ്വീകരിച്ച് കഴിഞ്ഞിട്ടുണ്ട്. കോട്ടയം മെഡിക്കൽ കോളേജിൽ കാത്ത് ലാബ്, സി.റ്റി. സ്കാൻ എന്നിവയും, എം.ആർ.ഐ. സ്കാൻ, ആഗ്മെന്റേഷൻ ഡയാലിസിസ് യൂണിറ്റ് തുടങ്ങി നിരവധി ആധുനിക ഉപകരണങ്ങൾ വാങ്ങുകയും ഒട്ടേറെ വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. തൃശ്ശൂർ മെഡിക്കൽ കോളേജിൽ പുതിയ 400 ബെഡ്ഡുകളുള്ള ആശുപത്രിയുടേയും അനുബന്ധ കെട്ടിടങ്ങളുടേയും പണി പൂർത്തിയായി വരുന്നു. കോഴിക്കോട് മെഡിക്കൽ കോളേജിൽ പുതിയ സൂപ്പർ സ്പെഷ്യാലിറ്റി വിഭാഗം പ്രവർത്തനം ആരംഭിക്കുകയും ഡിജിറ്റൽ എക്സ്റേ ഉൾപ്പെടെയുള്ള നിരവധി ആധുനിക ഉപകരണങ്ങൾ ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ മെഡിക്കൽ കോളേജുകളിലും. ദന്തൽ കോളേജുകളിലും റസിഡൻസി സമ്പ്രദായം നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. തിരുവനന്തപുരം മെഡിക്കൽ കോളേജിൽ പുതിയ സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്കിന്റെ നിർമ്മാണ പ്രവർത്തനം അന്തിമ ഘട്ടത്തിലാണ്. ആലപ്പുഴ മെഡിക്കൽ കോളേജ് പുതിയ കെട്ടിട സമുച്ചയത്തിലേക്ക് പൂർണ്ണമായി മാറ്റുകയും നിരവധി ആധുനിക ഉപകരണങ്ങൾ ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ.83 | 03-03-2010-ൽ മറുപടിയ്ക്ക്

കായിക വിദ്യാഭ്യാസം മെച്ചപ്പെടുത്താൻ നടപടി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ:<br>ശ്രീ.കെ.വി.അബ്ദുൾ ഖാദർ:<br>ശ്രീ.കെ.ടി.ജലീൽ:<br>ശ്രീ.എ.പ്രദീപ് കുമാർ:<br>ശ്രീ.എം.പ്രകാശൻ മാസ്റ്റർ: | ശ്രീ.എം.വിജയകുമാർ<br>(നിയമവും പാർലമെന്ററി കാര്യവും സ്പോർട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പു മന്ത്രി) |
| (എ)<br>കായിക വിദ്യാഭ്യാസത്തിന് സംസ്ഥാനത്ത് നിലവിലുള്ള സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | (എ) ഉണ്ട്.<br>ഇതിന്റെ ഭാഗമായി കായിക വിദ്യാഭ്യാസം സംസ്ഥാനത്ത് പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുകയും സിലബസും അദ്ധ്യാപകർക്കുള്ള കൈപ്പുസ്തകവും തയ്യാറാക്കി അദ്ധ്യാപകർക്ക് പരിശീലനം നൽകുന്നതിനായി മോഡ്യൂൾ തയ്യാറാക്കുന്നതിന് ഒരു കമ്മിറ്റിയ്ക്ക് രൂപം നൽകുകയും ചെയ്തിട്ടുണ്ട്. അപ്പർ പ്രൈമറി മുതൽ ഹയർ സെക്കന്ററി തലം വരെയുള്ള മുഴുവൻ വിദ്യാർത്ഥികൾക്കും കായികാദ്ധ്യാപകരുടെ സേവനം ഘട്ടംഘട്ടമായി ലഭ്യമാക്കുന്നതിനായി സ്കൂളുകൾ ക്ലബ്ബു ചെയ്ത് കായികാദ്ധ്യാപകരുടെ സേവനം സാദ്ധ്യമാക്കുന്നതിന്റെ സാദ്ധ്യത പരിശോധിച്ചു വരുന്നു. |

| | | |
|---|---|---|
| | | ഇപ്പോൾ സ്കൂളുകളിൽ നിലവിലുള്ള കളിസ്ഥലങ്ങൾ നില നിർത്തുന്നതിനും, കളിസ്ഥലം ഇല്ലാത്ത സ്കൂളുകൾക്ക് എത്രയും വേഗം കളിസ്ഥലം ഉണ്ടാക്കുന്നതിനും നടപടി സ്വീകരിച്ചു വരുന്നു. കൂടാതെ നിലവിലുള്ള കളിസ്ഥലങ്ങൾ കളിസ്ഥലങ്ങളില്ലാത്ത. തൊട്ടടുത്ത സ്കൂളുകൾക്കും കൂടി ഉപയോഗപ്പെടുത്തുന്നതിനും ഉദ്ദേശിക്കുന്നു. |
| (ബി) അന്തർദേശീയ മത്സരങ്ങൾക്ക് തയ്യാറെടുക്കുന്നതിന് കേരളത്തിലെ അത്‌ലറ്റുകൾക്ക് സൗകര്യമൊരുക്കുന്നത് സംബന്ധിച്ച് ഒളിമ്പ്യൻ സുരേഷ് ബാബുവിന്റെ നേതൃത്വത്തിലുള്ള സമിതി സമർപ്പിച്ച നിർദ്ദേശങ്ങൾ | (ബി) | അന്തർദേശീയ മത്സരങ്ങൾക്ക് തയ്യാറെടുപ്പുകൾ നടത്താൻ മികച്ച സൗകര്യങ്ങൾ കേരളത്തിലെ അത്‌ലറ്റുകൾക്ക് ലഭ്യമാക്കുക എന്ന ഉദ്ദേശത്തോടു കൂടി ഒളിമ്പ്യൻ സുരേഷ് ബാബുവിന്റെ നേതൃത്വത്തിലുള്ള സമിതി താഴെ പറയുന്ന ശുപാർശകൾ അടങ്ങുന്ന പ്രാഥമിക റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. |
| എന്തെല്ലാമാണെന്ന് അറിയിക്കുമോ; പ്രസ്തുത നിർദ്ദേശങ്ങൾ സർക്കാർ അംഗീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | | 1. തലസ്ഥാനം കേന്ദ്രമാക്കി ഒരു എലൈറ്റ് അത്‌ലറ്റിക് ട്രെയിനിംഗ് സെന്ററും (EATC) മൂന്നാർ, എറണാകുളം എന്നീ സ്ഥലങ്ങളിൽ ഉപ അത്‌ലറ്റിക് ട്രെയിനിംഗ് സെന്ററുകളും തുടങ്ങേണ്ടതാണ്. |

2. പുരുഷവനിതാ ലോംഗ്ജംപ്, 400 മീറ്റർ, 800 മീറ്റർ, 1500 മീറ്റർ, 400 മീറ്റർ ഹർഡിൽസ്, ട്രിപ്പിൾ ജംപ്, പുരുഷൻമാർക്കുള്ള ഡക്കാത്തലൺ, വനിതകൾക്കുള്ള ഹെപ്റ്റാത്തലൺ . എന്നീ മത്സര ഇനങ്ങളിൽ കേന്ദ്രീകരിച്ചുവേണം EATC യുടെ പരിശീലനം നൽകേണ്ടത്.

3. ഇ.എ.റ്റി.സി.യുടെ സുഗമമായ പ്രവർത്തനത്തിനായി ഇതിനെ ഒരു പ്രത്യേക ട്രസ്റ്റിന്റെ കീഴിൽ കൊണ്ടു വരണം.

4. പരിശീലനത്തിനായി വിദേശ കോച്ചുകളെ നിയമിക്കണം.

5. മികച്ച അടിസ്ഥാന സൗകര്യങ്ങൾ ഇ.എ.റ്റി.സി.സെന്ററിനു വേണ്ടി ഒരുക്കണം.

മേൽ ശിപാർശകൾ സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

(സി) പരിശീലന മേൽനോട്ടത്തിനായി ദേശീയ തലത്തിൽ മികവ് തെളിയിച്ച കോച്ചുകളുടെ സേവനം പ്രയോജനപ്പെടുത്തുമോ;

(സി) പ്രയോജനപ്പെടുത്തുന്നതാണ്

(ഡി) അത്‌ലറ്റ്സ് ട്രെയിനിംഗ് സെന്ററിന്റെ പ്രവർത്തനം എന്നത്തേക്ക് ആരംഭിക്കുമെന്ന് വെളിപ്പെടുത്തുമോ ?

(ഡി) ഇക്കാര്യത്തിൽ തീരുമാനമായിട്ടില്ല.

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : * 84 — 03.03.2010-ൽ മറുപടിക്ക്.

### പൊതുമേഖലയിലെ കേന്ദ്ര നിക്ഷേപം

**ചോദ്യം**

ശ്രീ. കെ. അച്ചുതൻ :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. ടി.എൻ. പ്രതാപൻ :

(എ) സംസ്ഥാനത്തിന്റെ പൊതുമേഖലയിലെ കേന്ദ്ര നിക്ഷേപം ഗണ്യമായി വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) പൊതുമേഖലയിലെ സമാന സ്വഭാവമുള്ള ചെറുകിട സ്ഥാപനങ്ങളെ ഏകോപിപ്പിച്ച് വൻ വ്യവസായങ്ങളാക്കി മാറ്റാൻ എന്തെങ്കിലും പദ്ധതി പ്രഖ്യാപിച്ചിട്ടുണ്ടോ ;

(സി) ഇതിനായി എന്തെല്ലാം നടപടികളാണ് കൈക്കൊ--ണ്ടിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

**ഉത്തരം**

ശ്രീ. എളമരം കരീം
(വ്യവസായ വകുപ്പ് മന്ത്രി)

(എ) സംസ്ഥാനത്ത് കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുടെ നിക്ഷേപം വർദ്ധിപ്പിക്കുന്നതിന് ശ്രദ്ധേയമായ കർമ്മ പരിപാടികൾ ആവിഷ്ക്കരിച്ചിട്ടുണ്ട്.

ഏറ്റവും മികച്ച കേന്ദ്ര പൊതുമേഖലാ സ്ഥാപന -ങ്ങളായ ഹിന്ദുസ്ഥാൻ എയ്റോനോട്ടിക്സ് ലിമിറ്റഡ്, ഭാരത് എർത്ത് മൂവേഴ്സ് ലിമിറ്റഡ് (ബി.ഇ.എം.എൽ), ഭാരത് ഇലക്ട്രിക്കൽസ് ലിമിറ്റഡ് (ബി.ഇ.എൽ) എന്നീ പൊതുമേഖലാ സ്ഥാപനങ്ങൾ നേരിട്ട് അവരുടെ യൂണിറ്റുകൾ തുടങ്ങുന്നുണ്ട്. കൂടാതെ നാഷണൽ തെർമൽ പവ്വർ കോർപ്പറേഷൻ (എൻ.ടി.പി.സി), ഗ്യാസ് അതോറിറ്റി ഓഫ് ഇൻഡ്യ ലിമിറ്റഡ് (ഗയിൽ), ഭാരത് ഹെവി എഞ്ചിനീയറിംഗ് ലിമിറ്റഡ് (ബി.എച്ച്.ഇ.എൽ), സ്റ്റീൽ അതോറിറ്റി ഓഫ് ഇൻഡ്യ ലിമിറ്റഡ് (സെയിൽ) എന്നീ കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങൾ സംസ്ഥാന സർക്കാർ പൊതുമേഖലാ സ്ഥാപനങ്ങളുമായി ചേർന്ന് സംയുക്ത സംരംഭങ്ങൾ തുടങ്ങി.

റെയിൽവേയുമായി ചേർന്ന് ഓട്ടോകാസ്റ്റ് ഒരു ജോയിന്റ് വെഞ്ച്വർ കമ്പനിക്ക് രൂപം നൽകി വരുന്നു.

ഏതാണ്ട് 30 വർഷങ്ങൾക്കു ശേഷം ആദ്യമായി കാര്യമായ പൊതുമേഖലാ നിക്ഷേപങ്ങൾ സംസ്ഥാനത്ത് കൊണ്ടുവരുന്നതിന് ഈ സർക്കാരിന് കഴിഞ്ഞിട്ടുണ്ട്.

(ബി)-.യും (സി)-യും

പൊതുമേഖലയിൽ സമാന സ്വഭാവമുള്ള കമ്പനികളെ ഒന്നാക്കാനുള്ള നടപടി ക്രമങ്ങൾ പുരോഗമിക്കുകയാണ്. ഇതിനു മുന്നോടിയായി കെൽട്രോണിന്റെ കണ്ണൂർ യൂണിറ്റുകൾ ഒന്നാക്കിക്കഴിഞ്ഞു. മറ്റ് പൊതുമേഖലാ സ്ഥാപനങ്ങളെ ഏകോപിപ്പിക്കുന്ന പ്രവർത്തനങ്ങൾ പുരോഗതിയിലാണ്.

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : * 85

03.03.2010-ൽ മറുപടിക്ക്.

### അതിവേഗ റെയിൽ കോറിഡോർ സ്ഥാപിക്കുന്നതിനുള്ള നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ.കെ. ചന്ദ്രൻ :<br>ശ്രീ. എൻ. അനിരുദ്ധൻ :<br>ശ്രീ. രാജാജി മാത്യു തോമസ് :<br>ശ്രീ. കെ. രാജു :<br>ശ്രീ. പി. തിലോത്തമൻ : | ശ്രീ. എളമരം കരീം<br>(വ്യവസായ വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് അതിവേഗ റെയിൽ കോറിഡോർ സ്ഥാപിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടോ ; | (എ) തിരുവനന്തപുരം-കാസർഗോഡ് തമ്മിലും, കൊച്ചി-പാലക്കാട് തമ്മിലും ബന്ധിപ്പിക്കുന്ന അതിവേഗ റെയിൽ കോറിഡോർ സ്ഥാപിക്കുന്നതിന് 15.02.2010-ലെ ജി.ഒ. (എം.എസ്) 28/2010/വ്യവ. ഉത്തരവ് പ്രകാരം സർക്കാർ തീരുമാനിച്ചിട്ടുണ്ട്. |
| (ബി) എങ്കിൽ ഇതിനുള്ള പ്രാഥമിക പഠനം ആരംഭിച്ചിട്ടുണ്ടോ ; വിശദാംശം വ്യക്തമാക്കുമോ ; | (ബി) അതിവേഗ റെയിൽ കോറിഡോർ സ്ഥാപിക്കുന്നതിനുള്ള പ്രാഥമിക പഠനം നടത്തുവാനുള്ള നടപടിക്രമങ്ങൾ ആരംഭിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിയെപ്പറ്റി പ്രാഥമിക പഠനം നടത്തുവാനായി ഡൽഹി മെട്രോ റെയിൽ കോർപ്പറേഷനെ (DMRC) ചുമതലപ്പെടുത്തുന്നതിനായി സർക്കാർ തീരുമാനം ആയിട്ടുണ്ട്. |
| (സി) പ്രസ്തുത അതിവേഗ റെയിൽ കോറിഡോർ എവിടെയെല്ലാമാണ് സ്ഥാപിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (സി) അതിവേഗ റെയിൽ കോറിഡോർ തിരുവനന്തപുരവും കാസർഗോഡും തമ്മിലും, കൊച്ചിയും പാലക്കാടും തമ്മിലും ബന്ധിപ്പിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

95

പന്ത്രണ്ടാം കേരള നിയമസഭ
പതിനാലാം സമ്മേളനം

| നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.86 | 3.3.2010 ൽ മറുപടിക്ക് |
|---|---|

ജോലിക്ക് ഹാജരാകാത്ത ഡോക്ടർമാർ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. മഞ്ഞളാംകുഴി അലി:<br>ശ്രീ. വി. ചെന്താമരാക്ഷൻ:<br>ശ്രീ. പി.കൃഷ്ണപ്രസാദ്:<br>ശ്രീ. മുരളി പെരുനെല്ലി:<br>ശ്രീമതി കെ.എസ്. സലീഖ: | ശ്രീമതി. പി.കെ.ശ്രീമതി ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യക്ഷേമവും<br>വകുപ്പു മന്ത്രി) |

| | |
|---|---|
| എ) അനധികൃതമായി ജോലിക്ക് ഹാജരാകാത്ത ഡോക്ടർമാർക്കെതിരെ ഈ സർക്കാർ വന്നശേഷം സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | എ) അനധികൃതമായി ജോലിക്ക് ഹാജരാകാത്ത ഡോക്ടർമാർക്കെതിരെ പിരിച്ചുവിടൽ ഉൾപ്പെടെയുള്ള അച്ചടക്കനടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| ബി) അനധികൃതമായി ജോലിക്ക് ഹാജരാകാത്ത എത്ര ഡോക്ടർമാരാണ് ഇപ്പോൾ ഉള്ളത്; | ബി) ആരോഗ്യവകുപ്പിൽ 490-ഉം മെഡിക്കൽ വിദ്യാഭ്യാസവകുപ്പിൽ 78-ഉം ഡോക്ടർമാർ അനധികൃതമായി ജോലിക്ക് ഹാജരാകാത്തവരായി കണ്ടെത്തിയിട്ടുണ്ട്. ആയുർവ്വേദ, ഹോമിയോപ്പതിവകുപ്പുകളിൽ രണ്ടു വീതം ഡോക്ടർമാരെ അനധികൃതമായി ജോലിക്ക് ഹാജരാകാത്തവരായി കണ്ടെത്തിയിട്ടുണ്ട്. കൂടാതെ രാജിക്കത്ത് നൽകിയ ഡോക്ടർമാരുടെ കാര്യത്തിലും നടപടികൾ സ്വീകരിച്ചു വരുന്നു. |
| സി) ഇവർക്കെതിരെ എന്ത് നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ; | സി) കാരണം കാണിക്കൽ നോട്ടീസ് നൽകുകയും സർവ്വീസ് ചട്ടങ്ങൾ അനുസരിച്ചുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തു വരുന്നു. |
| ഡി)സംസ്ഥാനത്തെ ആശുപത്രികളിൽ ഡോക്ടർമാരുടെ എത്ര തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നുവെന്ന് വെളിപ്പെടുത്തുമോ; | ഡി) ആരോഗ്യവകുപ്പിൽ 184 അസിസ്റ്റന്റ് സർജൻമാർ, മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ 517 -ഉം ആയുർവ്വേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ 53-ഉം ഭാരതീയ ചികിത്സാവകുപ്പിൽ 6 ഒഴിവുകളും നിലവിലുണ്ട്. ഹോമിയോപ്പതിവകുപ്പിന് കീഴിലുള്ള ആശുപത്രികളിൽ ഒന്നിലും ഡോക്ടർമാരുടെ ഒഴിവുകളില്ല. |
| ഇ) ഒഴിവുകൾ നികത്തുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കുമോ? | ഇ) പി.എസ്.സി വഴി നിയമനം നടത്തിയും പ്രൊമോഷൻ നൽകിയും ഒഴിഞ്ഞുകിടക്കുന്ന തസ്തികകൾ നികത്താൻ നടപടി സ്വീകരിച്ചുവരുന്നു. കൂടാതെ എൻ.ആർ.എച്ച്.എം. മുഖേന കരാർ അടിസ്ഥാനത്തിൽ ഡോക്ടർമാരെ നിയമിച്ചു വരുന്നുണ്ട്. |

Sd/-
സെക്ഷൻ ഓഫീസർ

<u>പന്ത്രണ്ടാം കേരള നിയമസഭ</u>

<u>പതിനാലാം സമ്മേളനം</u>

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 87 — 03/03/2010-ൽ മറുപടിയ്ക്ക്

## <u>പാലിയേറ്റീവ് കെയർ</u>

| <u>ചോദ്യം</u> | <u>മറുപടി</u> |
|---|---|
| ശ്രീ. തോമസ് ചാഴികാടൻ:<br>ശ്രീ. റോഷി അഗസ്റ്റിൻ<br>ശ്രീ. പി.സി.ജോർജ് | ശ്രീമതി. പി.കെ. ശ്രീമതി ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി) |
| (എ) പാലിയേറ്റീവ് കെയർ രംഗത്ത് സർക്കാരിന്റെ പങ്കാളിത്തം വ്യാപിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ നൽകുമോ; | (എ) പാലിയേറ്റീവ് കെയർ രംഗത്ത് സർക്കാരിന്റെ പങ്കാളിത്തം വർദ്ധിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു. 2008 ഏപ്രിൽ മാസത്തിൽ സംസ്ഥാന സർക്കാർ പാലിയേറ്റീവ് പരിചരണ നയം പ്രഖ്യാപിച്ചതിന് തുടർച്ചയായി പാലിയേറ്റീവ് കെയർ രംഗത്ത് സർക്കാരിന്റെ പങ്കാളിത്തം വ്യാപിപ്പിക്കുന്നതിനുള്ള ചിട്ടയായ പ്രവർത്തനങ്ങൾ നടന്നു വരുന്നു. ഈ മേഖലയിൽ പ്രവർത്തിക്കുന്ന സന്നദ്ധ സംഘടനകൾക്കും, പൊതുജനങ്ങൾക്കും ഒപ്പം നിന്നുകൊണ്ട് സർക്കാർ ആശുപത്രികൾ വഴി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ രോഗികൾക്ക് മെച്ചപ്പെട്ട പരിചരണം ലഭ്യമാക്കുന്ന രീതിയിലാണ് പ്രവർത്തനങ്ങൾ നടക്കുന്നത്. ആരോഗ്യ വകുപ്പ് നടത്തേണ്ട പ്രവർത്തനങ്ങളും തദ്ദേശ സ്വയംഭരണ വകുപ്പ് വഴി നടത്തേണ്ട പ്രവർത്തനങ്ങളും വിശദീകരിച്ചുകൊണ്ട് |

| | | | |
|---|---|---|---|
| | | | ആരോഗ്യവകുപ്പ് ഡയറക്ടർ പ്രത്യേകം പ്രത്യേകം സർക്കുലറുകൾ പുറപ്പെടുവിച്ചിട്ടുണ്ട്. ആരോഗ്യ വകുപ്പിലെ ഡോക്ടർ, നഴ്സ്, നേഴ്സിംഗ് അസിസ്റ്റൻറ്, ഫാർമസിസ്റ്റ്, ഫീൽഡ് പ്രവർത്തകർ എന്നിവർക്കുള്ള ബോധവൽക്കരണ പരിപാടികളും പരിശീലനവും നടന്നു വരുന്നു. 200 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ആരോഗ്യ സ്ഥാപനങ്ങളുമായി ചേർന്ന് രോഗികളുടെ വീടുകളിൽ എത്തി പരിചരണം നൽകുന്ന ഹോം കെയർ സംവിധാനം നടപ്പിലാക്കി വരുന്നു. 200 പഞ്ചായത്തുകളിൽ കൂടി പുതുതായി ഹോം കെയർ നടത്തുന്നതിനുള്ള പ്രാരംഭപ്രവർത്തനങ്ങൾ നടന്നുവരുന്നു. എല്ലാ ജില്ലകളിലും കോഡിനേറ്റർ, ഡോക്ടർ, നഴ്സ് എന്നിവരടങ്ങുന്ന ടീം പ്രവർത്തിക്കുന്നുണ്ട്. കോഴിക്കോട് ആസ്ഥാനമായി പ്രവർത്തിക്കുന്ന ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാലിയേറ്റീവ് മെഡിസിനാണ് പ്രോജക്ടിന് ആവശ്യമായ സാങ്കേതിക നിർദ്ദേശങ്ങൾ നൽകുന്നത്. നിലവിൽ നടന്നു വരുന്ന പ്രവർത്തനങ്ങൾ സംസ്ഥാനമൊട്ടാകെ വ്യാപിപ്പിക്കുവാനാണ് സർക്കാർ ലക്ഷ്യമിടുന്നത്. |
| (ബി) | പ്രസ്തുത രംഗത്ത് നടപ്പാക്കിയ ക്രിയാത്മകമായ പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; | (ബി) | പ്രസ്തുത രംഗത്ത് നടപ്പിലാക്കിയ ക്രിയാത്മകമായ പ്രവർത്തനങ്ങൾ താഴെ പറയുന്നവയാണ്.<br><br>1) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടേയും സന്നദ്ധ സംഘടനകളുടേയും ആഭിമുഖ്യത്തിൽ പാലിയേറ്റീവ് കെയർ യൂണിറ്റുകൾ സ്ഥാപിച്ച് പ്രവർത്തനമാരംഭിച്ചു. |

2) സാന്ത്വന പരിചരണം വേണ്ടി വരുന്ന രോഗികളെ അവരുടെ വീടുകളിൽ എത്തി പരിചരണം നൽകുന്ന പെയിൻ ആൻറ് പാലിയേറ്റീവ് കെയർ യൂണിറ്റുകൾ വഴി പതിനാലായിരത്തിൽ അധികം രോഗികളെ ഒരേ സമയം പരിചരിക്കുവാൻ കഴിയുന്നുണ്ട്.

3) സാന്ത്വന പരിചരണം ആവശ്യമായ രോഗികൾക്ക് ആവശ്യമായ മരുന്നുകളുടേയും മോർഫിൻ ഉൾപ്പെടെയുള്ള വേദന നിവാരണ ഔഷധങ്ങളുടെയും ലഭ്യതയും സംഭരണവും ഉറപ്പു വരുത്തുന്നുണ്ട്.

4). സന്നദ്ധ പ്രവർത്തകർക്ക് സാന്ത്വന പരിചരണത്തിന് വേണ്ട പരിശീലനം നൽകിവരുന്നു.

5) ആരോഗ്യ രംഗത്ത് ഡോക്ടർമാർക്കും നഴ്സുമാർക്കും സാന്ത്വന പരിചരണ രംഗത്ത് ട്രെയിനിംഗ് പ്രോഗ്രാമുകൾ നടത്തി വരുന്നു. 4000 ഡോക്ടർ മാർക്കും നേഴ്സുമാർക്കും ഈ വിഷയത്തിൽ പരിശീലനം നൽകി കഴിഞ്ഞു.

6) ആരോഗ്യ രംഗത്തുള്ളവരെ പരിശീലിപ്പിക്കുന്നതിനായി സംസ്ഥാനത്ത് ഒട്ടാകെ 10 ട്രെയിനിംഗ് സെൻററുകൾ സ്ഥാപിച്ച് പ്രവർത്തനമാരംഭിച്ചു. കോഴിക്കോട് ജില്ലയിൽ ഒരു സംസ്ഥാനതല റിസോഴ്സ് ആൻറ് കോ-ഓർഡിനേഷൻ സെൻററും സാന്ത്വന പരിചരണത്തിനായി ആരംഭിച്ചു.

| | | | |
|---|---|---|---|
| (സി) | ആരോഗ്യ വകുപ്പിൻെറയും തദ്ദേശസ്വയംഭരണ സ്ഥാപന ങ്ങളുടേയും പങ്കാളിത്തം ഉറപ്പാക്കിക്കൊണ്ട് സംസ്ഥാന മൊട്ടാകെ പാലിയേറ്റിവ് കെയർ പ്രവർത്തനം ഫലപ്രദമാക്കാൻ അടിയന്തിര നടപടി സ്വീകരി ക്കുമോ? | (സി) | ആരോഗ്യ വകുപ്പ്, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, ജീവകാരുണ്യ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിട്ടുള്ള സർക്കാരിതര സംഘടനകൾ എന്നീ വിഭാഗങ്ങളെ ഏകോപിപ്പിച്ച് ഏറ്റവും മെച്ചപ്പെട്ട പരിചരണം രോഗികൾക്ക് ലഭ്യമാക്കുന്നതിനാണ് സർക്കാർ ലക്ഷ്യ മിടുന്നത്. തീരെ അവശരായവരും പ്രായാധിക്യമുള്ളവരുമായ രോഗി കളെ കേരളത്തിലുള്ള പ്രൈമറി ഹെൽത്ത് സെൻററുകൾ വഴി പരിചരിക്കുന്നതിനുള്ള സംരംഭത്തിന് തുടക്കമിട്ടു. ആയിരത്തിലധികം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് പാലിയേറ്റീവ് കെയർ സേവനം തുടങ്ങുന്നതിനുള്ള നിർദ്ദേശം സർക്കാരിൽ നിന്നും നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

# പന്ത്രണ്ടാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

| നക്ഷത്രചിഹ്നമിട്ട ചോദ്യം നം.88 | 03.03.2010 -ൽ മറുപടിയ്ക്ക് |
|---|---|

വികലാംഗ സംവരണം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ:<br>ശ്രീ. ടി.പി. കുഞ്ഞുണ്ണി:<br>ശ്രീ. കെ.സി. കുഞ്ഞിരാമൻ:<br>ശ്രീമതി. ജെ. അരുന്ധതി:<br>ശ്രീ. സി.കെ.പി. പത്മനാഭൻ: | | ശ്രീമതി.പി.കെ.ശ്രീമതി ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യ<br>ക്ഷേമവും വകുപ്പു മന്ത്രി) | |
| എ) | വികലാംഗ സംവരണം ഉറപ്പാക്കുന്നതിനും കാലതാമസം ഒഴിവാക്കുന്നതിനുമായി സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ; | എ) | സർക്കാർ ജോലിയിൽ വികലാംഗർക്ക് സംവരണം ഉറപ്പാക്കുന്നതിൻെറ ഭാഗമായി 2004 മുതലുള്ള ഇവരുടെ സംവരണ നിയമനം പബ്ലിക് സർവ്വീസ് കമ്മീഷനെ ഏല്പിച്ചിട്ടുണ്ട്. 19.07.08 ലെ സ.ഉ.(പി)നം.46/08/ സാക്ഷേവ പ്രകാരം വികലാംഗർക്കുള്ള 3% സംവരണം നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഓരോ നൂറ് ഒഴിവുകളിലേയും 33, 66, 99 ക്രമ നമ്പരുകളായുള്ള ഒഴിവുകൾ യഥാക്രമം കാഴ്ചയില്ലാത്തവർ, ബധിരർ, അസ്ഥി വൈകല്യം സംബന്ധിച്ചവർ എന്നിവർക്കായി സംവരണം ചെയ്തിട്ടുണ്ട്. ഇതനുസരിച്ച് 01.01.08 മുതൽ നിലവിൽ വന്ന റാങ്ക് ലിസ്റ്റുകളിൽ നിന്നും കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ 3% വികലാംഗ സംവരണം നല്കി ഉദ്യോഗാർത്ഥികളെ ശുപാർശ ചെയ്തു വരുന്നുണ്ട്. 2004 മുതൽ 2007 വരെ ബാക്ക്ലോഗായ വികലാംഗ നിയമനം സ്പെഷ്യൽ റിക്രൂട്ട്മെന്റ് മുഖേന നികത്തുന്നതിന് നടപടി സ്വീകരിച്ചു വരുന്നു.10.02.09 ലെ സ.ഉ.(പി) നം.11/09/ സാക്ഷേവ, 13.10.09 ലെ സ.ഉ.(പി)നം.43/09/ സാക്ഷേവ എന്നീ ഉത്തരവുകൾ പ്രകാരം ക്ലാസ് 1 മുതൽ 4 വരെയുള്ള വിഭാഗങ്ങളിൽ വികലാംഗർക്കായി നിയമിക്കപ്പെടുവാൻ അനുയോജ്യമായ കൂടുതൽ തസ്തികകൾ കണ്ടെത്തി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| ബി | ക്ലാസ് ഒന്ന്, രണ്ട് തസ്തികകളിൽ കൂടുതൽ വികലാംഗർക്ക് നിയമനം നൽകുന്ന കാര്യം പരിശോധിക്കുന്നതിന് നിയോഗിച്ചിരുന്ന കമ്മിറ്റിയുടെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | ബി & സി | ഉണ്ട്. വിദഗ്ദ്ധ സമിതിയുടെ ശുപാർശ പ്രകാരം 13.10.09 ലെ സ.ഉ.(പി)43/09/സാക്ഷേവ പ്രകാരം ക്ലാസ് 1, 2 വിഭാഗങ്ങളിൽ വികലാംഗർക്കായി 48 തസ്തികകളും ക്ലാസ് 3 വിഭാഗത്തിൽ അധികമായി 4 തസ്തികകളും കണ്ടെത്തി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി വെച്ചിട്ടുണ്ട്. |
| സി. | റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പുതുതായി എത്ര തസ്തികകളിൽ വികലാംഗർക്ക് സംവരണം നൽകുമെന്ന് വെളിപ്പെടുത്തുമോ; | | |
| ഡി | പൊതുമേഖലാ സ്ഥാപനങ്ങൾ, സ്വയംഭരണ സ്ഥാപനങ്ങൾ, സർവകലാശാലകൾ, സഹകരണ സ്ഥാപനങ്ങൾ എന്നിവയിലും 3% അനുയോജ്യമായ തസ്തികകളിൽ വികലാംഗ സംവരണം നൽകുന്നതിന് നടപടി സ്വീകരിക്കുമോ? | ഡി | 01.02.10 -ലെ സ.ഉ.(പി)8/10/ സാക്ഷേവ പ്രകാരം ഇക്കാര്യത്തിൽ നടപടി സ്വീകരിച്ചിട്ടുണ്ട്. |

[signature]

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്

## പന്ത്രണ്ടാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

| നക്ഷത്രചിഹ്നമിട്ട ചോദ്യം നം.89 | 03/03/2010-ൽ മറുപടിക്ക് |
|---|---|

### മെഡിക്കൽ കോളേജ് ആശുപത്രികളെ റഫറൽ ആശുപത്രികളാക്കിയതുമൂലം പൊതുജനങ്ങൾക്കുണ്ടായിട്ടുള്ള ബുദ്ധിമുട്ടുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.ബി. ഗണേഷ് കുമാർ :<br>ശ്രീ. തോമസ് ചാണ്ടി :<br>ശ്രീ. കെ.കെ. ഷാജു : | ശ്രീമതി.പി.കെ.ശ്രീമതി ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പ് മന്ത്രി) |

| | |
|---|---|
| (എ) സംസ്ഥാനത്തെ സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രി റഫറൽ ആശുപത്രികളാക്കിയതുമൂലം പൊതുജനങ്ങൾ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ആയത് പരിഹരിക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ; | (എ) മെഡിക്കൽ കോളേജ് ആശുപത്രികളിൽ അനാവശ്യമായ തിരക്ക് ഒഴിവാക്കുന്നതിനും രോഗികൾക്ക് മെച്ചപ്പെട്ട ചികിത്സ ലഭ്യമാക്കുന്നതിനും വേണ്ടിയാണ് മെഡിക്കൽ കോളേജ് ആശുപത്രികളെ റഫറൽ ആശുപത്രികളാക്കി ഉയർത്തിയത്. ഇതുമൂലം പൊതുജനങ്ങൾക്ക് എന്തെങ്കിലും ബുദ്ധിമുട്ടുകൾ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) മെഡിക്കൽ കോളേജ് ആശുപത്രികളെ റഫറൽ കേന്ദ്രങ്ങൾ ആക്കിയ സാഹചര്യം പരിഗണിച്ച് പി.എച്ച്.സി, സി.എച്ച്.സി, താലൂക്ക്-ജില്ലാ ആശുപത്രികൾ എന്നിവിടങ്ങളിൽ വിപുലമായ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് എന്തൊക്കെ നടപടികൾ ഉണ്ടാകുമെന്ന് വ്യക്തമാക്കുമോ ? | (ബി) പി.എച്ച്.സി, സി.എച്ച്.സി, താലൂക്ക് – ജില്ലാ ആശുപത്രികൾ എന്നിവിടങ്ങളിൽ മെച്ചപ്പെട്ട ചികിത്സാ സൗകര്യങ്ങൾ ഏർപ്പെടുത്തിയതിനു ശേഷമാണ് മെഡിക്കൽ കോളേജ് ആശുപത്രികളെ റഫറൽ ആശുപത്രികളായി ഉയർത്തിയിട്ടുള്ളത്. പി.എച്ച്.സി,സി.എച്ച്.സി, താലൂക്ക്/ജില്ലാ ആശുപത്രികൾ എന്നിവയിൽ കൂടുതൽ മെച്ചപ്പെട്ട ചികിത്സാ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള നടപടികളും കൈക്കൊണ്ടു വരുന്നു. |

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : * 90

03.03.2010-ൽ മറുപടിക്ക്.

## പ്രത്യേക സാമ്പത്തിക മേഖല

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. കെ. ശിവദാസൻ നായർ : | ശ്രീ. എളമരം കരീം (വ്യവസായ വകുപ്പ് മന്ത്രി) |
| (എ) പ്രത്യേക സാമ്പത്തിക മേഖലയിൽ ഉൾപ്പെടുത്തുന്നതിനുവേണ്ടി എത്ര വ്യവസായ സംരംഭകരുടെ അപേക്ഷകൾ ലഭ്യമായിട്ടുണ്ട് ; | (എ) വ്യവസായ വകുപ്പിൽ ഇരുപത്തിയേഴ് അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. വിശദാംശം അനുബന്ധം-I ആയി ചേർത്തിട്ടുണ്ട്. |
| (ബി) ഈ അപേക്ഷകളിന്മേൽ സംസ്ഥാന സർക്കാർ തീരുമാനം എടുത്തിട്ടുണ്ടോ ; | (ബി) മേൽ അപേക്ഷകൾ പരിശോധിച്ച ശേഷം ഉചിതമായ 16 അപേക്ഷകൾ കേന്ദ്ര സർക്കാരിലേക്ക് ശുപാർശ ചെയ്ത് അയച്ചിട്ടുണ്ട്. (അനുബന്ധം-II). |
| (സി) എത്ര അപേക്ഷകൾ അംഗീകരിച്ചിട്ടുണ്ട് ; | (സി) ഒമ്പത്. വിശദാംശം അനുബന്ധം-III ആയി ചേർത്തിട്ടുണ്ട്. |
| (ഡി) ഏതെങ്കിലും വ്യവസായങ്ങൾ ഈ പദ്ധതിയിൽ ഉൾപ്പെടുത്തി ആരംഭിച്ചിട്ടുണ്ടോ എന്നത് വിശദമാക്കാമോ ? | (ഡി) കേന്ദ്ര മന്ത്രാലയത്തിന്റെ തത്വത്തിലുള്ള അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് മാത്രമെ ഇതു സംബന്ധിച്ച് തുടർ നടപടികൾ പ്രസ്തുത സംരംഭകർ സ്വീകരിക്കുകയുള്ളു. |

സെക്ഷൻ ഓഫീസർ

അനുബന്ധം-I

## സെസ്സ് സ്ഥാപിക്കുന്നതിലേയ്ക്കായി ലഭിച്ച അപേക്ഷകൾ

| നം. | അപേക്ഷകൻ | അപേക്ഷ ലഭിച്ച തീയതി |
|---|---|---|
| 1 | മാർട്ടിൻ സെബാസ്റ്റ്യൻ, മാനേജിംഗ് പാർട്ണർ (എമിൽ & എറക്ക് ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്പേഴ്സ്) | 12.03.2008 |
| 2 | TCG അർബൻ ഇൻഫ്രാസ്ട്രക്ച്ചർ ഹോൾഡിംങ്ങ്സ് ലിമിറ്റഡ്. | 03.10.2006 |
| 3 | എം.എം. ടെക് ടവേഴ്സ്. | 11.01.2007 |
| 4 | പാർശ്വനാഥ് ഡവലപ്പേഴ്സ് ലിമിറ്റഡ്. | 25.07.2006 |
| 5 | യൂണിടെക് ലാൻഡ്- മാർക്ക് ബിൽഡേഴ്സ് (പ്രൈ) ലിമിറ്റഡ്. | 20.10.2006 |
| 6 | ടെമ്പിൾ വാലി ഫാർമ്സ് ഇൻഫ്രാസ്ട്ര ക്ച്ചർ (പ്രൈ) ലിമിറ്റഡ്. | 03.10.2006 |
| 7 | ആസ്ട്രൽ കോക്ക് & പ്രോജക്ട്സ് ലിമിറ്റഡ്. | 05.01.2007 |
| 8 | കൊച്ചിൻ ടെക്നോപാർക്ക് ലിമിറ്റഡ്. | 17.10.2006 |
| 9 | എൻ.പി.പ്രഭു, മാനേജിംഗ് ഡയറക്ടർ, ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡ്. | 21.04.2007 |
| 10 | എൽ.എം.ജെ വെയർ ഹൗസിംഗ് (പ്രൈ) ലിമിറ്റഡ്. | 28.02.2007 |
| 11 &12 | കൊച്ചിൻ ഇന്റർനാഷണൽ എയർപ്പോർട്ട് ലിമിറ്റഡ്. (2 അപേക്ഷകൾ) IT SEZ & Airport SEZ. | 25.10.2007 & 07.04.2008 |
| 13 | ഗ്രീമാക്ക് ഇൻഫ്രാസ്ട്രക്ച്ചർ എക്യുപ്മെന്റ്സ് & പ്രോജക്ട്സ് ലിമിറ്റഡ്. | 26.06.2006 |
| 14 | തൃശ്ശൂർ ടെക്നോപാർക്ക് (പ്രൈ) ലിമിറ്റഡ്. | 21.06.2007 |
| 15 | സതർലാൻഡ് ഗ്ലോബൽ സർവ്വീസസ് (പ്രൈ) ലിമിറ്റഡ്. | 22.06.2007 |
| 16 | എമ്മാർ MGF ലാൻഡ് ലിമിറ്റഡ്, കൊച്ചി. | 29.10.2007 |
| 17 | യൂണിടെക് റിയൽ എസ്റ്റേറ്റ് പ്രോജക്ട്സ്. | 06.10.2006 |
| 18 | ഓഷ്യാനസ് ഇൻഫ്രാസ്ട്രക്ച്ചർ (പ്രൈ) ലിമിറ്റഡ്. | 28.01.2008 |
| 19 &20 | അഗസ്ത്യ ബയോഫാം ഇൻഡ്യ ലിമിറ്റഡ്, കൊല്ലം & പാലക്കാട്. (2 അപേക്ഷകൾ) | 09.05.2008 & 27.05.2008 |
| 21 | ETL ഇൻഫ്രാസ്ട്രക്ച്ചർ സർവ്വീസസ് ലിമിറ്റഡ്. | 03.07.2008 |
| 22 | ഫാൽക്കൺ കണ്ടെയ്നർ ഫ്രെയിറ്റ് സ്റ്റേഷൻ . | 05.07.2008 |
| 23 | കിൻഫ്ര | 30.08.2008 |
| 24 | അറ്റ്ലക്സ് പ്രോപർട്ടീസ് പ്രൈ. ലിമിറ്റഡ്. | 10.10.2008 |
| 25 | കാർബോറൺഡം യൂണിവേഴ്സൽ ലിമിറ്റഡ്. | 18.10.2008 |
| 26 | യു.എൽ. സൈബർ പാർക്ക്. | 19.08.2009 |
| 27 | ബ്ലൂ സ്റ്റാർ റിയൽറ്റേഴ്സ് പ്രൈവറ്റ് ലിമിറ്റഡ്. | 19.11.2010 |

Sd/-

**അനുബന്ധം-II**

## കേന്ദ്ര സർക്കാരിലേക്ക് ശുപാർശ ചെയ്ത അപേക്ഷകൾ

1. ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡ്.
2. എമ്മാർ MGF ലാൻഡ് ലിമിറ്റഡ്, കൊച്ചി.
3. TCG അർബൻ ഇൻഫ്രാസ്ട്രക്ച്ചർ ഹോൾഡിംങ്സ് ലിമിറ്റഡ്.
4. പാർശ്വനാഥ് ഡവലപ്പേഴ്സ് ലിമിറ്റഡ്.
5. എം.എം. ടെക് ടവേഴ്സ്.
6. സതർലാൻഡ് ഗ്ലോബൽ സർവ്വീസസ് (പ്രൈ) ലിമിറ്റഡ്.
7. ETL ഇൻഫ്രാസ്ട്രക്ച്ചർ സർവ്വീസസ് ലിമിറ്റഡ്.
8. തൃശ്ശൂർ ടെക്നോപാർക്ക് (പ്രൈ) ലിമിറ്റഡ്.
9. കിൻഫ്ര, വാളയാർ.
10. കാർബോറണ്ടം യൂണിവേഴ്സൽ ലിമിറ്റഡ്.
11. യു.എൽ. സൈബർ പാർക്ക്.
12. ബ്ലൂ സ്റ്റാർ റിയൽറ്റേഴ്സ് പ്രൈവറ്റ് ലിമിറ്റഡ്.

13 & 14. കൊച്ചിൻ ഇന്റർനാഷ്ണൽ എയർപ്പോർട്ട് ലിമിറ്റഡ്. (2 അപേക്ഷകൾ).

15. യൂണിടെക് റിയൽ എസ്റ്റേറ്റ് പ്രോജക്ട്സ്.
16. കൊച്ചിൻ ടെക്നോപാർക്ക് ലിമിറ്റഡ്.

* * * * *

അനുബന്ധം-III

## അംഗീകാരം ലഭിച്ചവ

1) TCG അർബൻ ഇൻഫ്രാസ്ട്രക്ച്ചർ ഹോൾഡിംങ്ങ്സ് ലിമിറ്റഡ്.

2) എം.എം. ടെക് ടവേഴ്സ്.

3) പാർശ്വനാഥ് ഡവലപ്പേഴ്സ് ലിമിറ്റഡ്.

4) ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡ്.

5) സതർലാൻഡ് ഗ്ലോബൽ സർവ്വീസസ് (പ്രൈ) ലിമിറ്റഡ്.

6) എമ്മാർ MGF ലാൻഡ് ലിമിറ്റഡ്, കൊച്ചി.

7) കാർബോറണ്ടം യൂണിവേഴ്സൽ ലിമിറ്റഡ്.

8) ബ്ലൂ സ്റ്റാർ റിയൽറ്റേഴ്സ് പ്രൈവറ്റ് ലിമിറ്റഡ്.

9) യു.എൽ. സൈബർ പാർക്ക്, കോഴിക്കോട്.

* * * * * * *